# വിഷയവിവരം


പുറം

1. അദ്ധ്യക്ഷപ്രസംഗം:— വി. കൃഷ്ണൻതമ്പി ബി. ഏ. 477

2. അദ്ധ്യക്ഷപ്രസംഗനിരൂപണം:— പത്രാധിപർ 485

3. ഭക്തിപ്രഭാവശതകം:— 489
എം. രാജരാജവമ്മതമ്പുരാൻ, എം. ഏ., ബി. എൽ.

4. കിമപികാവ്യം :—സാഹിത്യപഞ്ചാനനൻ 490
പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.

5. മനോധമ്മതാരതമ്യം:—പി. അനന്തൻപിള്ള എം. ഏ. 497

6. സ്വാഗതം:—ശൂരനാട്ട കുഞ്ഞൻപിള്ള, എം. ഏ. 499

7. "പാട്ടക പാട്ടക":—വള്ളത്തോൾ 510

8. ജമ്മനിയും ഹിററ്ലരും:— 512
ഏ. ഗോപാലമേനോൻ, എം. ഏ., ബി. കാം.

9. യുവകവിപങ്ക്തി:— 525

10. പ്രാചീനദേശസംജ്ഞാകോശം:— 528

11. പുതിയ കേരളപാണിനീയം- ഒരു നിരൂപണം:— 530
പി. അനന്തൻപിള്ള എം. ഏ

12. ഗ്രന്ഥനിരൂപണം. 545

13. പത്രാധിപക്കുറിപ്പുകൾ. 547

# സഹൃദയ

പുസ്തകം ൧. | മീനം, ൧൧൧൧. | ലക്കം ൭.


## സമസ്തകേരളസാഹിത്യപരിഷത്തു്.

[ ദശമസമ്മേളനം ]

## അദ്ധ്യക്ഷപ്രസംഗം.

GRANDHASALA

വി. കൃഷ്ണൻതമ്പി ബി. ഏ.

ഭോജരാജാവിന്റെ സദസ്യരായി കാളിദാസാദി മഹാകവികൾ ഉണ്ടായിരുന്നുവെങ്കിലും എപ്പോഴും സദസ്സിന്റെ ആദ്ധ്യക്ഷ്യം അദ്ദേഹംതന്നെ വഹിച്ചുവെന്നാണു് കിംവദന്തി. മഹാമഹിമശ്രീ അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ടാകട്ടെ, ഇടക്കാലത്തുദ്ഭവിച്ച ബഹുജനനായകത്വനയം അംഗീകരിച്ചിട്ടുള്ള കാൎയ്യപരിപാടിയാണു് ആചരിക്കുവാൻ തീൎച്ചപ്പെടുത്തിയതു്. എന്നാൽ ഹിററ്ലർ, മുസോളിനി മുതലായവരുടെ ആവിർഭാവത്തോടുകൂടി വിചക്ഷണവും സ്ഥിരവും ആയ ഏകനായകത്വത്തിനു തന്നെ വീണ്ടും മേന്മയും ബഹുജനസമ്മതിയും സിദ്ധമായിരിക്കെ, തിരുമനസ്സിലെ മുൻതീരുമാനം അവിടുന്നു തന്നെ ഭേദപ്പെടുത്തുന്നതിലാണു് യുക്തി കാണുന്നതു്. എങ്കിലും ഈയുള്ളവരെ അദ്ധ്യക്ഷവേഷം കെട്ടിച്ചു കാണുന്നതിലുള്ള രസം അവിടുത്തേയ്ക്കു് ഇനിയും അവസാനിച്ചിട്ടില്ലാത്ത സ്ഥിതിക്കു് "ഏറാൻ" ചൊല്ലി അരങ്ങത്തിറങ്ങി ആവുന്ന മട്ടു് അടവുചവിട്ടുകയേ ഗതിയുള്ളുവല്ലോ. അവിടുത്തെ സാന്നിദ്ധ്യം അതിലേയ്ക്കു് ഏവനും ശക്തി നല്കുമെന്നുള്ള സ്ഥിതിക്കു് ആശങ്കക്കു കാരണവുമില്ല.

അതാതുകാലത്തെ ദൃഷ്ടി വെച്ചുകൊണ്ടു് ആകപ്പാടെ കൈരളിയുടെ സ്ഥിതി ഒന്നു പൎയ്യവേഷണം ചെയ്യുക, പൊന്തിനില്ക്കുന്ന പ്രശ്നങ്ങൾ സ്പൎശിക്കുക, പുതിയ ചിന്താപദ്ധതികൾ തുറക്കുക, എന്നിത്രയും ചെയ്തുശേഷമേ അദ്ധ്യക്ഷന്റെ യഥാൎത്ഥകൃത്യമായ മൗനാവലംബനം സ്വീകരിക്കാവൂ എന്നാണു് പരിഷത്തിലെ ചടങ്ങു്. ഈ ചടങ്ങനുസരിക്കുകയാണു് ഈ പ്രസംഗത്തിന്റെ കൃത്യം.

കേരളത്തിന്റെ പരിമാണവും ജനസംഖ്യയും നോക്കുമ്പോൾ കൈരളിക്കു സിദ്ധമായിരിക്കുന്ന സാഹിത്യം അതിവിപുലമാണ്; അതിവിശിഷ്ടമാണ്; അദ്ഭുതാവഹമായ രീതിയിൽ വിവിധപ്രസ്ഥാനങ്ങളാൽ ശാഖോപശാഖമാണ്. ഇത്ര കുറച്ചാളുകൾ മാത്രം സംസാരിക്കുന്ന മറ്റൊരു ഭാഷയിലും ഇത്ര സംസ്കാരവും പാകവും ലഭിച്ച ഒരു സാഹിത്യം കാണുന്നില്ല. ഇതിനുകാരണം, വളരെ മുൻപു മുതല്ക്കു തന്നെ കേരളീയർ ഉയർന്ന തരത്തിലുള്ള സംസ്കൃതിയും സഹൃദയത്വവും സമ്പാദിച്ചിരുന്നുവെന്നുള്ളതാണ്. സംസ്കൃതഭാഷ, ഏതാനും ദ്രാവിഡഭാഷകൾ, ഉത്തരഇൻഡ്യയിലെ ഏതാനും ഭാഷകൾ, എന്നിവ നല്ലപോലെ പഠിക്കുക എന്നുള്ളതു് കേരളത്തിൽ പണ്ടേ തുടങ്ങി ഇടക്കാലംവരെ നടപ്പുള്ള ഒരു സമ്പ്രദായമായിരുന്നു. ഇടക്കാലത്തു് ഇംഗ്ലീഷ് ആ ഭാഷകളുടെ സ്ഥാനം കൈയേറ്റു. എന്നാൽ, ഇങ്ങനെ മറ്റു ഭാഷകളിലെ സാഹിത്യം വഴിയായി സംസ്കാരം ലഭിക്കുന്നവർക്കു പലപ്പോഴും പറ്റാറുള്ളതു്, വേൽസിനും (Wales) അയർലണ്ടിനും (Ireland) പറ്റിയതുപോലെ, സ്വന്തഭാഷ വെറും അടുക്കളഭാഷയായിത്തീർന്നു് അതിലെ സാഹിത്യം ശോഷിച്ചു നശിച്ചു പോവുകയാണ്. കേരളീയർക്കാകട്ടെ, ഉദ്യോഗം ഭരിക്കുക, വാദിക്കുക, പടവെട്ടുക, കച്ചവടം നടത്തുക മുതലായതു് ഏതു ഭാഷയിലും ആകാൻ വിരോധമില്ലെങ്കിലും, ചിരിക്കുക, കരയുക, ഇണങ്ങുക, പിണങ്ങുക മുതലായതൊക്കെ സ്വന്ത ഭാഷയിൽ വേണമെന്നു് അന്നും ഇന്നും നിർബ്ബന്ധം ഉണ്ടായിരുന്നിട്ടുണ്ടു്. ഇവയാണ് സാഹിത്യത്തിനടിസ്ഥാനവും. പുതുതായി കണ്ടെത്തുന്ന ഓരോ പഴയപാട്ടും കേരളീയരുടെ ഈ പുരാതനമായ അഭിനിവേശത്തെ സ്പഷ്ടമാക്കുന്നുണ്ടു്. അതിനാൽ, കേരളീയരുടെ സ്വഭാഷാസ്നേഹമാണ് അവർക്കു ചിരന്തനമായ, ബഹുമാർഗ്ഗലബ്ധമായ സംസ്കൃതിയെ തറവാട്ടിൽ കൊണ്ടുവന്നു മുതൽക്കൂട്ടുവാൻ അവരേ പ്രേരിപ്പിച്ചതും, ഇത്ര മൈനാറിട്ടി (വിരളപക്ഷ) സമുദായമായ നമുക്കു ഇത്ര വിപുലവും വിശിഷ്ടവുമായ സാഹിത്യം സിദ്ധമാകുവാൻ ഇടയായിട്ടുള്ളതും. ഇതു് നമുക്കു് എത്രയും അഭിമാനജനകമാണ്. എന്നാൽ ഈ ഒരു വസ്തുത നമ്മുടെ സാഹിത്യത്തിന്റെ വളർച്ചയെ മറ്റൊരുവിധത്തിൽ നിയന്ത്രിച്ചുകൊണ്ടു തന്നെ ഇരിക്കും. മുൻപെന്നപോലെ ഇന്നും നമുക്കു പഠിക്കുവാനുള്ള ഭാഷ ഒന്നു്, പറയുവാനുള്ള ഭാഷ വേറൊന്നു് എന്ന വ്യത്യാസം ഉണ്ടായിരിക്കതന്നെ ചെയ്യും. പണ്ടു് സംസ്കൃതത്തിലെ തർക്കവും വേദാന്തവും വ്യാകരണവും അലങ്കാരവും പഠിച്ചു കിട്ടിയ സംസ്കാരം, മലയാളത്തിൽ രാമായണമായും കൃഷ്ണഗാഥയായും ചമ്പുക്കളായും മറ്റും പകർന്നു. ഈ ഗ്രന്ഥങ്ങളിൽ വികസിച്ചു ശോഭിച്ചുകാണുന്ന തത്വകുമസുങ്ങൾക്കു കർക്കശമായ സാധകബാധകചിന്തനം ചെയ്യുന്ന സൂത്രഭാഷ്യവും ഗദാധരീയവും ആരും മലയാളത്തിൽ എഴുതിയിട്ടില്ല. ഇന്നു് പാശ്ചാത്യരുടെ [1]Sociology യും [2]Philosophy യും [3]Poetry യും [4]History യും മറ്റും പഠിച്ചു ലഭിച്ച സംസ്കാരത്തിന്റെ സാരവും സാരസ്യവും ഊർജ്ജസ്വലങ്ങളായ ഉത്കൃഷ്ടഗ്രന്ഥങ്ങളിൽ പകർന്നുവരുന്നുണ്ടു്.

1. സമുദായശാസ്ത്രം. 2. തത്വമീമാംസ 3. കവിത. 4. ചരിത്രം.

എന്നാൽ ആ ശാസ്ത്രങ്ങളിൽ ഒരെണ്ണത്തിൻെറ ആകട്ടെ ഉദ്ഗ്രന്ഥങ്ങളെല്ലാം അതു പാടെ പകർത്തി തനിക്കുതാൻപോന്ന നില നേടാൻ കൈരളിക്കു് ഒരിക്കലും സാദ്ധ്യമല്ലതാനും. സ്വർഗ്ഗംഗയോളം ഉയൎന്നെത്താവുന്ന കൈരളീരാജഹംസിയുടെ ഉല്പ്ലവനത്തിൻെറ പരിധി പരിമിതമാണു്. അന്യഭാഷകൾ പഠിച്ചു് പല വിജ്ഞാന ശാഖകളുടേയും ശിഖരങ്ങളിൽ സ്ഥാനം പിടിച്ചു കഴിഞ്ഞിട്ടുള്ള ചില പണ്ഡിതന്മാർ, ഇനി പഠിക്കുന്നവൎക്കു് മാതൃഭാഷാ മുഖേന തന്നെ ബീ. ഏ, യോ, എം. ഏ., യോ ഒക്കെ പാസാകുന്നതാണു് അഭിമാനകരമെന്നും അതാതു വിഷയങ്ങളിൽ ഏതാനും പാഠ്യപുസ്തകങ്ങൾ എഴുതി ഉണ്ടാക്കിക്കൊണ്ടിരുന്നാൽ മതിയാകുമെന്നും ഇപ്പോഴും ഉദ്ഘോഷിച്ചു കേൾക്കാറുണ്ടു്. കേരളീയരുടെ സംസ്കൃതിയെപ്പററി പണ്ടേയുള്ള വിശ്രുതിക്കു സമൂലനാശം നേരിടുവാൻ വേറേ മാൎഗ്ഗം വേണ്ട. നമ്മുടെ സാഹിത്യത്തിൻെറ സ്വച്ഛന്ദഗതിക്കു് അതിരുകൾ ഉണ്ടെന്നുള്ള സൎവ്വപ്രത്യക്ഷമായ സംഗതി ഇവിടെ പ്രസ്താവിച്ചുവെന്നേയുള്ളൂ.

2. കൈരളിയുടെ ഇന്നത്തെ സാഹിത്യ സമ്പത്തിൻെറ നിലയെപ്പററി അല്പം ആലോചിക്കുന്നതും നമ്മുടെ കൃത്യമാണെന്നുതോന്നുന്നു. സൌകൎയ്യത്തിനുവേണ്ടി സാഹിത്യത്തെ ഇവിടെ രണ്ടിനമായി പിരിക്കുന്നു. അഭിനയം, സംഗീതം, കളികൾ, വിനോദങ്ങൾ, മുതലായവയെ ഉപജീവിച്ചുകാണുന്ന സാഹിത്യത്തെ പ്രായോഗികം എന്നു വിവക്ഷിക്കാം; അംഗിയായി, അതുതന്നെ പ്രധാനമായി, മററൊരു കലയുടെ സാഹായ്യം കൂടാതെ നില്ക്കുന്ന സാഹിത്യം ശുദ്ധസാഹിത്യമെന്നും പറയാം. (Pure and Applied Literature).സാഹിത്യദൃഷ്ട്യാ നോക്കുമ്പോൾ പരമകാഷ്ഠയിൽ എത്തുവാൻ സാദ്ധ്യമാകുന്നതു് ശുദ്ധസാഹിത്യത്തിനു മാത്രമാണല്ലൊ. അപ്രകാരമുള്ള ശുദ്ധസാഹിത്യത്തിൽ അന്തൎഭവിക്കുന്ന പല കൃതികളും ഇന്നുണ്ടായിക്കൊണ്ടുതന്നെ ഇരിക്കുന്നതു് നമുക്കു് അഭിമാനപ്രദമാണെങ്കിലും അതിൻെറ അന്തരീക്ഷം ഏററവും ക്ഷുബ്ധമായിട്ടാണു് കാണുന്നതെന്നുള്ള വസ്തുത മറക്കാനോ മറയ്ക്കാനോ തരമില്ല. പ്രസ്ഥാനഭേദങ്ങളെപ്പററിയുള്ള ചില ഉറച്ച ഇഷ്ടാനിഷ്ടങ്ങൾ നിമിത്തം പലൎക്കും പല കവിതകളും വായിക്കുവാൻതന്നെ സാധിക്കാതെകണ്ടിട്ടുണ്ടു്. ഈ പ്രസ്ഥാനവിശേഷങ്ങളുടെ സ്വഭാവത്തേയും അവയുടെ പുതുമയേയും പഴമയേയും പററി വളരെ സ്വല്പമായൊന്നു നിഷ്കൎഷിക്കുന്നതു് അസ്ഥാനത്തിലാവുകയില്ലല്ലോ. എല്ലാകൃതികളിലും എല്ലാത്തരം കവിതയുംകൂടും പ്രവേശമുണ്ടെങ്കിലും, പ്രാധാന്യമനുസരിച്ചും, സൌകൎയ്യമുദ്ദേശിച്ചും മൂന്നു പ്രസ്ഥാനഭേദങ്ങൾ ഉള്ളതായി സങ്കല്പിക്കാം. കഥനരീതിയിലും വൎണ്ണനാരീതിയിലും ഉള്ള കവിതകൾ ഒരുതരം. രസം ചിന്നിച്ചിതറുന്ന വ്യങ്ഗ്യഭംഗിയോടുകൂടി ബാഹ്യപ്രകൃതിയും ആന്തരപ്രകൃതിയും ചിത്രീകരിച്ചു് കഥാഗതിയെ സുവൎണ്ണരേഖകൾ കൊണ്ടു നമ്മുടെ ഹൃദയങ്ങളിൽ ആലേഖനം ചെയ്യുവാൻ പോരുന്ന ഈ കവികൃത്യത്തിനു് ഉത്തമോദാഹരണം രഘുവംശമാണു്. മററുപ്രസ്ഥാനങ്ങളിൽ നിന്നു് ഇതിനെ വേർതിരിക്കുന്ന സംഗ

തി കവിയുടെ മനോഭാവമാണ്. കവി അനുഭവിക്കുന്ന രസം ഒന്നുണ്ടെന്നു പറയണമെങ്കിൽ അതു് ശാന്തരസമാണ്. അവസരാനുഗുണമായി വേണ്ട ശബ്ദാൎത്ഥപരികരങ്ങളോടുകൂടി മററു രസങ്ങളെ അപ്പോഴപ്പോൾ ഈ ശാന്തരസം ആശ്രയിക്കുന്നുവെന്നേയുള്ളു. രണ്ടാമത്തെ ഒരു പ്രസ്ഥാനം ഇംഗ്ലീഷിൽ Lyric എന്നു പറയുന്നതാണ്. "ഗാഥ" എന്ന് അതിനു പേരുകൊടുക്കുന്നതിൽ ഔചിത്യം കണ്ടേയ്ക്കാം. ഒരു പ്രത്യേകപരിതഃസ്ഥിതി സങ്കല്പിച്ച് അതിൽ പെട്ട നായകന്റെയോ നായികയുടേയോ മനോഭാവത്തോടു കവി അഭേദം സമ്പാദിക്കുന്നുവെന്നതാണ് ഈ പ്രസ്ഥാനത്തിന്റെ വിശേഷം. ശിശുനാശം സംഭവിച്ച മാതാവിന്റേതാണ് പരിതഃസ്ഥിതിയെങ്കിൽ കവി ആ മാതാവിന്റെ സ്ഥാനത്തു നിന്ന് ലോകം മുഴുവൻ ശിശുവിന്റെ ലീലകളെ അനുസ്മരിപ്പിക്കുന്നതായിട്ടുതന്നെ കാണുന്നു. നരയണിഞ്ഞ തിരമാലകളും മലരണിഞ്ഞ വല്ലികളും ഉച്ചിയിൽ തലകെട്ടി പിച്ചിപ്പൂ ചൂടിയ പൈതലായി ചമയും. ഇത്തരം കവിതയുടെ പാരമ്യം മേഘദൂതിൽ കാണുന്നുണ്ടു്. നായകനായ യക്ഷന്റെ, അല്ലെങ്കിൽ കവിയുടെ ദൃഷ്ടിയിൽ പ്രകൃതി മുഴുവൻ ശൃംഗാരക്കലവിയുടെ വിവിധചിത്രങ്ങൾ മാത്രമാണ്. മേഘദൂതത്തിന്റെ അനുകരണങ്ങളിൽ ഈ രസക്കുറവു ചിലപ്പോൾ കാണുന്നുണ്ടെങ്കിൽ കവി ഈ സങ്കല്പപരിധിയിൽ നിന്നു തെററി മറിഞ്ഞു്, മാൎഗ്ഗവൎണ്ണനയിലും മററും കേവലം ഇന്നാത്തെ ഒരു യാത്രക്കാരനായിത്തീരുന്നതുകൊണ്ടാണ്. അങ്ങനെ ചെയ്യുമ്പോഴും ഏതാണ്ടൊരു കവിത്വം അവർ സമ്പാദിച്ചിരിക്കാം. എന്നാൽ അതു് കഥനരീതിയിലുള്ള കവിത്വമാണ്. Lyric Poetry യാകുന്നില്ല. മൂന്നാമത്തെ പ്രസ്ഥാനം 'Mystic' കവിതയാണ്. ഇവിടെ മിക്കവാറും ആദ്ധ്യാത്മികമായി ജീവിച്ച് അഗാധമായ ചിന്താശക്തിയോടുകൂടി ലോകരംഗത്തെ ക്രാന്തദൃഷ്ടികൊണ്ടു നിരീക്ഷണം ചെയ്യുന്ന കവിക്കു് വാക്കുകൾകൊണ്ടു് കുറിക്കാൻകഴിയാത്ത ചില അനുഭൂതികൾ സിദ്ധിക്കുന്നു. ഏതാണ്ടു് സമാനാനുഭൂതിയുള്ളവരുടെ അന്തഃകരണത്തിൽ മാത്രം അദ്ദേഹത്തിന്റെ വാക്കുകൾക്കു് ഒരു പ്രതിധ്വനി ഉണൎത്തുവാനും അത്തരം അനുഭൂതികൾ പകൎത്തുവാനും സാധിക്കും. കവി ഇവിടെ രസാതീതനാണ്. ഇത്തരത്തിലുള്ള കവിതയുടെ മെച്ചം കാണുന്നതു് ഉപനിഷത്തുകളിലാണ്. ഈയിടെ മിസ്റ്റിക് കവിത പലരുടെയും ആക്ഷേപത്തിനും ഭ്രൂക്ഷേപത്തിനും പാത്രമായിട്ടുണ്ടെങ്കിൽ അതു് അത്യുത്കൃഷ്ടമായ ഈ പ്രസ്ഥാനത്തിന്റെ കുററമല്ല.

ഇനി ഈ പ്രസ്ഥാനങ്ങൾ പ്രാചീനകവികൾക്കു് എത്രത്തോളം ആദരണിയമായി തോന്നിയിട്ടുണ്ടു് എന്നാലോചിക്കുകയാണെങ്കിൽ, മഹാഭാരതവും രാമായണവും ഈ മൂന്നുപ്രസ്ഥാനങ്ങളേയും അംഗീകരിച്ച്; വെവ്വേറായി ഇവയെ അവലംബിച്ചിട്ടുള്ള മററു കൃതികൾക്കു് ഇന്നോളം അതിശയിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത മെച്ചത്തോടുകൂടി ഏകത്ര കൂട്ടിയിണക്കിയിട്ടുണ്ടു്. ഇവയിലെ ഓരോ ഖണ്ഡവും പ്രത്യേകം പിരിച്ചെടുക്കുന്നപക്ഷം ഈ മൂന്നുപ്രസ്ഥാനങ്ങൾക്കും വിശിഷ്ടോദാഹരണങ്ങളായിരിക്കും. ഒരു ലതയിൽ ഇലയും

തളിരും പൂവും പോലെയാണു് ഈ കൃതികളിൽ ഈ മൂന്നു പ്രസ്ഥാനങ്ങളും മേളിച്ചുകാണുന്നതു്. പില്ക്കാലങ്ങളിലെ വിശകലനം നിമിത്തമുണ്ടായ ഖണ്ഡകാവ്യങ്ങൾ ഈ പ്രസ്ഥാനങ്ങളിൽ ഓരോന്നിനെ വെവ്വേറായി അനുകരിച്ചുകാണുന്നു. രണ്ടുസഹസ്രാബ്ദം മുൻപു് കാളിദാസന്റേയും, ഇന്നു് ടാഗോറിന്റേയും വാഗ്ദേവതയ്ക്കു് ഉന്മേഷം നൽകിയ ഉപനിഷദിതിഹാസാദികളിൽ പ്രസ്പഷ്ടമായ ഈ പ്രസ്ഥാനങ്ങൾക്കു് പുതുമയും പഴമയും ആരോപിച്ചുള്ള തക്കങ്ങൾ ബുദ്ധിക്കു വ്യായാമം കൊടുക്കുന്നതുകൊണ്ടുമാത്രം ആദരണീയങ്ങളാണെന്നു സാരം. ഇടക്കാലത്തുള്ള സാഹിത്യകാരന്മാൎക്കു് ഓരോ ശ്ലോകത്തിലും അലങ്കാരാദിവൈചിത്ര്യങ്ങൾ വേണമെന്നുള്ള നിർബന്ധം പോലെ എഴുതുന്നതൊക്കെ 'ലിറിക്കോ' 'മിസ്റ്റിക്കോ' ആയിരിക്കണമെന്നുള്ള ആഗ്രഹം യുക്തിയുക്തമല്ല. കഥനരീതിയും വൎണ്ണനാരീതിയും ധാരാളം കവിത്വത്തിനു് അവകാശം നൽകുന്നുമുണ്ടു്. അതു് അത്യന്തം ആവശ്യവുമാണു്. ഭാരത രാമായണാദികളുടെ സ്കന്ധങ്ങളിൽ പൊട്ടിമുളച്ചുണ്ടായ തളിരുകളും പൂക്കളുമാണു് 'ബന്ധനസ്ഥനായഅനിരുദ്ധൻ' 'ചിന്താവിഷ്ടയായ സീത' 'പിംഗള' മുതലായവ. വാല്മീകിയുടേയും വ്യാസന്റേയും സൃഷ്ടികളായ അനിരുദ്ധാദികളുടെ പരിചയമാണു് ഖണ്ഡകാവ്യങ്ങളിൽ നിന്നു് നമുക്കുണ്ടാകുന്ന രസത്തിന്റെ ഉറവു്. കൃഷ്ണഗാഥ മുതലായവയുടെ മാതൃകകൾ 'പഴഞ്ചു'നായിപ്പോയി എന്നു് ചില സ്നേഹിതന്മാരുടെ അഭിപ്രായം അറിവുള്ളതുകൊണ്ടാണു ഇത്രയും ഈ വിഷയത്തെപ്പറ്റി പറഞ്ഞതു്.

ശുദ്ധസാഹിത്യത്തിലെ ഗദ്യത്തിലേയ്ക്കു പ്രവേശിക്കുകയാണെങ്കിൽ നോവലുകളാണു് പ്രഥമഗണനീയമായിട്ടുള്ളതു്. ഇവയിൽ ചരിത്രാഖ്യായികകൾ മാത്രമേ നമുക്കു പൂൎണ്ണാഭിമാനത്തിനു വകയായിത്തീൎന്നിട്ടുള്ളു. ഇതു് നോവൽസാഹിത്യത്തിന്റെ വളൎച്ചയിൽ ആദ്യഘട്ടമേ ആയിട്ടുള്ളു. ഇന്ദുലേഖക്കും ശാരദയ്ക്കും പരമാൎത്ഥത്തിൽ സഹോദരികൾ ഉണ്ടായിട്ടില്ല. ചെറുകഥാപ്രസ്ഥാനം ആദരിച്ചു തുടങ്ങിയിട്ടുണ്ടെങ്കിലും ഉത്കൃഷ്ടമെന്നു പറയുമാറു് ചിലതേ നമുക്കു സിദ്ധിച്ചിട്ടുള്ളു. ഫലിത സാഹിത്യത്തിലും നമുക്കു വിലയേറിയ ചില കൃതികൾ ഉണ്ടു്.

3. പ്രായോഗിക സാഹിത്യം:—ശുദ്ധസാഹിത്യത്തിന്റെ മേന്മ ഇതിനു ഒരിക്കലും സംഭവിക്കയില്ലെങ്കിലും ഇതു് ഭാഷക്കു് അത്യന്താപേക്ഷിതമാണു്. എത്രയും ഇളംവയസ്സുമുതൽതന്നെ മുൻപുള്ളവർ ചൊല്ലിക്കേട്ടു് പരിചയിച്ചുപോന്നതായ താരാട്ടുപാട്ടു്, ഊഞ്ഞാൽപാട്ടു്, ഓണപ്പാട്ടു്, കല്ല്യാണക്കളിപ്പാട്ടു്, ബ്രാഹ്മണിപ്പാട്ടു്, വഞ്ചിപ്പാട്ടു്, കൃഷിപ്പാട്ടു്, തുള്ളൽപ്പാട്ടു്, കഥകളിപ്പാട്ടു്, എന്നിങ്ങനെ പലമാതിരിപാട്ടുകൾ ഉണ്ടായിരുന്നു. കേരളീയരുടെ ഏതു പ്രധാനവൃത്തിക്കും അപരിഹാര്യമായിരുന്നു പാട്ടു്. ഇങ്ങനെ ജനിച്ച വാസനയുടെ ഫലമായിട്ടാണു് കൈരളീസാഹിത്യത്തിൽ പ്രണയവും രസികത്വവും അവൎക്കു സിദ്ധമായതും ഒടുവിൽ ഉത്കൃഷ്ടങ്ങളായ കാവ്യ

ങ്ങൾ രസിക്കുവാനും ആസ്വദിക്കുവാനും അവക്കു ഇടയായതും. സർവ്വസ്പർശകമായ ശക്തിയോടുകൂടിയുള്ള ഇംഗ്ലീഷിൻേറയും, സംസ്കൃതത്തിൻേറയും, തമിഴിൻേറയും, ഈയിടെ ഹിന്ദിയുടേയും ഉപമർദ്ദം പ്രബലമായിരിക്കുന്ന ഇക്കാലത്തു് മുൻപറഞ്ഞ തരത്തിലുള്ള പ്രായോഗികസാഹിത്യം നമുക്കു പ്രത്യേകിച്ചും ആവശ്യമായിത്തീൎന്നിട്ടുണ്ടു്. എത്ര മഹാകവികൾ എത്ര അമൃതധാര പൊഴിച്ചാലും കൈരളീപ്രതിപത്തിയോടും കേരളീയ സംസ്കാരത്തോടും കൂടി വളരാത്ത കേരളീയൎക്കു് അതു് ആകൎഷകമാകാതെപോകും. അതു മനസ്സിലാക്കുവാൻ ശക്തിയില്ലാതെ പോകും. നമ്മുടെ പുരാതന പ്രായോഗിക സാഹിത്യങ്ങളിൽ പലതും ഇപ്പോൾ ഗവേഷകന്മാൎക്കുമാത്രം ആവശ്യമായിരിക്കുന്നതേയുള്ളു. മററു പലതും ക്രമേണ ക്ഷയിച്ചു് അചിരേണ അസ്തമിക്കുമെന്ന നിലയിലായിട്ടുണ്ടു്. ഒന്നും തന്നെ ഇന്നു് വേണ്ട മട്ടിൽ നിലവിലിരിക്കുന്നുമില്ല. പുതുതായി ഉണ്ടായിട്ടുള്ള പദ്ധതികൾക്കു് ഇനിയും ഉറപ്പുകിട്ടീട്ടില്ലതാനും. നമ്മുടെ സാഹിത്യത്തിന്നു് ശ്രേയസ്സ് അന്യൂനമായിത്തന്നെയിരിക്കണമെന്നു കാംക്ഷിക്കുന്ന പക്ഷം ഇത്തരം സാഹിത്യത്തിന്നു് അവലംബമായിട്ടുള്ള കലകളിൽ മേലും പോഷിപ്പിക്കാനവകാശം നല്കുന്നവയെ എല്ലാം പ്രത്യേകം ശ്രദ്ധയോടെ ഉദ്ധരിച്ചു പ്രതിഷ്ഠിക്കുകയാണു് നമ്മുടെ ആദ്യകൃത്യം. അപ്രകാരമുള്ള കലകളിൽ പ്രധാനപ്പെട്ടവയെമാത്രം ഇവിടെ ഗണിക്കുന്നു.

a. കഥകളി:— ഇന്നു് ഇതിൻേറ മേന്മയെപ്പററി പ്രസംഗിക്കേണ്ട ആവശ്യമില്ലാത്ത മട്ടിൽ അതിൻേറ യശസ്സ് വിശ്വവിശ്രുതമായിത്തീൎന്നിട്ടുണ്ടു്. അതിനു മഹാകവി വള്ളത്തോൾ ഏകനിദാനമാണു്. എന്നാൽ കഥകളിയുടെ മെച്ചമെന്താണു് ? എന്തു പുതിയ തത്വമാണു് കഥകളി കലാവിഷയമായി ലോകത്തിനു പദേശിക്കുന്നതു് എന്ന ചോദ്യത്തിനു ശരിയായ ഉത്തരമുണ്ടു്. കഥകളിയിലെ അഭിനയം ഭിന്നരീതിയിലാണെങ്കിലും, നാടകത്തിലും കാണാം. ആന, സിംഹം, ഹംസം, മുതലായവയുടെ ചമത്കാരസഹിതമായ, സൎവാംഗസഹകൃതമായ ചിത്രീകരണവും ചേഷ്ടാനുകരണവും ഈയിടെയുണ്ടായിട്ടുള്ള ചില പാശ്ചാത്യ നൃത്തങ്ങളിലും കണ്ടുവരുന്നു. എന്നാൽ ലോകത്തിൽ യാതൊരഭിനയകലയിലും കാണാത്ത ഒരു വിശേഷം കഥകളിയിലുണ്ടു്. അതായതു് അഭിനയകലയ്ക്കു് അപ്രതിഹതമായ സ്വാതന്ത്ര്യവും സമ്പൂൎണ്ണതയും കഥകളിയിലെപ്പോലെ മററെങ്ങും കാണുകയില്ല. നാടകത്തിൽ 'കൊമ്പനാന വന്നു നില്ക്കുന്നു' എന്നു് ഒരു നടൻ പറഞ്ഞാൽ വല്ലതും അഭിനയം സ്വീകരിക്കണമെങ്കിൽ അതു്, ആ വാക്കു പറഞ്ഞുകഴിയുമ്പോൾ അവസാനിപ്പിച്ചുകൊള്ളണം. അവിടെ ഓടുകയാണു് പ്രകൃതമെങ്കിൽ ഉടൻ ഓട്ടം നടിച്ചുകൊള്ളുകയും വേണം. എന്നാൽ ക്ഷണംകൊണ്ടാണെങ്കിലും ബുദ്ധികൊണ്ടും മനസ്സുകൊണ്ടും വളരെ പ്രവൃത്തികൾ അവിടെ നടക്കുന്നുണ്ടു്. ഇവ ഒക്കെവിട്ടിട്ടു് കേവലം ബാഹ്യചേഷ്ടയായ ഓട്ടം മാത്രം നടിക്കുന്നതു് യഥാൎത്ഥാഭിനയമല്ല. അഭിനയാഭാസമാണു്. കഥകളിയിലാകട്ടെ കൊമ്പനാനയുടെ ആകൃതിയും പ്രകൃതിയും മദോന്മത്തതയും അതു കണ്ടിട്ടു് ആ പാത്രത്തിനുള്ള വികാരവും ഒക്കെ അഭി

നയിച്ച് അരമണിക്കൂർ കഴിച്ചുവെന്നുവരാം. പാട്ടുകാരൻ 'കൊമ്പനാന വന്നു നിൽക്കുന്നു' എന്നു എത്ര തവണ വേണമെങ്കിലും ആവർത്തിച്ചു പാടിക്കൊള്ളും; അതായതു സാഹിത്യം അഭിനയത്തിനു ദാസ്യം വഹിച്ച് സമയം കാത്തുനിന്നുകൊള്ളും. ഇതു് രസഭംഗമല്ലേ, ഔചിത്യഭംഗമല്ലേ എന്നൊക്കെ ചോദ്യമുണ്ടാകാം. എന്നാൽ, സദസ്യർ രസിക്കുക തന്നെ ചെയ്യുന്നു. ഔചിത്യത്തിനു ലേശം ഭംഗമില്ലെന്നു് ആലോചിച്ചാൽ സ്പഷ്ടമാകും. ഒരു കുന്നിനേയും ഒരു പനയേയും ഒരു മനുഷ്യനേയും അടുത്തടുത്തു ഏതാണ്ടു ഒരേ വലിപ്പത്തിൽ തന്നെ, ചിത്രീകരിച്ചു കാണുന്ന ചൈനീസ് കപ്പുകളും ഭരണികളും തൃഷ്ണയോടെ സംഭരിക്കുന്ന പാശ്ചാത്യസഹൃദയനു് ഈ വലിപ്പച്ചെറുപ്പത്തിന്റെ കുഴപ്പം ഗണ്യമായിട്ടേ തോന്നുന്നില്ല. സർവ്വേക്കാരൻ അംഗീകരിക്കുന്ന വലിപ്പച്ചെറുപ്പമല്ല കലാകാരൻ അംഗീകരിക്കുന്നതു്. സർവ്വേക്കാരൻ ബാഹ്യദൃഷ്ടിയെ പ്രമാണമാക്കുന്നുവെങ്കിൽ കലാകാരൻ ദ്രഷ്ടാവിന്റെ മനസ്സിൽ സാകല്പിച്ചിരിക്കുന്ന പ്രാധാന്യത്തെ പ്രമാണമാക്കിയായിരിക്കാം വലിപ്പച്ചെറുപ്പം നിശ്ചയിക്കുന്നതു്. കൂടാതെ കലയെ സംബന്ധിച്ചിടത്തോളം ഹൃദയംഗമമായ സൌന്ദര്യത്തിന്റെ സന്നിധാനത്തിൽ കണക്കുകൾ ചോദ്യപ്പെടുകയില്ല. ഇങ്ങനെ അഭിനയത്തിനു സ്വാതന്ത്ര്യഗതി നല്കിയിട്ടുള്ള ഒരൊററക്കലാപ്രസ്ഥാനമാണു് കഥകളി. നൃത്തം, സംഗീതം, സാഹിത്യം എന്നീക്കലകൾക്കു് ഇതിൽ വേണ്ടുവോളം അവകാശം സിദ്ധിച്ചിട്ടുണ്ടു്. ഇപ്രകാരമുള്ള ഈ കഥകളിയെ പോഷിപ്പിക്കേണ്ടതു് നമ്മുടെ അതിപ്രധാനമായ കർമ്മമാണു്. അതിനു് ഒററ മാർഗ്ഗമേയുള്ളു. മുൻപിലത്തെപ്പോലെ ജനങ്ങൾക്കു് അതു സുലഭമാക്കിക്കൊടുക്കണം. ഏതാണ്ടന്തരിച്ചുപോയ വാസന വീണ്ടും ഉണർത്തണം. ഇങ്ങനെ വരുമ്പോൾ എത്രയോ നടന്മാർക്കും ഗായകന്മാർക്കും തൊഴിൽ കിട്ടുകയും അതിന്റെ പരിണതഫലമായി ഏതാനും ഉത്കൃഷ്ടരായ നടന്മാരും ഗായകന്മാരും എല്ലാക്കാലത്തും ഉണ്ടായിരിക്കുകയും ചെയ്യും. തിരുവനന്തപുരത്തെ കഥകളിക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ആണ്ടുതോറും രണ്ടുകാലങ്ങളിലായി പത്തുപ്പത്തു കളിവീതം നടത്തുന്ന സമ്പ്രദായം കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട നഗരങ്ങളിലും നടപ്പിൽ വരുത്തുന്നതു് മേൽപറഞ്ഞപ്രകാരം കഥകളിയെ വീണ്ടും സജീവവും പരിപുഷ്ടവുമാക്കുന്നതിനു് പര്യാപ്തമാകും.

b. തിരുവാതിരക്കളി :--സാഹിത്യദൃഷ്ട്യാ വളരെ ഉത്കൃഷ്ടങ്ങളല്ലെങ്കിലും മനോഹരങ്ങളായ തിരുവാതിരപ്പാട്ടുകൾ നമുക്കു് ഉണ്ടു്. അവയുടെ സംഖ്യ വർദ്ധിക്കണം. കളിക്കുതന്നെ പല കോട്ടങ്ങളും പററിക്കാണുന്നുണ്ടു്. വളരെ അടുത്തകാലത്തുതന്നെ നമുക്കു കണ്ടുപരിചയമുള്ള കളിയുടെ സാരസ്യവും വിലാസവും വിട്ടു് ചിലെടത്തു വെറും സർക്കസ്സുമട്ടായി പരിണമിച്ചിട്ടുണ്ടു്. ഗ്രാമ്യവും കർണ്ണാരുന്തുദവുമായ സാഹിത്യം കലർന്ന സംഗീതവും ഒട്ടുവളരെ കടന്നുകൂടീട്ടുണ്ടു്. ഏതുകാലത്തും അഭിമാനപുരസ്സരം പ്രദർശിപ്പിക്കാവുന്ന നമ്മുടെ ഒരു പ്രധാനസമ്പത്താണു് തിരുവാതിരക്കളി. നാഥനില്ലായ്മകൊണ്ടു് അതിനു വ

ന്നുകൂടിട്ടുള്ളതും അതിനെ പാടേ നശി പ്പിക്കാൻ പോരുന്നതുമായ കളങ്കങ്ങളെ എത്ര ബുദ്ധിമുട്ടിയും നാം പരിഹരിക്കേണ്ടതാണ്. അതിനുത്തമമായ മാഗ്ഗം കേരളത്തിലെ പലഭാഗങ്ങളിലുമുള്ള വിദ്ധ്വകളും വിദുഷികളുമായ മഹതിമാർ ചേൎന്ന് ഒരു യോഗംകൂടി ഈ കളിയുടെ ചുവട്ടുകൾക്കും സമ്പ്രദായങ്ങൾക്കും നല്ല മാതൃകകൾ ഏപ്പെടുത്തുകയാണ്. എന്നിട്ട് സ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് ഈ മാതൃകകളനുസരിച്ചുള്ള ശിക്ഷണം നല്കുമാറു ഏപ്പാട്ടുകൾ ചെയ്കയും വേണം.

c. സംഗീതം :—മലയാളിക്കു പാട്ടില്ലെന്നൊരു വെറും പഴിയുണ്ട്. മലയാളിക്കു മൂക്കില്ലെന്നോ മയ്യാദയില്ലെന്നോ പറയുന്നതു് ഇതിൽ കൂടുതൽ സത്യവും സഹ്യതയുമായിരിക്കും. എന്നാൽ പരക്കെ പ്രശസ്തി നേടിയ സംഗീതവിദ്വാന്മാരും വിദുഷികളും ഇന്നു നമ്മുടെ ഇടയിൽ വളരെ വിരളമാണെന്നുള്ളതു് സത്യവുമാണ്. അതിനു കാരണം നമുക്കു സ്വന്തമായിരുന്ന സംഗീതകലയെ നാം പാടേ വെടിഞ്ഞു് അന്യസമ്പ്രദായം തന്നെ അങ്ഗീകരിച്ചതാണ്. അനുകരണോപജീവനം നമ്മെ ഒരിക്കലും ഒന്നാംകിടയിലേയ്ക്കു കടത്തിവിടുകയില്ല. സകല വിധ ദാസ്യത്തിലും വെച്ചു് കലാവിഷയകമായ ദാസ്യമാണ് മനുഷ്യനെ എന്നെന്നേയ്ക്കും താഴ്ത്തുന്നതു്. പാണ്ടിയിലുള്ളവർ പടിഞ്ഞാറു തിരിഞ്ഞു് മഴയ്ക്കെന്നപോലെ നാം സംങ്ഗീതത്തിനുവേണ്ടി കിഴക്കോട്ടു തിരിഞ്ഞുനിന്നു് സഹ്യാദ്രിശിഖരങ്ങളിൽ ഉത്കണ്ഠിതങ്ങളായ ദൃഷ്ടികൾ ഉറപ്പിക്കുന്നു. സ്വാതിതിരുനാളിന്റെ കൃതികൾ, ഇരയിമ്മൻതമ്പിയുടെ കൃതികൾ, ചില കഥകളിപ്പദങ്ങൾ എന്നിവ എത്രയോ തനി മലയാളപ്പാട്ടുകച്ചേരിക്കു പോന്നവയാണ്. കറ തീൎന്ന സംഗീതശാസ്ത്രജ്ഞാനത്തിന്നു പയ്യാപ്തങ്ങളുമാണ്. ഇവയെത്തന്നെ നാം പ്രധാന്യേന അഭ്യസിക്കണം. എന്നാൽ ഏററവും ഹൃദ്യങ്ങളായ തമിഴ് തെലുങ്ക് ഹിന്ദുസ്ഥാനി മുതലായ സംഗീതരീതികളിൽ നമുക്കുള്ള അഭിനിവേശം ഒരിക്കലും വെടിയണമെന്നില്ല. മുൻപു നമ്മുടെ സ്വന്തസമ്പ്രദായത്തിൽ പരിചയം സിദ്ധിച്ചിട്ട് ഇവ പഠിക്കണമെന്നേയുള്ളു. ഈ സംഗതിയെപ്പററി വേണ്ട ചച്ച്ചെയ്തു പ്രവൃത്തിമാഗ്ഗങ്ങൾ നിശ്ചയിക്കുവാൻ മുൻപറഞ്ഞപോലെ ഒരു യോഗം ഏപ്പെടുത്തുകതന്നെവേണം.

വരമൊഴി സാഹിത്യംപോലെ വിശിഷ്ടമായ ഒരു വാമൊഴിസാഹിത്യവും നമുക്കു വളരെ മുൻപുമുതൽക്കേ ഉണ്ടായിരുന്നിട്ടുണ്ട്. ഭക്തിപ്രധാനവും ഫലിതപ്രധാനവുമായിട്ടുള്ള ഈ സാഹിത്യം, പാഠകം, കൂത്ത് മുതലായവയെ അവലംബിച്ചു കാണുന്നു. ഇപ്പോഴും നമ്മെ ഇവ അത്യന്തം രസിപ്പിക്കുന്നുണ്ടെങ്കിലും ഘോഷാസമ്പ്രദായം അങ്ഗീകരിച്ചു വളരെക്കാലം കിടന്നുപോയതുകൊണ്ടു് ഇവയ്ക്കു് കാലോചിതമായ വളച്ച സിദ്ധിക്കുവാൻ ഇടയായിട്ടില്ല. ആദശങ്ങൾക്കും ആശയങ്ങൾക്കും കാലകൃതമായി വന്നുപോയിട്ടുള്ള ഭേദങ്ങൾക്ക് ഇവയിൽ പ്രതിഫലനമേ കാണുന്നില്ല. അന്നത്തെ

സംസ്കാരത്തിൻെറ ഉച്ചസ്ഥാനത്തിൽ നിലകൊണ്ടവരാണ് ഈ കഥകപ്രസ്ഥാനം അന്ന് ആരംഭിച്ചതു്. ഇന്നത്തെ സംസ്കാരത്തോട്ട് മിക്കവാറും യാതൊരു പൊരുത്തവും പ്രദശിപ്പിക്കാത്തവരുടെ കയ്യിലാണ് ഇന്ന് അതു് സ്ഥിതിചെയ്യുന്നതു്. ഈ വിശിഷ്ടകലയെ ആകാവുന്നിടത്തോളം കാലോചിതമാക്കേണ്ടതിന്ന് നാം പ്രവത്തിക്കേണ്ടതുണ്ടു്.

തമിഴിലെ സംഗീതസാഹിത്യഘടിതമായ ഹരികഥാപ്രസ്ഥാനവും നമുക്ക് ആദരണീയമാണ്. എന്നാൽ പരിഷ്കൃതാശയന്മാക്ക രസിക്കത്തക്കവണ്ണം കഥാപ്രവചനം ചെയ്യണമെങ്കിൽ കഥകൻ നല്ല സാഹിത്യത്തിലും അഭിനയത്തിലും പ്രവചനത്തിലും സംഗീതത്തിലും ഒരുപോലെ പ്രാവീണ്യം സമ്പാദിച്ചിരിക്കണം. ഇത്രയുംക്രൂടിച്ചേന്ന കിട്ടുവാൻ വിഷമവുമാണ്. നല്ല കണ്ഠമാധുയ്യവും അല്പം പ്രവചനസാമത്ഥ്യവും ജന്മസിദ്ധമായിട്ടുള്ളവർ കണ്ടേയ്ക്കാം. ഇവക്ക് തോന്നുന്നതൊക്കെ പറഞ്ഞുകൊള്ളുവാനുള്ള സ്വാതന്ത്ര്യം കൊട്ടത്തേച്ചാൽ കഥനത്തിന് ഗ്രാമ്യതയും രസാഭാസവും കേൾക്കുന്നവരുടെ, വിശേഷിച്ച് ബാലന്മാരുടേയും മററും, വാസനകൾക്ക് ദൂഷണവും ഫലമാകുമെന്നുള്ളതിന്ന് നാം കേട്ടിട്ടുള്ള പല പ്രവചനങ്ങളും ദൃഷ്ടാന്തങ്ങളാണ്. മലയാളത്തിൽ ഉത്തിഷ്ഠമാനമായ ഈ പ്രസ്ഥാനത്തിന്ന് ക്രൂത്തുകൾക്കും മററുമുണ്ടായിരുന്നിട്ടുള്ളപോലെ ആദിദശയിൽ മിക്കവാറും ഏട്ടപഠിത്തവും അല്പാല്പമായിമാത്രം സ്വാതന്ത്ര്യവും അവലംബിച്ചുള്ള ഒരുരീതി ഏപ്പെട്ടത്തുകയായിരിക്കും നല്ലതു്. സാഹിത്യത്തിന്ന് ഏററവും പ്രധാനമാകാവുന്ന ഈ ശാഖയ്ക്കു് നാം ഉത്കൃഷ്ടങ്ങളായ മാതൃകകൾ ഉണ്ടാക്കികൊട്ടത്തിട്ടില്ലെങ്കിൽ ഏററവും ബീഭത്സമായ ഒരു കഥകപ്രസ്ഥാനം കേരളത്തിൽ വേരുറച്ചു പോകതന്നെചെയ്യുമെന്ന് നാംഓക്കണം. സാഹിത്യകാരന്മാർ അനുഗ്രഹിച്ചിട്ടില്ലാത്ത പുതിയ പന്ഥാക്കളിൽക്രൂടി ലോകരുചി പാഞ്ഞുതുടങ്ങുമ്പോൾ അവർ അലസമായി മാറിനില്ക്കയല്ല വേണ്ടതു്. ആ പുതിയപന്ഥാക്കളെയും സ്വീകരിച്ച് സംസ്കരിക്കുവാനുള്ള ശ്രമം ഉടൻ ആരംഭിക്കുകയാണ് വേണ്ടതു്.

d. നാടകം:—പിടിവിടാതെയും പിടിതരാതെയും കേരളത്തിൽ സവ്വത്ര ചംക്രമണം ചെയ്യുന്ന ഒരു കലയാണ് നാടകം. അഭിനയത്തെപ്പററി പണ്ടേ മുതൽ മനസ്സിലാക്കിയിട്ടുണ്ടായിരുന്നതു് ക്രൂത്തിലേയും ക്രൂടിയാട്ടത്തിലേയും കഥകളിയിലേയും പന്ഥാവനുസരിച്ചാണല്ലൊ. ഇന്ന് നാടകം എന്നു പറയുമ്പോൾ നാം ധരിക്കുന്ന രീതിയിലുള്ള ഒരു കല വളരെ അവാചീനമായിട്ടേ ഉണ്ടായുള്ളൂ. ഇംഗ്ലീഷിൻേറയും തമിഴിൻേറയും രീതികൾ കണ്ടിട്ടാണ് അതു് ഉദ്ഭവിച്ചിട്ടുള്ളതും. അതിനുണ്ടായിട്ടുള്ള വിപരിണാമങ്ങൾ ഏവക്കും അറിവുള്ളതാണ്. ഇന്ന് കാളേജുകളിലും സ്കൂളുകളിലും വായനശാലകളിലും മററും ഒരു ഗദ്യനാടകം അഭിനയിക്കുക ഒരു വാഷികച്ചടങ്ങായിത്തീന്നിട്ടുണ്ടു്. വളരെ നല്ല ഗദ്യനാടകങ്ങളും ഏതാനും ചിലതു് ഉണ്ടായിട്ടുണ്ടു്. അഭിനയത്തിന്ന് അതിസമത്ഥരായ അനവധി ആളുകൾ ഈനാട്ടിലുണ്ടെന്നുള്ള വസ്തുതയും സവ്വപ്രത്യക്ഷമായിട്ടുണ്ടു്. ഇങ്ങനെ

യൊക്കെയായിട്ടും നാടകം വിജയകരമായ ഒരു തൊഴിലിൻെറ നിലയിൽ ഇനിയും എത്തിയിട്ടില്ല. അതിനെപ്പററി നമുക്കു ഖേദത്തിനു കാരണവുമില്ല. എന്തെന്നാൽ ഹരികഥയുടെ എന്നപോലെ നാടകത്തിൻെറ വിഷയത്തിലും അസംസ്കൃതരുടെ സ്വേച്ഛാചാരിത്വം എത്രത്തോളം ആപത്കരമാകാമെന്നു് തമിഴിലെ ചില നാടകയോഗങ്ങൾ നമുക്കുസ്പഷ്ടമാക്കിയിട്ടുണ്ടു്. നമ്മുടെ ധനക്കുറവും ഭാഷയുടെവ്യാപ്തിക്കുറവും ജനങ്ങളുടെ ഉത്സാഹക്കുറവും നമ്മെ ഈ ആപത്തിൽനിന്നും ഇത്രയും കാലം രക്ഷിച്ചിട്ടുണ്ടു്. എന്നാൽ ഈ രക്ഷ ചിരന്തനമായിരിക്കുമെന്നു വിശ്വസിക്കാൻ തരമില്ല. ആകൃതി സൌഷ്ഠവവും ഗാനമാധുൎയ്യവും ചേൎന്ന യുവതീയുവാക്കന്മാർ യോഗങ്ങൾചേൎന്നു് Talkies ലെ തമിഴ് കഥകളുടെ നീചാനുകരണങ്ങളായ നാടകാഭിനയങ്ങൾകൊണ്ടു് നമ്മെ കബളീകരിക്കുന്ന കാലമാണു് ഇതു്. ഇപ്പോഴാണു് നാം ജനങ്ങളുടെ രുചിഗതിക്കു നിയാമകങ്ങളായ മാതൃകകൾ സൃഷ്ടിച്ചുസ്ഥാപിക്കേണ്ടതു്. സംസ്കൃതാശയരായ കലാരസികന്മാർ ഇതിനെപ്പററി ഗാഢമായി ആലോചിക്കണം. ഒരു മൂലധനം സമ്പാദിക്കണം. ഏതാനും സമൎത്ഥരായ നടീനടന്മാരെച്ചേൎത്തു് ഒരു യോഗമുണ്ടാക്കണം. നല്ല നാടകങ്ങൾ തിരഞ്ഞെടുത്തു് അവരെ നല്ലപോലെ അഭ്യസിപ്പിക്കണം. കേരളമൊട്ടുക്കു സഞ്ചരിച്ചു് അഭിനയങ്ങൾ നടത്തണം. ധനദൃഷ്ട്യാ ഇതു് വിജയമായിത്തന്നെ പരിണമിക്കുമെന്നുള്ളതിനു സംശയമില്ല.

പ്രായോഗിക സാഹിത്യത്തെപ്പററിയും അതു് അവലംബിച്ചിട്ടുള്ളതും അവലംബിക്കേണ്ടതുമായ കലാവിശേഷങ്ങളെപ്പററിയും കുറേ ദീൎഘമായി പറഞ്ഞുപോയിട്ടുണ്ടു് എന്നു് എനിക്കുതന്നെ ബോദ്ധ്യമാണു്. എന്നാൽ ഏററവും പ്രധാനമായ ഒരു വിഷയമാണു് ഇതു് എന്നു് ആരും സമ്മതിക്കുമല്ലോ. കേരളീയസംസ്കാരം മുൻപിലത്തെപ്പോലെ വൎദ്ധമാനമായിക്കാണണമെങ്കിൽ, കേരളസാഹിത്യത്തിനു പുഷ്ടി—അല്ല—ദീൎഘകാലത്തേയ്ക്കു സത്ത തന്നെ ഉണ്ടായിരിക്കണമെങ്കിൽ, നമ്മുടെ ചെവിക്കും കണ്ണിനും ആതിത്ഥ്യം നല്കുന്ന കലകൾ നമ്മുടെ സാഹിത്യം കൊണ്ടു് —നമ്മുടെ മേൽത്തരത്തിലുള്ള സാഹിത്യംകൊണ്ടു് —അനുഗൃഹീതമായിരിക്കണം.

ഇതു സാദ്ധ്യമാകത്തക്കവിധത്തിൽ വേണ്ട പ്രവൃത്തിചെയ്യേണ്ടതു് പരിഷത്തിൻെറ പ്രധാനകൃത്യമാണു്. ശുദ്ധസാഹിത്യത്തിൻെറ പുരോഗതിക്കു് നമ്മുടെ ശ്രമത്തിൻെറ വലിയ ആവശ്യമില്ല. സാഹിത്യപരിഷത്തിൻെറ ഒരു പ്രമേയവും ഒരു കുയിലിനേയോ ഒരു വാനമ്പാടിപ്പക്ഷിയേയോ ഒരുകവിയേയോ ഇതുവരെ ബന്ധിച്ചതായി അനുഭവമില്ല. കവിതയെപ്പററിയും കവിതാപ്രസ്ഥാനങ്ങളെററിയും വിമൎശനങ്ങൾ നാം ചെയ്യുന്നുമുണ്ടു്; ചെയ്യേണ്ടതുമാണു്. അതു നമ്മുടെ സംസ്കാരസൌഷ്ഠവത്തിനു വേണ്ടിയാണു്. യഥാൎത്ഥകവി അതിനപ്പുറത്താണു്. എന്നാൽ സാമൂഹികകലകളെ നാം വേണ്ടപോലെ പോഷിപ്പിക്കയും നിയന്ത്രിക്കുകയും ചെയ്യുക അത്യാവശ്യമാണു്.

4. ഇനി ഇന്നത്തെ അതിപ്രധാനപ്രശ്നമായിത്തീൎന്നിട്ടുള്ള കേരളസൎവ്വകലാശാലയെപ്പററി അല്പം പ്രസ്താവിച്ചുകൊ

ള്ളട്ടെ. യൂണിവേഴ്സിററിക്ക് രണ്ടുപ്രയോജനങ്ങളാണുള്ളതു്. അവ യുവജനങ്ങൾക്കു ലോകയാത്രയ്ക്കുവേണ്ട ബൌദ്ധവും മാനസികവുമായ സംസ്കാരം നല്കുകയും ഓരോ വിഷയത്തിലും നാം സഞ്ചയിച്ചിട്ടുള്ള ജ്ഞാനത്തിന് വളച്ച് സമ്പാദിക്കുകയും ആകുന്നു. യുവജനങ്ങളുടെ സചേതനമായ സംസ്കൃതിയാണല്ലോ കേവലം വിഷയങ്ങളുടെ വളച്ച്യെക്കാൾ പ്രധാനമായി കരുതേണ്ടതു്. അതിലേയ്ക്കു തന്നെയാണ് സർവകലാശാലകൾ കൂടുതൽ ധനവ്യയം ചെയ്യുന്നതു്. വിഷയങ്ങൾക്ക് അഭിവൃദ്ധി നല്കുക എന്നതു യൂണിവേഴ്സിററിയുടെ പ്രവൃത്തിപരിപാടിയിൽഉൾപ്പെട്ടതാണെങ്കിലും ഒന്നു വേർതിരിഞ്ഞുനില്ക്കുന്ന Research Institute ൻെറ കൃത്യമാണ്. അതിൽ ബന്ധിക്കുന്നതു് ചില പ്രത്യേകരുചികളുള്ള ഏതാനും വിദ്യാർത്ഥികൾ മാത്രമാണ്. യൂണിവേഴ്സിററിയുടെ പ്രധാനകൃത്യമായ സംസ്കൃതിവിതരണത്തിൽ അതിപ്രധാനമായ ഒരംശമാണ് വിദ്യാർത്ഥികളുടെ പരസ്പരസമ്മേളനം. ഉത്തരക്കടലാസുകളുടെസമ്മേളനം ഇത്തരം സംസ്കൃതിക്കു മതിയാകുന്നതല്ല. വിവിധങ്ങളായസകലസംസ്കാരങ്ങളിലും ഉൾപ്പെട്ട വിദ്യാർത്ഥികളുടെ സമ്മേളനമായിരിക്കണം വിശ്വഭാരതിയുടെ ആദർശം. അതു സാധ്യമല്ലെങ്കിലും ഭാരതത്തിൽ തന്നെയുള്ള എല്ലാ അവാന്തരസംസ്കാരങ്ങളിലും ഉൾപ്പെട്ട യുവജനങ്ങളുടെ പരസ്പരസമ്പക്കം അവശ്യസമ്പാദനീയമാണ്. ദില്ലിയിൽ ഒരു വിശ്വകലാശാലയുണ്ടാകയും ഭാരതത്തിലെ ഓരോ ദേശത്തുനിന്നും തത്തദ്ദേശീയരായ യുവജനങ്ങൾക്കു സൌകര്യമായി ആ വിശ്വകലാശാലാസീമയിൽ കാളേജുകൾ സ്ഥാപിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ നമ്മുടെആദർശത്തിന് അതു യോജിച്ചിരിക്കും. ഇങ്ങനെ നാലോ അഞ്ചോ എട്ടോ കലാശാലകൾ ആവശ്യപ്പെട്ടേയ്ക്കാം. എന്നാൽ രീതി ഇതായിരിക്കണമെന്നേയുള്ളൂ. ഇന്നത്തെ കലാശാലകൾ പോലെ അവ ഇൻഡ്യയെ ഖണ്ഡങ്ങളായി വേർതിരിക്കരുതു്. പരസ്പരം യോജിപ്പിക്കുകയും ചെയ്യണം. 'ആക്സ്ഫോർഡ്'' യൂണിവേഴ്സിററിയും ''കേംബ്രിഡ്ജ്'' യൂണിവേഴ്സിററിയും ''ലണ്ടൻ'' യൂണിവേഴ്സിററിയും ബ്രിട്ടീഷ് സാമ്രാജ്യത്തെ മൂന്നായിപങ്കിട്ടിട്ടില്ല. കൂടുതൽയോജിപ്പിച്ചിട്ടേയുള്ളൂ. ഒരു കേരളീയ വിദ്യാർത്ഥിക്ക് ഒരു പഞ്ചാബി വിദ്യാർത്ഥിയോടോ ബംഗാളിവിദ്യാർത്ഥിയോടോ അടുത്തുപെരുമാറുവാൻ സാധിച്ചിട്ടുള്ളതു് പലപ്പോഴും ഇൻഡ്യയിൽ വച്ചല്ല, ഒരു ഇംഗ്ലീഷ് യൂണിവേഴ്സിററിയിൽ വെച്ചായിരിക്കും. എല്ലാ വിദ്യാർത്ഥികൾക്കും ഇങ്ങനെ ദൂരസ്ഥിതമായ ഒരു യൂണിവേഴ്സിററിയിൽ ചെന്നു പഠിക്കുവാൻ സാദ്ധ്യമാകുമോ എന്നു ചോദ്യമുണ്ടാകാം. ഓരോ പ്രവിശ്യയിലും ഉപരിവിദ്യാഭ്യാസത്തിനുവേണ്ടി ഇന്നു ചെലവാക്കുന്ന പണംകൊണ്ട് ഇങ്ങനെ ഒരു യൂണിവേഴ്സിററിയിൽ ഓരോ കാളേജു സ്ഥാപിക്കുവാനും, അവിടെച്ചെന്നു പഠിക്കുവാൻ വിദ്യാർത്ഥികൾക്കു വേണ്ടിവരുന്ന കൂടുതൽ ചെലവുകൾ കൊടുപ്പാനും സാധിക്കുന്നതാണ്.

അങ്ങനെയാവുമ്പോൾ നമ്മുടെ സ്വന്തസംസ്കാരത്തെ പുലത്തുവാൻ നമുക്കെങ്ങനെ സാധിക്കും എന്നു വേറൊരു ചോദ്യം വരാം. അതിലേക്കു വേണ്ടതു് ഏററവും വിചക്ഷണങ്ങളും സകല സൌകര്യസംഘടിതങ്ങളുമായ ഗവേഷണശാലകളാണ്. യൂണിവേഴ്സിററിയല്ല. യൂണിവേഴ്സിററിയെ സംബന്ധിച്ചിടത്തോളം ഒരു

ഭാരതീയനു് മുൻവിവരിച്ച ആദൎശമാണുണ്ടായിരിക്കേണ്ടതെന്നു വ്യക്തമാക്കുവാൻ വേണ്ടിയാണു് ഇത്രയും പ്രസ്താവിച്ചതു്. എന്നാൽ ഇതു നടപ്പിൽ വരണമെങ്കിൽ ഇൻഡ്യയിൽ ഒരു പൊതുജനാഭിപ്രായം രൂപവൽകൃതമാകാതെ നാം മാത്രം ആഗ്രഹിച്ചാൽ പോരെന്നുള്ളകൊണ്ടും അങ്ങനെ നടപ്പിൽ വരുന്ന കാലാവധി ക്ഌപ്തമല്ലാത്തതുകൊണ്ടും ആന്ധ്രന്മാരേയും മററുംപോലെ നമുക്കും പ്രത്യേകം ഒരു സൎവ്വകലാശാല സൃഷ്ടിക്കുവാൻ നിബന്ധിതരാണെന്നു ബോധം വന്നാൽ "ഉടൻതന്നെ ഒരു സൎവ്വകലാശാലസ്ഥാപിക്കുവാൻ ഉദ്യമിക്കണം" എന്നൊരു പ്രമേയം കൊണ്ടുവരുന്നതും ന്യായ്യംതന്നെയാണു്. എന്നാൽ എനിക്കൊരു വിനീതമായ അഭിപ്രായമുള്ളതു് കേരളസംസ്കാരപോഷണപരമായും ഗവേഷണപരമായും ഒരു "റിസൎച്ച് ഇൻസ്റ്റിററ്യൂട്ടം" ഉടൻ സ്ഥാപിക്കുവാനുള്ള ശ്രമം നാം ചെയ്തുതുടങ്ങണമെന്നാണു്. യൂണിവേഴ്സിററിയുടെ ഉദ്ദേശ്യം ഒന്നു്. അതിൻെറസ്ഥാപനത്തിനു നമ്മിൽ ഒരുകൂട്ടർ ശ്രമിക്കട്ടെ. റിസൎച്ച് ഇൻസ്റ്റിററ്യൂട്ടിൻെറ പ്രയോജനം വേറൊന്നാണു്. അതിൻെറസ്ഥാപനത്തിനു വേണ്ടി പ്രത്യേകിച്ചു വേറൊരുകൂട്ടരും ശ്രമിക്കണം. റിസൎച്ച് ഇൻസ്റ്റിററ്യൂട്ട് യൂണിവേഴ്സിററിയുടെ അംഗമാകുന്ന സ്ഥിതിക്കു് രണ്ടിനുംകൂടി ഒരുമിച്ചു ശ്രമിച്ചാൽ മതിയാകുമല്ലോ എന്നു് അഭിപ്രായമുണ്ടായേക്കാം. അതിനു സമാധാനം പറയാം. യൂണിവേഴ്സിററി സ്ഥാപിക്കുവാനുള്ള പണി ഇന്നുതന്നെ ആരംഭിച്ചാലും അതു സ്ഥാപിതമാകുവാൻ കുറേ കൊല്ലങ്ങൾ വേണം. ഒരു റിസൎച്ച് ഇൻസ്റ്റിററ്യൂട്ട് സ്ഥാപിക്കുവാൻ ഇന്നാരംഭിക്കുന്നപക്ഷം അടുത്ത നമ്മുടെ സമ്മേളനത്തിനുമുൻപു് അതു സ്ഥാപിതമാവും. അതിലേയ്ക്കു വേണ്ടുന്ന സാമഗ്രികളെല്ലാം കേരളത്തിലെ ഗവമ്മെൻറുകളുടെ അധീനതയിൽ ഇന്നു സജ്ജങ്ങളാണു്. സിൽബന്ധികളും തയ്യാറുണ്ടു്. കേരളസംസ്കാരത്തിൻെറ വിവിധശാഖകളിൽ ചിരകാലത്തെ സ്ഥിരപ്രയത്നം ചെയ്തിട്ടുള്ള മഹാജനങ്ങൾ ഹൃദയംഗമമായി പങ്കുകൊള്ളുവാനും കാത്തിരിക്കുന്നുണ്ടു്. നിൎജ്ജീവങ്ങളായിത്തുടങ്ങിയ കേരളീയകലകളെ സജീവങ്ങളാക്കുവാൻ സദാ പ്രയത്നിച്ചുകൊണ്ടിരിക്കുന്ന വള്ളത്തോളും, ഉത്കൃഷ്ടകാവ്യബന്ധത്തിനിടയിലും ഉദ്യോഗകാൎയ്യവ്യഗ്രതയ്ക്കിടയിലും പല ഉത്തമസാഹിത്യാംശങ്ങൾ പ്രസിദ്ധപ്പെടുത്തുവാനും ചരിത്രവിഷയകങ്ങളായഗവേഷണങ്ങൾ നടത്തുവാനും സാധിച്ചിട്ടുള്ള ഉള്ളൂരും, അകുണ്ഠമായ പാണ്ഡിത്യംകൊണ്ടും തീക്ഷ്ണമായ ധിഷണകൊണ്ടും ഗവേഷണവിഷയങ്ങളായ പ്രശ്നങ്ങളിൽ വിധി പറയുവാൻ വിചക്ഷണനായ പി. കെ. യും, സൎവ്വോപരി കേരളീയസംസ്കൃതിയെ സംബന്ധിച്ചുള്ള ഏതു വിഷയത്തിലും അവഗാഹവും നിസൎഗ്ഗസുന്ദരമായ രാജന്യസൌജന്യവും സമരഞ്ജനമധുരമായ സാഹിത്യഭരണവും ആൎന്ന അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ടും, ഇവരോടൊപ്പം തന്നെ പ്രശസ്തി നേടാൻ ഇടയായിട്ടില്ലെങ്കിലും ഏതദ്വിഷയകമായ പ്രണയത്തിലും പ്രയത്നത്തിലും ലേശം പിന്നോക്കമല്ലാത്ത അനവധി സഹൃദയ ശിരോമണികകളും ഈ പന്ഥാവിനു് അനുഗ്രഹം

നൽകുവാൻ സന്നദ്ധരാണ്. ശാന്തമായി സൈ്വരമായി ഒരിടത്തിരുന്ന് പ്രവൎത്തിച്ചുകൊള്ളുവാൻ അനുവാദവും അവൎക്ക് വേണ്ടുന്ന സുഖസൌകൎയ്യാദികളും ലഭിക്കുമെങ്കിൽ ജീവിതം മുഴുവൻ കൈരളീസേവയിൽ കഴിക്കുവാൻ അത്യാഗ്രഹമുള്ള പലരുമുണ്ടാവും. അതുപോലെതന്നെ ഇത്തരം ഒരഭയസ്ഥാനം ചിരകാലമായി കാംക്ഷിച്ച് പല കൈരളീസന്താനങ്ങളായ കലകളും പോഷണം പ്രതീക്ഷിച്ചു കഴിക്കുന്നു. ഉത്തരഭാരതത്തിൽ സഞ്ജാതങ്ങളാണെങ്കിലും കേരളീയരുടെ കരലാളനയിൽ പുതിയ പ്രസാധനങ്ങൾ സിദ്ധിച്ചിട്ടുള്ളവയും ഇന്നു പ്രായോഗികമായ പ്രയോജനം വളരെയുള്ളവയുമായ രണ്ടു വിശിഷ്ടശാസ്ത്രങ്ങൾ, ജ്യോതിഷവും ആയുൎവേദവും, ഇതിനെ ശരണീകരിക്കുവാൻ ഒരുങ്ങിക്കാത്തുനില്ക്കുന്നു. ഇങ്ങനെ കേരളസംസ്കാരസൎവ്വസ്വത്തിൻ സങ്കേതമായ ഒരു സ്ഥാപനത്തിനു നാം ഉടൻ പ്രയത്നിച്ചു തുടങ്ങേണ്ടതാണ്. അതിന്റെ നിൎമ്മിതി ക്ഷിപ്രപ്രസാധ്യമാണ്. അങ്ങനെ ബഹുമുഖമായ പ്രവൎത്തനങ്ങൾകൊണ്ടു ഭാവുകഭൂയിഷ്ഠമായ ഒരു ഭാവി ഭാഷാസാഹിത്യത്തെ ഭാസുരമാക്കട്ടെ.

---

# അദ്ധ്യക്ഷ പ്രസംഗനിരൂപണം.

(പത്രാധിപർ)

സമസ്ത കേരളസാഹിത്യ പരിഷത്തിന്റെ ദശമ സമ്മേളനത്തിൽ രാജശ്രീ വി. കൃഷ്ണൻ തമ്പി ബി.എ അവർകൾ അദ്ധ്യക്ഷന്റെ നിലയിൽ ചെയ്ത പ്രസംഗം പരിഷത്തിന്റെ അഭിമാനത്തെ പുലൎത്തുന്നതിനു പുറമേ സാഹിത്യപ്രണയികൾക്കും ഭാഷാപ്രവൎത്തകന്മാൎക്കും പല നല്ല നൂതന വിചാരങ്ങളും നൽകുന്നതിനു പൎയ്യാപ്തവും ആയിരുന്നു എന്നു പറയുന്നതിൽ ഞങ്ങൾ അശേഷം മടിക്കുന്നില്ല. മാമൂലനുസരിച്ച് അതിദീൎഘമായ ഒരു പ്രസംഗത്തിൽ ഒരേ അഭിപ്രായസാരം തന്നെ വീണ്ടും ആവൎത്തിക്കാതെ "മിതം ച സാരം ച വചോഹി വാഗ്മിതി" എന്നുള്ള പ്രമാണലക്ഷ്യം അക്ഷരംപ്രതി അനുവൎത്തിക്കുന്ന ഒരു പ്രൌഢ പ്രസംഗമാണ് ഇത്തവണ പരിഷദ് സദസ്യൎക്കു ശ്രവിക്കാൻ ഭാഗ്യമുണ്ടായതെന്നു പക്ഷാന്തരം കൂടാതെ സ്ഥാപിക്കാവുന്നതാണ്.

നമ്മുടെ സാഹിത്യം അതിന്റെ ബാല്യഘട്ടത്തിൽ സംസ്കൃതവുമായി സമ്മേളിക്കയാൽ ക്രമാഗതമായി വന്നുചേൎന്നിട്ടുള്ള പരിഷ്കൃതികൾ ഇന്നതെല്ലാമെന്നു സൂചിപ്പിച്ചതിനുശേഷം, ആധുനിക ഭാഷാസാഹിത്യത്തിൽ പ്രബലങ്ങളായിത്തീൎന്നിട്ടുള്ള പ്രസ്ഥാനങ്ങൾ ഓരോന്നായി ഗുണദോഷ നിരൂപണ ദൃഷ്ടിയോടുകൂടി വിവരിക്കുകയും, ആശാസ്യങ്ങളായ മാൎഗ്ഗങ്ങൾ നിൎദ്ദേശിക്കുകയുമാണ് പ്രസംഗത്തിന്റെ പൂൎവ്വഭാഗത്തു ചെയ്തു കാണുന്നത്. കൈരളിയുടെ ആധുനികസാഹിത്യസമ്പത്തിന്റെ നിൎണ്ണയത്തിൽ ശുദ്ധം, പ്രായോഗികം എന്നു ദ്വിവിധോപാധികളിൽ ഗ്രന്ഥകോടികളെ ദിങ്മാത്രമായി സ്പൎശിച്ചു

കൊണ്ടു് അതിപ്രധാനപ്രശ്നമായ കേരളീയ സർവ്വകലാശാലാ പ്രമേയത്തിലെത്തുന്നു. ഇൻഡ്യയ്ക്കു പൊതുവായ ഒരു കലാശാലയും അവിടെ ദേശീയ കലകൾക്കും സംസ്കാരങ്ങൾക്കും പ്രത്യേകം സ്ഥാനം നൽകത്തക്കവിധത്തിൽ മഹാപാഠശാലകളും സ്ഥാപിക്കുന്നതു നന്നായിരിക്കുമെന്നും, എന്നാൽ വിവിധ ഭാഷാ ഭേദങ്ങളാലും മററും വളരെ അകല്ച്ചയുള്ള ഭാരതീയൎക്കു് ഇക്കാൎയ്യത്തിൽ സർവ്വസമ്മതമായ ഒരു അഭിപ്രായം ജനിക്കേണ്ടിയിരിക്കുന്നതിനാൽ കാലതാമസം നേരിട്ടമെന്നും, ആകയാൽ ഇപ്പോൾ കേരളത്തിൽ അത്യാവശ്യമെന്നു് പലൎക്കും തോന്നിയിട്ടുള്ളതുപോലെ ഒരു ഗവേഷണശാല ഉടൻ സ്ഥാപിക്കുന്നതിനു് കൂടുതൽ ന്യായമുണ്ടെന്നും, അതു് എത്രയും വേഗത്തിൽ ഉണ്ടാകേണ്ടതാണെന്നും പ്രസംഗത്തിൽ പ്രസ്താവിക്കയുണ്ടായി.

ഒടുവിൽ സൂചിപ്പിച്ച അഭിപ്രായം പ്രായോഗികമാക്കിത്തീൎക്കുന്നതിനു് തൽക്കാലം തിരുവിതാംകൂർഗവൺമെൻറു വിചാരിച്ചാൽ മതി എന്നാണു് ഞങ്ങൾക്കുതോന്നുന്നതു്. സർവ്വകലാശാലസ്ഥാപനം വിഷമതരമാണെന്നു ഗവൺമെൻറു പ്രഖ്യാപനം ചെയ്കയുണ്ടായല്ലൊ. തിരുവനന്തപുരത്തു് സുകുമാരകലകൾക്കു് വിശിഷ്യ സാഹിത്യത്തിനു് ഒരു ഗവേഷണശാല ആരംഭിക്കുന്നതിനുവേണ്ട അനുകൂലസ്ഥിതികളെല്ലാമുണ്ടു്. ഭാഷാസാഹിത്യഗവേഷണം ആർട്സ് കാളേജിലെ മലയാളം ആണേഴ്സ് വിദ്യാൎത്ഥികൾക്കു് അപരിത്യാജ്യമായിരിക്കുന്നു. പുരാണവസ്തുശാസ്ത്രപഠനവും അവിടെ നിർവ്വഹിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അടുത്തുതന്നെ ക്യൂറേററർആഫീസും, ഇൻഡ്യഒട്ടുക്കു വിശ്രുതമായ രാജകീയ ഗ്രന്ഥപ്പുരയും ഉണ്ടു്. വിദ്വാന്മാരുടേയും ഭാഷാവിഷയമായും മററുമുള്ള ഉന്നതബിരുദധാരികളുടേയും സംഖ്യ ഇവിടെ ഒട്ടും കുറവല്ല. ആകയാൽ കാളേജിനോടു സംഘടിപ്പിച്ചു് ഒരുഗവേഷണശാല തുടങ്ങുകയും, അവിടെ ഏതാനും പരീക്ഷാവിജയികളായ വിദ്യാൎത്ഥികളെ സ്വീകരിച്ചു് അഭ്യസനം നടത്തുകയും ചെയ്യേണ്ടകാലം അതിക്രമിച്ചിരിക്കുന്നു എന്നാണു് ഞങ്ങൾക്കു തോന്നുന്നതു്.

അദ്ധ്യക്ഷപ്രസംഗത്തിൽ ഇതുപോലെയുള്ള സാരമായചില അഭിപ്രായാങ്കുരങ്ങൾ കാണുന്നതെല്ലാം പ്രത്യേകമെടുത്തു നിരൂപണം ചെയ്യുന്നതു് വളരെ പ്രയോജനകരമായിരിക്കും. ആകപ്പാടെ പ്രസംഗം സാഹിത്യ മണ്ഡലത്തിൽ ഒരു നൂതനചിന്താഗതിക്കും പ്രവൃത്തിപദ്ധതിക്കും പ്രേരകമായിട്ടുണ്ടെന്നുള്ളതു നിർവ്വിവാദമാണു്.

ശ്രീ

# ഭക്തിപ്രഭാവശതകം.

(എം. രാജരാജവൎമ്മ തമ്പുരാൻ എം. എ, ബി. എൽ.)

൧൧

ആകാശാണ്ഡസമൂഹവീചികൾ
ചെവിക്കുള്ളിൽക്കടന്നീടവേ
ലോകത്തിങ്കലുദിച്ച ശബ്ദ,
മതിനാലുണ്ടായി ഗാനങ്ങളും
ഏകുന്നുണ്ടു പരമ്പരാഗതമതായ്
നാദങ്ങളും പക്ഷികൾ
നാകത്തിൽപ്പുനരേററിടുന്നു
ജയദേവൻ ഭക്തിഗീതങ്ങളാൽ.

൧൨

ആത്മജ്ഞാനമിയന്ന മാനവർ മുഴുത്തേ-
കാന്തചിന്താരതർ
വന്മായതത്വമെഴുന്നതായിഹ
വെറുത്തീടുന്ന ലോകത്തിനെ;
ആത്മാരാമത പൂണ്ടു വാഴുമവരും
ജന്തുക്കളും തുല്യരാം
ബ്രഹ്മാവിൻെറ മഹത്വമേതു
മറിയുന്നീല പ്രപഞ്ചാത്ഭുതം.

൧൩

മാനത്തിൻമറിമായമത്ഭുത
മുദിപ്പിച്ചീടുമേ മാമുകിൽ
ഫേനംപോലെ പരന്ന പുഞ്ചിരിയെഴും
നീലാഭമാമാഴിയിൽ
നാനാവൎണ്ണവിഭൂഷണങ്ങളുമണിഞ്ഞു
ല്ലാസമായന്തിയിൽ
മാനാഹം മഹദിന്ദ്രചാപവുമിയന്നാളുന്നു
സമ്രാട്ടുപോൽ.

൧൪

പട്ടാളങ്ങൾ നിരന്നപോലെ വിലസും
കാളാഭമേഘങ്ങളും
മുട്ടൻ മാമലയെന്നുതോന്നുമുടനേ
മട്ടൊന്നു മാറും വിധൌ
ചട്ടെന്നങ്ങലിവേററു തുമഴ
പൊഴിച്ചീടും മലക്കൊപ്പമായ്
ചട്ടംവിട്ടു മുഴങ്ങുമേററമിടിയും
മിന്നൽപ്പിണർച്ചിന്നിടും.

൧൫

വാത്യാവേഗവിധൂതരായ്
പൊഴികടന്നീടുന്ന മേഘങ്ങളും,
സത്യാസത്യമറിഞ്ഞിടാത്തവർ
മഹത്സന്ദർശനം പെട്ടപോൽ
നിത്യബ്രഹ്മമുഖങ്ങൾപോലെ
തെളിയും രാവിൽ തദാ താരകൾ
പ്രീത്യാനോക്കി ചരാചരപ്രകൃതിയെ
ത്തൻപുത്രസന്താനമായ്.

൧൬

രാപോയിട്ടുദയം രവിക്കു വരവേ
നക്ഷത്ര ജാലങ്ങളാം
പൂ പൂത്തങ്ങു പൊഴിഞ്ഞു വീണു
നിറയെക്കാണുന്ന വാനങ്കണം
തീപോൽ ചോപ്പുകലൎന്ന നീണ്ടകതിരാം
ചൂൽകൊണ്ടു തുത്തപ്പുലർ
വാപീകൂപ വനങ്ങളിൽ
പുതുമലർച്ചാൎത്തൊട്ടു കാട്ടീടുമേ.

൧൭

പച്ചപ്പുല്ലു വിരിച്ച മേടുകളിലായ്
നൃത്താടുമേണങ്ങളും
മെച്ചത്തിൽ തലപൊക്കി
ഗോപുരമുരച്ചീടുന്ന കേരങ്ങളും

ഉച്ചയ്ക്കുച്ചമഹീരുഹത്തിനടിയിൽ
താങ്ങും തണൽ പുക്കിതാ
കൊച്ചാടിൻകിട തള്ളയോടനു
ഭവിക്കുന്നു ദിവാസ്വപ്നവും.

൧൮

ഇമ്മട്ടുണ്ടതിരമ്യമായ പലതും
ലോകത്തിലാനന്ദദം
സമ്മാനിച്ചവയെപ്പരാത്മ
മിഴിയാൽ സ്വാധീനമാക്കുന്നവൻ
നിർമ്മാല്യത്തിനു തുല്യമായ്
കരുതുകില്ലേതും പ്രപഞ്ചത്തിലും
സമ്മോദത്തോടറിഞ്ഞിടും
പുനരതിൻമാഹാത്മ്യവും ഭക്തിയാൽ.

൧൯

രാവെല്ലാമിരതേടി കാടകമലഞ്ഞീടും
നരിക്കാദ്യമായ്
മേവുന്നാകിൽ വിവേകബുദ്ധി പുലരി
ക്കെന്തത്ഭുതം തോന്നുമോ,
ഏവം വിസ്മയമാർന്നിടുന്ന ഭുവനം
കണ്ടിട്ടു പൈതങ്ങളും
ഭാവിപ്രാഭവമേറിടും മതിവരു
ന്നേരത്തു കാട്ടാളരും.

൨൦

താവും വിസ്മയമൂലമാണു സകല
ജ്ഞാനങ്ങളും ശാസ്ത്രവും
പൌർവ്വാപര്യ്യമുറയ്ക്കു യുക്തി പലതും
ചിന്തിച്ചു നോക്കും വിധൌ
സർവ്വത്തിന്നു നിദാനമാകിയ
തറിഞ്ഞീടാൻ മുതൽക്കാരണം
പാവം! മാനുഷനും തിരഞ്ഞുഴലുമേ
ബ്രഹ്മാവിനൊപ്പം പുരാ.

---

# കിമപികാവ്യം

## ദ്വിതീയസർഗ്ഗം (തുടച്ച്)

(പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.)

(32) അഥമകളെവിളിച്ചാഗ്ഗേഹി
ചൊന്നാൻ പടയ്ക്കായ്
പ്രഥമമിതരനാട്ടിൽ പോകു
വോനേകുവാനായ്
പ്രഥയുടെ ഖനിഖഡ്ഗം സ്വ
ന്തമന്തർഗ്ഗൃഹസ്ഥം
ക്രഥനസുദൃഢതൈക്ഷ്ണ്യം
കൊണ്ടു ചെന്നീടുവാനായ്.

അഥ=പിന്നീട്. ഗേഹി=ഗൃഹസ്ഥൻ. പ്രഥമം=ആദ്യമായിട്ട്. ഇതരനാട്ടിൽ=മറുനാട്ടിൽ പ്രഥയുടെ ഖനിഖഡ്ഗം=പ്രഥയുടെ (കീർത്തിയുടെ) വിളനിലമായ വാൾ. സ്വന്തം=തന്റേത്. അന്തർഗൃഹസ്ഥം=വീട്ടിനുള്ളിൽ ഇരിക്കുന്നത്. ക്രഥനസുദൃഢതൈക്ഷ്ണ്യം=ക്രഥനവിഷയത്തിൽ സുദൃഢമായ തീക്ഷ്ണതയോടുകൂടിയത്. ക്രഥനം=വധം. "ഉദ്വാസനപ്രമഥനക്രഥനോജ്ജാസനാനി ച" എന്നമരം. 'കൊണ്ടുചെന്നീടുവാനായ് ഗേഹിചൊന്നാൻ' എന്ന് ഒന്നാം പാദത്തിൽ ചേർത്തന്വയിക്കണം. ഈ പ്രവൃത്തിയും ഗൃഹസ്ഥനു യുവാവിൽ ഉള്ള താൽപര്യത്തെക്കാണിക്കുന്നു.

(33) അറമുറിയിലിരുട്ടിൻ
രാശിതാൻ മന്ദഹാസം
ചൊരിവതിനു സമാനം
ചണ്ഡമച്ചന്ദ്രഹാസം

നരരുധിരപിപാസാലാല
സാലാസികാസ്യ
സ്ഫുരദധരവിലാസം
പൂണ്ടിരുപ്പോന്നകുണ്ണം.

ഇരുട്ടിൻരാശി=ഇരുൾക്കൂട്ടം. അറമുറിയിലിരുട്ടിൻ...... ചന്ദ്രഹാസം=അറയ്ക്കകത്തു് ഇരുട്ടു പുഞ്ചിരിയിട്ടാൽ ഉണ്ടാകുന്ന വിധത്തിലുള്ള ലഘുവായ ഒരു വെണ്മയും പളപളപ്പും തോന്നിക്കുന്ന ചണ്ഡമായ ആ ചന്ദ്രഹാസം. ചന്ദ്രഹാസം=വാൾ. 'ചന്ദ്രഹാസം' എന്നാൽ രാവണൻെറ വാൾ എന്നും സാധാരണ വാൾ എന്നും അർത്ഥമുണ്ടു്. ചണ്ഡം=വളരെ കോപിക്കുന്നതു്. "ചണ്ഡസ്ത്വത്യന്തകോപനഃ" എന്നമരം. ഇരുട്ടു ചിരിക്കാത്തതാണെങ്കിലും ചിരിക്കുന്നതായാൽ ഒരു വെണ്മ ഉണ്ടാകുമെന്നുള്ളതാണു്. രാശീഭവിച്ചിരിക്കുന്ന ഇരുട്ടു് ഭയങ്കരമാകയാൽ അതിൻെറ ചിരിതന്നെ ക്രൂരമായിരിക്കുമെന്നും താൽപര്യം; നരരുധിരപിപാസാ..........വിലാസം = നരരുധിരപിപാസയുടെ ലാലസയാകുന്ന ലാസികയുടെ ആസ്യത്തിൽ സ്ഫുരത്തായിരിക്കുന്ന അധരത്തിൻെറ വിലാസം. നരരുധിരം=മനുഷ്യരുടെ ചോര. പിപാസ=കുടിക്കുവാനുള്ള ഇച്ഛ. ലാലസ=അധികമായ ആഗ്രഹം. "കാമോഭിലിഷസ്തർഷശ്ചസോത്യർത്ഥം ലാലസാദ്വയോഃ" എന്നമരം. ലാസിക=നർത്തകി. ആസ്യം=മുഖം. സ്ഫുരത്തു്=തിളങ്ങുന്നതു്. ഇരുപ്പോന്നു്=ഇരിക്കുന്നതാണു്. അകുണ്ണം=അകുണ്ണവുമാണു്. അകുണ്ണം=കുണ്ണമല്ലാത്തതു്; മൂർച്ചയുള്ളതു്. കുണ്ണം മൂർച്ചയില്ലാത്തതു്. മനുഷ്യരക്തപിപാസയെ ഒരു നർത്തകിയാക്കി സങ്കല്പിക്കുന്നപക്ഷം ആ നർത്തകി ഒരു ഘോരസ്വരൂപിണിയായിരിക്കും. അങ്ങിനെയുള്ള ഒരു നർത്തകിയുടെ അധരംപോലെയാണു് പ്രസ്തുത ഖഡ്ഗം എന്നു വിവക്ഷ. ഈ ഖഡ്ഗമാകുന്ന അധരത്തിൽ കൂടിയാണു് രുധിരപിപാസ രക്തം കുടിക്കുന്നതു് എന്നു സാരം. പൂർവ്വാർദ്ധത്തിൽ ഇരുട്ടിൻെറ ചിരി പുറത്തുന്ന ചുണ്ടായിട്ടും ഉത്തരാർദ്ധത്തിൽ രുധിരപിപാസയുടെ അധരപുടമായും പ്രസ്തുത ഖഡ്ഗം വർണ്ണിക്കപ്പെട്ടിരിക്കുന്നു.

(34) മനമനതിമനോജ്ഞ
സ്വപ്നലഭ്യം കിനാവിൻ
നിനവതനുഭവിച്ചിട്ടങ്ങു-
മിങ്ങും ഭ്രമിക്കേ

ജനകവചന സങ്കല്പാ-
ങ്കുശംതങ്കലേററ
ത്തനയവിനയവീഥീ
നിഷ്ഠകൈക്കൊണ്ടുവീണ്ടും.

പിതാവിൻെറ വാക്കുകൾ കേട്ടിട്ടു് നായികയ്ക്കുണ്ടായ ഭാവഭേദം വർണ്ണിക്കുന്നു.

മനമനതിമനോജ്ഞം............ഭ്രമിക്കേ = [നായികയുടെ] മനസ്സ് അതിമനോജ്ഞമല്ലാതെയുള്ള സ്വപ്നത്തിൽനിന്നു സിദ്ധിക്കുന്ന കിനാവിൻെറ (സ്വപ്നത്തിൻെറ) നിനവുകൾ അനുഭവിച്ചുകൊണ്ടു് അങ്ങുമിങ്ങും ഭ്രമിക്കുമ്പോൾ (ചുററിത്തിരിയുമ്പോൾ) നായകൻ യുദ്ധത്തിനു പുറപ്പെടുന്ന കാര്യം നിശ്ചയമായ സ്ഥിതിക്കു് അന്യഥാ ബഹുമനോജ്ഞമായി തോന്നുമായിരുന്ന മനോവിചാരങ്ങൾ അതി മനോജ്ഞങ്ങളല്ലാതെ തീൎന്നു എന്നും, സ്വപ്നം കാണുന്നതുപോലെ സംബന്ധരഹിതങ്ങളായി എന്തെല്ലാമോ മനസ്സിൽ ഉദിച്ചു എന്നും തന്നിമിത്തം ഹൃദയം പലടത്തും ഭ്രമിച്ചുകൊണ്ടിരുന്നു എന്നും താല്പര്യം. ജനകവചനസങ്കല്പാങ്കുശം = ജനകവചനമാകുന്ന സങ്കല്പാങ്കുശം. സങ്കല്പാങ്കുശം=സങ്കല്പനിർമ്മിതമായ അങ്കുശം (തോട്ടി). തങ്കലേററത്തനയ= തന്നിൽ ഏൽക്കുകനിമിത്തം തനയ (പുത്രി). വിനയവീഥീനിഷ്ഠ=വിനയമാർഗ്ഗത്തിൽ ഉള്ള നിഷ്ഠ. പലവിധമായ മനോരഥങ്ങൾകൊണ്ടു പാപ്പാനില്ലാത്ത ആനയെപ്പോലെ നിയന്ത്രണമില്ലാതെ അങ്ങുമിങ്ങും ചരിച്ചുകൊണ്ടിരുന്ന മനസ്സ് സ്വൈരയ്ക്കമാത്രം വഴിപ്പെട്ടുകൊണ്ടിരുന്നതാണു്. എന്നാൽ പിതാവിൻെറ വചനം മനസ്സങ്കല്പത്തിൽ തോട്ടിപോലെ ഉടക്കിയപ്പോൾ, വീണ്ടും കുലീനയായ ഒരുയുവതി അനുഷ്ഠിക്കേണ്ടിയ വിനയത്തിലേയ്ക്കു പുത്രി പ്രത്യാനയിക്കപ്പെട്ടു എന്നു സാരം.

(35) കുസുമിതമൻരാഗ വ്യാപ്തിയാ
ലന്തരംഗം
സ്വസുഖകലനയിങ്കൽ
പ്രേമപാത്രപ്രമാണം
വ്യസനമനുഭവിക്കുന്നന്യ
ദൈന്യം നിനച്ചി
ട്ടസുവിനസുധയല്ലോ
വല്ലഭാനന്ദലാഭം.

കുസുമിതമനുരാഗവ്യാപ്തിയാൽ അന്തരംഗം = അനുരാഗവ്യാപ്തിയാൽ അന്തരംഗം കുസുമിതമാണ്. കുസുമിതം പുഷ്പിച്ചിട്ടുള്ളത്. സ്വസുഖകലനയിങ്കൽ പ്രേമപാത്രപ്രമാണം = തന്റെ സുഖത്തിന്റെ കലനയിൽ (ഗണനയിൽ) പ്രേമപാത്രം തന്നെ പ്രമാണവും ആണ്. പ്രേമപാത്രമായിരിക്കുന്ന ജനമല്ലാതെ മറ്റൊരു പ്രമാണവും അനുരാഗത്തിന്റെ ഗണനയിൽ ഇല്ല എന്നർത്ഥം. അതായത് പ്രേമപാത്രത്തിന്റെ സുഖദുഃഖങ്ങൾ അല്ലാതെ അനുരാഗമുള്ള ജനങ്ങൾക്കു വേറെ പ്രമാണമില്ല എന്നു സാരം. വ്യസന................നിനച്ചിട്ട് = [അനുരാഗമുള്ളവർ] അന്യദൈന്യം (മറ്റൊരാളുടെ ദീനാവസ്ഥ) നിനച്ചിട്ടാണ് വ്യസനം അനുഭവിക്കുന്നത്—അല്ലാതെ സ്വന്തം ക്ലേശങ്ങൾ വിചാരിച്ചിട്ടല്ല. അസുവിനു സുധയല്ലോ വല്ലഭാനന്ദലാഭം = [അതുപോലെ] വല്ലഭരായ ജനങ്ങളുടെ ആനന്ദലാഭം അസുവിനു (ജീവനു) സുധ (അമൃത്) ആയിട്ടും പരിണമിക്കുന്നു. വല്ലഭർ = പ്രിയർ. ഇത് യഥാർത്ഥാനുരാഗത്തിന്റെ സ്വഭാവവർണ്ണനയാണ്. അടുത്തശ്ലോകം പ്രേമവും കാമവും തമ്മിലുള്ള വ്യത്യാസത്തെ കാണിക്കുന്നു.

(36) സ്വയമനവധി കഷ്ടക്ലേശ
ഭാരം സഹിച്ചും
പ്രിയജനകുശലാർത്ഥം
പ്രേമമൌത്സുക്യതീക്ഷ്ണം
ദയയൊരുലവമെന്യേ സ്വാർത്ഥ
സിദ്ധ്യർത്ഥമെങ്ങും
നയനരഹിതമാകും
കാമമുദ്ദാമചേഷ്ടം.

സ്വയമനവധി.............തീക്ഷ്ണം = പ്രിയജനങ്ങളുടെ കുശലത്തിനുവേണ്ടി സ്വയമേ വളരെ കഷ്ടപ്പാടുകൾ സഹിച്ചും പ്രേമം ഔത്സുക്യതീക്ഷ്ണമായി പ്രവർത്തിക്കുന്നു. ഔത്സുക്യതീക്ഷ്ണം = ഔത്സുക്യം കൊണ്ടു തീക്ഷ്ണം ഔത്സുക്യം = ഉന്മുഖത്വം; താല്പര്യം. തീക്ഷ്ണം = അമന്ദം. ദയയൊരു................കാമമുദ്ദാമചേഷ്ടം = കാമമാകട്ടെ സ്വാർത്ഥസിദ്ധിക്കുവേണ്ടി എവിടേയും നയരഹിതമായും (അന്ധമായും അതായത് അവിവേകമായും), നിർദ്ദയമായും, ഉദ്ദാമചേഷ്ടമായും (ദമനമില്ലാതേയും അതായത് നിയന്ത്രണമില്ലാതേയും) പ്രവർത്തിക്കുന്നു. ഇവിടെ നായികാനായകന്മാരുടെ അനുരാഗവും രാജാവിനു നായികയിൽ തോന്നിയ കാമവും തമ്മിലുള്ള വ്യത്യാസം എടുത്തു കാണിച്ചിരിക്കുന്നു. മേൽ വരുന്ന കഥയിൽ പ്രേമത്തിന്റേയും കാമത്തിന്റേയും പരസ്പര ഘടനങ്ങൾ പ്രതിപാദ്യങ്ങളായി വരുന്നതുകൊണ്ട് ഈ ശ്ലോകങ്ങൾ ഒരുമാതിരി അവതാരികപോലെ ഗണിക്കേണ്ടതാകുന്നു.

(37) അയിമമ രസനേ നീ തത്വ
വിജ്ഞാനമാകും
കയമതിലവഗാഹം മോഹിയാ
യ്ക്കായതെല്ലാം
വിയദുപരിചരന്മാർക്കുള്ള
കാവ്യപ്രമേയം
വയമൊരുകഥയല്ലോ
ചൊല്ലുവാനുദ്യമിപ്പൂ.

അയിമമ രസനേ = അല്ലയോ എന്റെ നാക്കേ. നീ തത്വ......മോഹിയായ്ക്ക = നീ തത്വവിജ്ഞാനമാകുന്ന കയത്തിൽ അവഗാഹത്തെ മോഹിയായ്ക്ക. അവഗാഹം = മജ്ജനം; മുഴുകുക. ആയതെല്ലാം വിയദുപരി..............പ്രമേയം = അവയെല്ലാം അതായത് തത്വവിജ്ഞാനാദി ചിന്തകൾ ഭൂസ്പർശമില്ലാതെ ആകാശത്തിൽ മീതേ സഞ്ചരിക്കുന്ന കവികളുടെ കാവ്യ വിഷയങ്ങളാണ്. വയമൊരു...............ചൊല്ലുവാനുദ്യമിപ്പൂ = നാം ഒരു കഥ പറയുന്നതിനാണല്ലോ ഉത്സാഹിക്കുന്നത്. അനുരാഗവിഷയങ്ങളെക്കുറിച്ചു വളരെ നേർപ്പിച്ച് ദുർഗ്രഹമായും ധൂമികപാലെ അവ്യക്തമായും മിക്കവാറും അലോകസാധാരണമായും തത്വജ്ഞമ്മന്യന്മാരായ കവികൾ വർണ്ണിക്കുന്ന രീതിയെ തുടരാൻ ഭാവമില്ലെന്നു കവി ഇവിടെ സൂചിപ്പിക്കുന്നു.

(38) തദനുനിജനിതംബാഡംബരാ
ധീനയാനാ
ഹൃദയമൊരുവിധത്തിൽ
സ്വസ്ഥമാക്കിപ്പുതുക്കേ
സദനഗഹനകോഷ്ഠം
തന്നിലാവാളുമന്യാ
വിദിതമൊരുമരുന്നിൻ
ഡപ്പിയും ചെന്നെടുത്താൾ.

തദനു=പിന്നീട്. നിജനിതംബാഡംബരാധീനയാനാ=തൻെറ നിതംബത്തിൻെറ ആഡംബരത്തിന് അധീനമായി യാനംചെയ്യുന്നവരം (സഞ്ചരിക്കുന്നവരം)—അതായത് മന്ദഗാമിനി എന്ന സാരം. ആഡംബരത്വത്തിന്ന ഇവിടെ ഗുരുത്വം അല്ലെങ്കിൽ ഗൌരവം എന്നാൎത്ഥം. ലഘുവായ നിതംബം അല്ലെന്ന ഭാവം. സദനഗഹനകോഷ്ഠം തന്നിൽ=സദനത്തിൻെറ (വീട്ടിൻെറ) ഗഹനമായ (കടക്കാൻ പ്രയാസമായ) കോഷ്ഠം (അറ) തന്നിൽ. അന്യാവിദിതം=അന്യന്മാർ അറിഞ്ഞിട്ടില്ലാത്തതായ ഡപ്പി=ചെപ്പ്.

(39) പടിമയൊടവരണ്ടും
 പൂമുഖത്തിൻെറ,വാതിൽ
പ്പടിയുടെപുറമേ കൊണ്ടിട്ട
 പോൽ വച്ചശേഷം
അടിമലരിലിടഞ്ഞോരാ
 നനപ്പൂനിലാവോ
ടുടനടി ഭവനാന്തർഭാഗമാ
 ശിശ്രിയൽസാ.

പടിമ=പടുത്വം; സാമൎത്ഥ്യം. 'പടു'ശബ്ദത്തിൽ 'ഇമനിച്' പ്രത്യയം. കൊണ്ടിട്ടപോൽവച്ചു എന്ന പറഞ്ഞതുകൊണ്ട് വാളും മരുന്നും ഒരു വിധത്തിൽ അവിടെ കൊണ്ടചെന്നൊത്തിച്ചു എന്ന ഭാവം. അടിമലരിലിടഞ്ഞോരാനനപ്പൂനിലാവോട്ട്=കാലടികളിൽ വ്യാപിച്ച മുഖശോഭയോടുകൂടി—അതായത് അധോമുഖിയായി എന്ന താൽപര്യം. ഇതുകൊണ്ട ലജ്ജ ഗമ്യമാകുന്നു. ഉടനടി=വേഗത്തിൽ. ഭവനാന്തർഭാഗമാശിശ്രിയൽ സാ=അവരം ഭവനാന്തർഭാഗത്തെ ആശ്രയിച്ചു—വീട്ടിനുള്ളിലേയ്ക്കു പോയി എന്നാൎത്ഥം.

(40) വ്രണമഖിലമുണക്കാൻ
 സിദ്ധമാമൌഷധത്തെ
ഗ്ഗുണവതിമകരം കൊണ്ടങ്ങ
 പ്പ്ണം ചെയ്തമൂലം
തണുതണെമനതാരിൽ
 പ്രീതനായ് താതനെന്നാൽ
ക്ഷണമപരനചിത്തം
 സൂനബാണാസ്ത്രലൂനം.

ക്ഷണമപരന............ലൂനം=ഉടനെമററെയാൾക്കു ഹൃദയം സൂനബാണൻെറ അസ്ത്രങ്ങളാൽ ലൂനം (തുളക്കപ്പെട്ടതു്) ആയി തീൎന്നു. സൂനബാണൻ=പൂവമ്പൻ; കാമദേവൻ. വ്രണം ഉണക്കാനുള്ള മരുന്നുകൂടി പറയാതെ തന്നെ നായിക കൊണ്ടു വന്നു കൊടുത്തതുകൊണ്ട് നായികക്കു നായകനിൽ ഉള്ള പ്രതിപത്തി അഭിവ്യക്തമായി തന്നിമിത്തം അച്ഛൻെറ ഹൃദയം തണുത്തു. അതായതു് സന്തുഷ്ടമായി. എന്നാൽ നായകൻെറ ഹൃദയം കാമബാണ ഖണ്ഡിതമാവുകയും ചെയ്തു—അതായത് ചൂട പിടിച്ചു എന്നു താൽപര്യം.

(41) രണധരണിയിലസ്മൽ
 പ്രാണരക്ഷയ്ക്കിവണ്ണം
തുണവെറുമനുകമ്പാ പ്രേരണം
 കൊണ്ടുചെയ്തോ
പ്രണയമസൃണയാണോ
 സ്ത്രൈണമാണിക്യമെന്നിൽ
പണയമഹമിവൾക്കെന്നാ
 യുവാവോത്തുറച്ചാൻ.

രണധരണി=യുദ്ധഭൂമി. അസ്മൽപ്രാണരക്ഷ=എൻെറ ജീവസംരക്ഷണം. തുണവെറുമനുകമ്പാപ്രേരണം കൊണ്ടുചെയ്തോ=ലോകസാധാരണമായ കൃപകൊണ്ട് ഇപ്രകാരം തുണ ചെയ്തതാണോ. പ്രണയമസൃണ=പ്രണയം കൊണ്ട് (അനുരാഗം കൊണ്ട്) മസൃണ (മിനുസമുള്ള—മനോഹരം). സ്ത്രൈണമാണിക്യം=സ്ത്രീസമൂഹത്തിന്ന മാണിക്യക്കല്ലായിട്ടുള്ളവരം— അതായതു നായിക. അഹം—ഇവൾക്കു—പണയം എന്നന്വയം. ഞാൻ ഇവൾക്കു പണയമാണ്—വശ്യനാണെന്നു താൽപര്യം. കേവലം അനുകമ്പ കൊണ്ടു മാത്രമാണ് ഈ മരുന്നുകൂടി കൊണ്ടുവന്നതെങ്കിൽ അത് ഹൃദയത്തിൻെറ ഒരു വിശിഷ്ട ഗുണമാണ്. അഥവാപ്രണയം കൊണ്ടാണെങ്കിൽ യുവാവിനെ സംബന്ധിച്ചിടത്തോളം കുറേക്കൂടി മെച്ചവുമാകുന്നു. രണ്ടായാലും താൻ കടപ്പെട്ടതായി യുവാവു കരുതുന്നതു യുക്തംതന്നെ. യുവാവിനു നായികയിൽ ഉള്ള പ്രതിപത്തി അനുരാഗമായിട്ട ഉറച്ചുതുടങ്ങി എന്നു സൂചന. ഈ ആശയംതന്നെ അടുത്ത ശ്ലോകത്തിൽ കുറെക്കൂടി സ്പഷ്ടമാക്കിയിരിക്കുന്നു.

(42) ലടഭഭടേലലാമപ്രേമ
സാമന്തസേവ്യ
സ്സ്ഥടപദമതിലാന്നാൾ
പ്രൌഢമായി പ്രതിഷ്ഠാം
ഒട്ടവിലവിടെ നിന്നും
യാത്രചൊന്നിട്ടദൃശ്യം
തുടലടിയിലുടക്കപ്പെട്ടപോൽ
പോയിയോധൻ.

ലടഭഭടേലലാമ............... പ്രതിഷ്ഠാം = ലടഭഭടേലലാമപ്രേമസാമന്തസേവ്യ സ്സ്ഥടപദമതിൽ പ്രൌഢമായി പ്രതിഷ്ഠാം ആന്നാൾ എന്നന്വയം. ലടഭ=തരുണി. ഭടലലാമ......സ്സ്ഥടപദമതിൽ=ഭടന്മാക്കു ഭൂഷണമായിട്ടുള്ള ഇവൻെറ പ്രേമമാകുന്ന സാമന്തനാൽ സേവ്യമായിട്ടുള്ള സ്സ്ഥടപദം തന്നിൽ (സ്പഷ്ടമായ പദവിയിൽ). പ്രൌഢമായി പ്രതിഷ്ഠാം ആന്നാൾ=പ്രൌഢമായിരിക്കുന്ന പ്രതിഷ്ഠയെ പ്രാപിച്ചു. അതായതു് നായിക ഒരു രാജ്ഞിയെപോലെ [പ്രസ്തുതയുവാവിൻെറ] പ്രേമമാകുന്ന സാമന്തരാജാവിനാൽ സേവിക്കപ്പെട്ടവളായി തീൎന്നു എന്നു സാരം. അദൃശ്യം തുടൽ=അപ്രത്യക്ഷമായ ഒരു ചങ്ങല. അചഞ്ചലമായ അനുരാഗം നായികയിൽ ഉണ്ടാവുകനിമിത്തം യുവതിയുടെ സന്നിധിയിൽ നിന്നു വിട്ടുപിരിയാൻ നായകനു വളരെ വൈഷമ്യം ഉണ്ടായി എന്നു ചുരുക്കം.

(43) ''വ്യതിഷജതിപദാൎത്ഥാനന്തരഃ
കോപിഹേതുർ
ന ഖലു ബഹിരുപാധീൻ
പ്രീതയഃസംശ്രയന്തേ"
ഇതിമൊഴിഭവഭൂതേ
താവകം സാധുവെന്നോ
ൎത്തിതിലധികമുരയ്ക്കാ
നിച്ഛവിച്ഛിദ്യതേ മേ.

പൂൎവ്വാൎദ്ധം ഭവഭൂതിയുടെ ഉത്തരരാമചരിതം നാടകത്തിൽനിന്നു് ഉദ്ധരിച്ചിട്ടുള്ളതാണു്. വ്യതിഷജാതി.........സംശ്രയന്തേ = ആന്തരഃ— കോപി — ഹേതുഃ—പദാൎത്ഥാൻ— വ്യതിഷജതി. ബഹിരുപാധീൻ—പ്രീതയഃ—ന—ഖലു—സംശ്രയന്തേ. എന്നന്വയം. ആന്തരഃകോപി ഹേതു; പദാൎത്ഥാൻ വ്യതിഷജതി=ആന്തരമായിരിക്കുന്ന (ബാഹ്യമല്ലാത്ത) ഏതോഹേതു (കാരണം) പദാൎത്ഥങ്ങളെ വ്യതിഷംഗിപ്പിക്കുന്നു (പരസ്പരം യോജിപ്പിക്കുന്നു). ബഹിരുപാധീൻ പ്രീതയ:നഖലുസംശ്രയന്തേ=പുറമേയുള്ള ഉപാധികളെ പ്രീതികൾ സംശ്രയിക്കുന്നല്ലില്ല (ആശ്രയിക്കുന്നില്ല) നിശ്ചയം തന്നെ. ഭവഭൂതേ=അല്ലയോ ഭവഭൂതേ. ഇതിതാവകം മൊഴി സാധുവെന്നോൎത്തു് = ഇപ്രകാരമുള്ള തൻെറ (തന്നെസംബന്ധിച്ച) മൊഴി സാധുവെന്നു് (ആക്ഷേപരഹിതമെന്നു്) വിചാരിച്ചു്. ഇച്ഛവിച്ഛിദ്യതേ മേ=മേ ഇച്ഛവച്ഛിദ്യതേ=എൻെറ ഇച്ഛ (ആഗ്രഹം) വിച്ഛേദിക്കപ്പെടുന്നു. ഇവിടെ നായികാനായകന്മാരുടെ ബന്ധം ആന്തരികങ്ങളായ കാൎയ്യങ്ങളെക്കൊണ്ടുണ്ടായി എന്നല്ലാതെ പ്രത്യക്ഷങ്ങളായ ബാഹ്യസംഗതികളാൽ അങ്കുരിച്ചിട്ടുള്ളതല്ലെന്നു സാരം. ഇതു ഭവഭൂതിയുടെ പ്രാമാണ്യം ഗണിച്ചു പറയുന്നതാണു്.

## രണ്ടു് എഴുത്തുകൾ

ഈ രണ്ടെഴുത്തുകളും പ്രൊഫസർ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു കോഴിക്കോട്ടു മാനവിക്രമ ഏട്ടൻതമ്പുരാൻ തിരുമനസ്സിലേയ്ക്കു് അയച്ചവയാകുന്നു. ഇവയിലെ വിഷയം ഏട്ടൻതമ്പുരാൻ തിരുമനസ്സിലെ രണ്ടു കൃതികളായ 'ശൃംഗാരമഞ്ജരീമണ്ഡന'ത്തെയും 'ശ്രീവിശാഖവിജയോല്ലാസ'ത്തെയും കുറിച്ചുള്ള അനുമോദനമാണു്. പ്രൊഫസ്സർ തിരുമേനി,

തിരുവനന്തപുരം സംസ്കൃത കാളേജിലെ പ്രിൻസിപ്പലും അനന്തരം ആംഗലമഹാപാഠശാലയിലെ സംസ്കൃത ദ്രാവിഡഭാഷകളുടെ പ്രൊഫസരും ആകുന്നതിനു വളരെ മുമ്പ്, വെറും ബി. ഏ. ബിരുദധാരിയായിരുന്ന കാലത്തുതന്നേ, സംസ്കൃതത്തിൽ എത്രമാത്രം വൈദുഷ്യം സമ്പാദിച്ചിരുന്നു എന്നും ആ ഭാഷയിൽ അക്ലിഷ്ടവും സുന്ദരവും ആയ രീതിയിൽ കവിതകൾ ചമയ്ക്കുന്നതിന് എത്ര മാത്രം വൈദഗ്ദ്ധ്യം നേടിയിരുന്നു എന്നും ഈ രണ്ടെഴുത്തുകളും വെളിവാക്കുന്നുണ്ട്. ഈ പദ്യങ്ങളുടെ അകൃത്രിമരാമണീയകം സഹൃദയന്മാൎക്ക് ആസ്വാദ്യമായിരിയ്ക്കാനേ വഴിയുള്ളു എന്നാണ് എന്റെ വിശ്വാസം.

സി. പി. പരമേശ്വരൻപിള്ള.

എഴുത്ത്— 1.

ശൃംഗാരമഞ്ജരീമണ്ഡനാനുമോദനപത്രം.

ഭോ ശ്രീമന്തഃ കവിരാജകുമാരാഃ! ശ്രീമത്ഭിഃ പ്രഹിതം ശൃംഗാരമഞ്ജരീമണ്ഡനം സപ്രശ്രയബഹുമാനമുരരീകൃതമസ്മാഭിഃ. ആസാദിതശ്ച തദീയമകരന്ദാസ്വാദപരമാനന്ദഃ പണ്ഡിതൈകാഭിനന്ദ്യം സ്വപുസ്തകം പ്രേഷയത്ഭിഃ ശ്രീമത്ഭിഃ പ്രകാശിതയാ മയി ഗൗരവബുദ്ധ്യാ ധാരിതോസ്മി ബഹൂൻ പ്രണാമാഞ്ജലീൻ. സന്തോഷിതോസ്മി സുതരാം സുചരിതൈകസാദ്ധ്യേന മഹത്സൗഹാർദ്ദലാഭേന. വാച്യന്തിമാസന്നപുടേഷു ശ്രീമൽ പുസ്തകമധികൃത്യ മദീയാശയ ശ്ലോകാഃ—

ശൃംഗാരമഞ്ജരി! രസജ്ഞ
　ജനൈകസേവ്യേ!
പ്രൗഢാ ത്വമേവ ഭുവി
　ഗൂഢഗഭീരഭാവാ
യൽഖണ്ഡിതാപ്യലമനാകുല
　മാത്തധൈര്യ്യാ
ഭൂയഃ പ്രകാശയസി മണ്ഡന
　മംഗകേഷു. ൧

മാധുര്യ്യസാരഭരിതഃ പരിപാകരമ്യഃ
കാവ്യപ്രകാണ്ഡനവപുണ്ഡ്രക
　കാണ്ഡ ഏഷഃ
പ്രൗഢദ്വിജപ്രസഭ
　ഖണ്ഡനതോ രസജ്ഞാ—
സ്വാദോചിതം ബത രസം
　തരസാ പ്രസൂതേ. ൨

അനുമനോഹരശയ്യമുദീരിതാ
മധുരവാഗ്രുചിമജ്ജ്വലനോജ്വലാ
മദയതേ സ്വത ഏവ ഹി കിം പുനർ
മഹിതമണ്ഡനമണ്ഡലമണ്ഡിതാ. ൩

കവിരാജകുമാര കരോദരഗാ
പരമണ്ഡലഖണ്ഡന ശക്തിരിയം
യദനുധ്വരസാമിഗിരം തരസാ
പരുഷം പതതീതി ന ചിത്രമിദം. ൪

തദപ്യേതൽപരം ബ്രൂമഃ.

അചലേ വിബുധേന്ദ്രഗോവിലാസൈഃ
പുര ഏവാത്ര നികൃത്തദുഷ്ടപക്ഷേ
കവിരാജകുമാരശക്തിരേഷാ
തവ ജിഹ്മേതി കഥം ന നിഷ്പതന്തീ. ൫

സഹിതരസമരന്ദസാന്ദ്രമൂൎത്തി
ഭ്രമരഹിതാ സുമനോമനോഭിരാമാ
ചപലകപിവിപാടിതാപ്യുദാരാം
സഹജരുചിം കിമു മഞ്ജരീ ജഹാതി. ൬

സാന്ദ്രസ്യന്ദിമരന്ദസുന്ദരതരേ
　മാകന്ദശാഖാന്തരേ
സൈ്വരം കോകില കോമള
　സ്വരസുധാ സാരേ ത്വയാ പ്രസ്തുതേ
കാകശ്ചേദിഹ കശ്ചന സ്വവിരുതോ
　ദ്ഗാരൈൎശ്ചരേത്സാഹസം
കാഹാനിസ്തവ തേന തം കില ജന
　ശ്ശുശ്രൂഷുരുച്ചാടയേൽ. ൭

ക്വ വിതണ്ഡം പാണ്ഡിത്യം
ക്വാഹം സാഹിത്യസിന്ധുതീരചരഃ
കളഭകരേണ്വോഃ കലഹേ
മേഷ ഇവൈവൈഷോസ്മി മദ്ധ്യസ്ഥഃ ൮

മഹാബലിപുരാൽ ൧൦൯൨ കുംഭം ൧൪ } രാജരാജവർമ്മ ബി. ഏ.

## എഴുത്ത്—ii

വിശാഖവിജയോല്ലാസാനുമോദനപത്രം.

ഭോഃ സുഹൃദഃ കവിരാജകുമാരാഃ! ലബ്ധാ ഭവൽപ്രേഷിതാ പത്രികാ പുസ്തകദ്വയീ ച. അതീതകുംഭമാസാദാരഭ്യ മദ്രപുരപ്രഭൃതിപൗരസ്ത്യനഗരേഷു ദേശയാത്രാം കുർവൻ പ്രതിനിവൃത്തശ്ച തതഃ കശ്ചിൽ കാലമിദാനീം സർവ്വത്ര പ്രചരതാ ത്രൈരാത്രികജ്വരേണാഭിഭൂതഃ. തതശ്ച വ്യാപാരബാഹുല്യാൽ അത്രൈവ കേരളേ തതഇതഃ പര്യടൻ അപരതഃ പഞ്ചഷദിനാന്യപി ക്വചിൽ സ്വാസ്ഥ്യേനാവസ്ഥാതും അവസരമലഭമാനഃ ഇയച്ചിരം പ്രതിപത്രികാം പ്രേഷയിതും നാപാരയമിത്യപരാധോയം മദീയഃ സകരുണം മൃഷ്യതാം ആശംസേ ച മൈത്രീയമാവയോഃ പ്രതിദിനം പ്രവർദ്ധതാമിതി.

ജാതൈവ നൗ ഹി മൈത്രീ
പത്രപ്രതിപത്രയോർവ്യതീഹാരാൽ
സാപ്തപദീനം സഖ്യം
ബ്രൂതേ സാലാതുരീയമുനിഃ. ൧

* * * * *

ശ്രീമൽകേരളവർമ്മണഃ കവിമണേഃ
ഹൃച്ഛുക്തികാസമ്പുടാൽ
സൽകാവ്യാമൃതസംഭൃതാൽ സമുദിതാ
സൂക്തൗഘമുക്താവലിഃ
സാക്ഷാല്ലക്ഷ്മണമാനവിക്രമസുധീ
നിഷ്കൃഷ്ടപാകാദികാ-
സോല്ലാസം സ്ഫുടനായകോത്തമഗുണാ
കണ്ഠേ സതാം ഭാസതാം. ൨

കാവ്യാസ്വാദപരാങ്മുഖൈഃ
കതിപയൈരുദ്വേജ്യമാനാ ചിരാൽ
പ്രവ്രജ്യാഭിമുഖീ ബഭൂവ ബത യാ
ഗീർവ്വാണഗീർവ്വാണിനീ
താമേതാമിഹ മാനവിക്രമകവേർമന്യേ
സമുത്തേജയ-
ത്യുല്ലാസഃ സ്വവിലാസജാലമഖിലം
വേഗാദനുസ്മാരയൻ. ൩

സാക്ഷാൽകേരളവർമ്മപൃത്ഥ്വീപതിഃ
കാവ്യൈകജീവഃ കവി-
ർവ്യാഖ്യാതാ സ ച മാനവിക്രമകവി
ശ്ശാസ്ത്രാബ്ധിമുഷ്ടിന്ധയഃ
വർണ്ണ്യം വസ്തു ച വഞ്ചിവംശതിലക
ശ്രീമദ്വിശാഖേശിതു-
ർവൃത്തം ലോകപവിത്രമിത്യഭിനവോ
ഭാഗ്യക്രമഃ കോപ്യയം. ൪

മദീയ വിടവിഭാവരീപ്രഭൃതികാവ്യാനി ഭവത്ഭ്യഃ പ്രേഷണീയാനീതി സുചിരായ സർവ്വമനോരഥാനാമുപരി വർത്തതേ. കിം കുർമ്മഃ? ഹതവിധിരവസരം ന ദദാതി. താന്യപി യഥായോഗം പ്രേഷയിതും യതിഷ്യേ. ഇതി സർവ്വം കുശലം.

സ്യാനന്ദൂരാൽ ൧൦൯൨ എടവം ൧൦ } രാജരാജവർമ്മ ബി. ഏ.

# മനോധമ്മ താരതമ്യം.

(പി. അനന്തൻപിള്ള, എം. ഏ.)

കുഞ്ചൻനമ്പ്യാരും രാമപാണിവാദനും ഒന്നാണെന്നു കേട്ടുതുടങ്ങിയ നാൾ മുതൽ കുഞ്ചൻനമ്പ്യാരോട് എനിക്കുണ്ടായിരുന്ന ബഹുമാനാദരങ്ങൾ കുറഞ്ഞു തുടങ്ങി. ഇനി രണ്ടാണെന്നു വന്നാൽ തന്നേയും പണ്ടത്തെസ്ഥിതിയിലാകുമൊ എന്നു സംശയമാണ്. കഷ്ടം! കവികൾക്കു വന്നു ചേരുന്ന കഷ്ടകാലം നോക്കൂ! കുഞ്ചന്റെ ഫലിതത്തിനും സാരമായ ന്യൂനതയുണ്ടെന്ന് എനിക്കു തോന്നിത്തുടങ്ങീട്ടു നാളു കുറെ ആയി. സ്വന്തമായിട്ടൊന്നുമില്ല; ഒരു പ്രത്യേകമായ ഭാഷാരീതി മാത്രമുണ്ട്. അതും 99 ശതമാനവും അപഹരണമാണ്. 'കാലനില്ലാത്തകാലം', 'വായുവില്ലാത്തകാലം' ഇങ്ങനെയൊക്കെ ചില ഫലിതമയമായ ദശാവിശേഷങ്ങൾ സങ്കല്പിച്ചു ചിത്രണം ചെയ്യുന്നതിൽ കുഞ്ചൻനമ്പ്യാക്കുള്ള സാമത്ഥ്യം അന്യാദൃശമാണെന്നൊ മറെറാ ആരോ പറഞ്ഞിട്ടുള്ളതായി ഓക്കുന്നു. എന്നാൽ ഇതെല്ലാം പൂവ്വകവികളുടെ മാതൃകകളാണെന്നു വന്നാൽ ശേഷിക്കുന്നതു് കുറെ കുത്തുവാക്കുകളും, പഴഞ്ചൊല്ലുകളും അശ്ലീലങ്ങളും മാത്രമാണ്. 'വായുവില്ലാത്ത കാലം' നോക്കാം' ഇന്ദ്രന്റെ വജ്രായുധമേററു മരിച്ചുവീണ ഹനുമാനെ എടുത്തുകൊണ്ടു വായുഭഗവാൻ ഭൂലോകത്തിൽ നിന്നും പോയപ്പോൾ സംഭവിച്ചതു നമ്പ്യാർ ഇങ്ങനെ വണ്ണിക്കുന്നു.

''ധാത്രിയിലുള്ളോരു ജന്തുക്കളൊകവേ
ചിത്രമെഴുതിയപോലേ ചമഞ്ഞിതു
നിൽക്കുന്നജന്തുക്കളെപ്പാടെ നിന്നു കി-
ടക്കുന്ന ജന്തുക്കളെപ്രകാരം തന്നെ.
ഉണ്ടിരിക്കുന്നവൻ കൈയ്യിലുരുളയും
വെച്ചങ്ങുവായും പിളൎന്നു വാണീടുന്നു
കണ്ടിരിക്കുന്നവൻ കണ്ണും തുറന്നൊരു
കല്പാവപോലെയനങ്ങാതിരിക്കുന്നു.
മുങ്ങുന്നചെങ്ങാതി മുങ്ങിക്കിടക്കുന്നു
തെങ്ങുകേറുന്നവൻ തെങ്ങേലിരിക്കുന്നു.
ഊക്കന്ന ഭൂസുരൻ കൈകളിൽ വെള്ളവു
മാക്കിപ്പിടിച്ചങ്ങനങ്ങാതെ നിൽക്കുന്നു.
നാരിയെക്കെട്ടിപ്പുണരും പുരുഷനും
നാരിയുംകെട്ടിപ്പിണഞ്ഞങ്ങിരിക്കുന്നു.

ഹനുമദുത്ഭവം തുള്ളൽ.

നമ്പ്യാക്കു മൂന്നു ശതാബ്ദങ്ങൾക്കു മുമ്പു് പുനം നമ്പൂരി ഈ സംഭവം തന്നെ ഇങ്ങനെ വണ്ണിച്ചിരിക്കുന്നു.

''ജലധിയിൽ മുഴവൻ ഘോഷമടങ്ങി
പുഴകളുമൊഴുകീടുന്നതടങ്ങി
ഉപവനമെല്ലാമപവനമായീ
സ്ഥാവരമായീ ജംഗമമെല്ലാം
നീരുപ്പാനായ് നിന്നവരെല്ലാം
നേരേ തന്നേ നിന്നേ പോയീ
കലിതവിലാസം വല്ലികളെല്ലാ
മിലയാട്ടുന്നതു പോലുമടങ്ങി
മൂവുലകിങ്കലുമാഹുതി തേട്ടം
പാവകശിഖകളെഴുന്നീലെങ്ങും
പാരിൽ പെരുകിന കസ്തൂരിക്കും
പരിമളസാരം നഷ്ടിപിടിച്ചു
പുഴകിൻ ചാതുരി പിഴകിപ്പോയീ
ചൊല്വാതിൻമണമുവിയിൽ മാഞ്ഞു.
മലയാദ്രീന്ദ്രനു മഹിമ കുറഞ്ഞു
* പന്നഗസുദൃശാം അന്നംമാറീ

* നാഗസുന്ദരിമാർക്കു് ആഹാരമില്ലാതെയായി.

ചെന്താർബാണന്റെ ബന്ധുമൂടിഞ്ഞു
കുയിൽമൊഴിമാർതൻ കുറുനിര കിഞ്ചന
കനകകുനെയിളകി നിറന്നീലെങ്ങും
നീരദപാളികളംബരമാഗ്ഗേ
നീരുചുമന്നു നടന്നീലെങ്ങും
വിവിധമഹാപ്രഭു മന്ദിരനികരേ
വെഞ്ചാമരനിര വെറുതേയായീ
പക്ഷികുലത്തിനു നഭസിപറപ്പാൾ
പക്ഷപുടത്തിനു കെൽപ്പു കുറഞ്ഞു
കുതിരകളിളകാഞ്ഞംബരമാഗ്ഗേ
കതിരവനുടനേ യാത്രമുടങ്ങി.

ഇനി ത്രിമൂർത്തികൾക്കെന്താണുപററി യതു്?

ശിവൻ.

മലർശരരിപുതൻതിലകത്തിന്നൊരു
കൂട്ടുകുറഞ്ഞു വിലാസം മാറി.

വിഷ്ണു.

പ്രണയരസായന ലഹരീമാല, ക
ടക്കൺ മുക്കിലണിഞ്ഞുസലീല
മണഞ്ഞുപിണഞ്ഞു ചമഞ്ഞു പുണന്നൊരു
പരമാനന്ദപരമ്പരകൊണ്ടു നി-
മീലിതലോചനമംബുധരത്തൊട്ടു-
രുമ്മിനിറം കലരുന്ന തടില്ലത
യോടെതിരിട്ടതനുദ്യുതി പൂണ്ടു സ-
ദാ തിരുമാറിലമന്തിവേലം
മംഗലമേറിനമംഗലദേവത
തൻകുളർകൊങ്കയിൽ വാണവിശൃംഖല-
മായ്മരുവുന്ന മഹാസുഖമൂർച്ഛന
കൊണ്ടുസലീല മുറങ്ങിന സാക്ഷാൽ
നാരായണനും പര്യങ്കത്തിന-
ശങ്കിതമേവ പതുപ്പു കുറഞ്ഞു പ-
രിഭ്രമലോലമുണന്നിതകാണ്ഡേ.

ബ്രഹ്മാ.

ഭുവനകദംബവിനിർമ്മിത കമ്മണി
സാധകതമമാം ഭൂതകുലത്തിൻ
* പെരുമാളായതു പരമില്ലാഞ്ഞുപ
യോജഭവൻ പെട്ടുമാടലൊരോന്നേ
പെരികെപ്പെരികെപ്പറവാൻ നാലം.

ഇതിന്നു കാരണഭൂതനായ ദേവേന്ദ്ര ന്റെ സ്ഥിതി എന്തായിരുന്നു?

ഭൂമിയിൽ യാഗം മുടങ്ങിയതുകൊണ്ടു പട്ടിണി കിടക്കേണ്ടിവന്നു. ആകയാൽ

"പൌലോമീകുചകഠിനത മാററ-
ത്തേററുപൊറുപ്പാൻ കെല്പില്ലാഞ്ഞും
വലരിപുതടിയനൊരുണ്ണില്ലാഞ്ഞ
ക്കണ്ണും നട്ടക്കവിളും ചുളുകി ന-
ടന്നതു പാത്താലധികവിനോദം.
പലരുമകാണ്ഡേ പാതികുളിച്ചും
പാതിഭജിച്ചും പാതിഭുജിച്ചും
മററുമിവണ്ണം വിവിധവ്യാപാ-
രങ്ങളിൽ മദ്ധ്യേ വീണുമുടങ്ങിയു
മംഗമൊടിഞ്ഞും ഭംഗമടഞ്ഞും
ഞാണില്ലാതൊരു വീണകൾപോലേ
കുതിരകുലഞ്ഞമണിത്തേർ പോലേ
ചിറകുമുറിഞ്ഞ ഖഗാവലിപോലേ
നരവരരില്ലാ നാട്ടുകൾപോലേ
പരിമളമില്ലാ മലർനിരപോലേ
നീരില്ലാതസരസ്സുകൾപോലേ
തീയില്ലാതൊരു കുണ്ഡംപോലേ
അറിവില്ലാതകകാമ്പുകൾപോലേ
വൈധവ്യം വന്നരുവയർ പോലേ
കഷ്ടം ശിവ ശിവ കഷ്ടം കഷ്ടം
ത്രിഭുവനമൊക്കെക്കശ്മലമാസീൽ.

രാമായണചമ്പു.

പുനംനമ്പൂരിയുടെ ചമ്പുക്കൾ സഭ സ്സിൽ ചാക്യാന്മാർ കഥനം ചെയ്തുവന്നി രുന്നു എന്നു വിദ്വാന്മാർ സമ്മതിക്കുന്ന

* പഞ്ചഭൂതങ്ങളിൽ പ്രധാനമായ വായുവില്ലാതെ സൃഷ്ടിക്കാര്യങ്ങൾ നിവ്ഹിക്കുന്നതെങ്ങനെ?

സ്ഥിതിക്ക് മിഴാവുകൊട്ടിക്കൊണ്ടിരുന്ന നമ്പ്യാർ ഇതെല്ലാം കേട്ടുപഠിച്ചു എന്നും പിന്നീടു തുള്ളലിൽ സംക്ഷേപിച്ചു പ്രയോഗിച്ചുഎന്നും പറയാമായിരുന്നതു് ഇപ്പോൾ പാണിവാദൻ കാരണം പാടില്ലാതെ ആയി. വേണ്ട. പോകട്ടെ.

---

# സ്വാഗതം.

ശൂരനാട്ടു കുഞ്ഞൻപിള്ള എം. എ.

ഏതോ ഒരു് അദൃശ്യലോകത്തുനിന്നു ഞങ്ങളെ അനുഗ്രഹിക്കാൻ സമാഗതയായിരിക്കുന്ന ഭവതിക്കു് ഞാൻ ഹാർദ്ദമായ സ്വാഗതം പറഞ്ഞുകൊള്ളുന്നു. അനുഗ്രഹപൂർണ്ണമായ സാന്നിദ്ധ്യം കൊണ്ടും, അതിദിവ്യമായ മന്ദഹാസശോഭകൊണ്ടും ഞങ്ങളുടെ ഗൃഹത്തെ പരിപാവനവും പരമസുഖാവഹവും ആക്കി വളരെക്കാലത്തേക്കു് ഭൂലോകത്തെ അലങ്കരിക്കാനും, ആനന്ദിപ്പിക്കാനും ലോകേശ്വരനാൽ നിയുക്തയായ നിനക്കു് അപരിചിതമായ ഈ സ്ഥലത്തു വേണ്ട മാർഗ്ഗദർശനം ചെയ്യാനും, ഒത്താശകൾ ചെയ്യാനും ഉള്ള ഭാഗ്യം തന്നതിൽ സർവ്വേശ്വരനായ ലോകനിയന്താവിനോടു ഞങ്ങൾക്കു് അവാച്യമായ കൃതജ്ഞതയുണ്ടു്. നീ ഞങ്ങളുടെ പ്രണയവല്ലരിയിൽ ആദ്യം ഉണ്ടായ പുണ്യമുകുളമാണു്; നീ വളൎന്നു വികസിക്കുമ്പോൾ നിന്റെ യശഃപരിമളംകൊണ്ടു് ഈ ലോകം നിറയും. നീ അന്നു പൊഴിക്കുന്ന സ്നേഹധാരയിൽ ദിക്കെങ്ങും ശാന്തിയും സുഖവും നിറയും. നീ ഞങ്ങളുടെ പ്രണയനഭസ്സിലെ പൂർണ്ണേന്ദുവാണു്. നീ പൊഴിക്കുന്ന മന്ദഹാസമൃദുമരീചികൾ ഞങ്ങളുടെ ജീവിതത്തെ നിതരാം ശോഭായമാനമാക്കും. ആ ശോഭയിൽ ഞങ്ങളുടെ കണ്ണു കുളിരും; മനസ്സ് അലിയും. ഇന്നു ഉദിച്ച ഇളം കുരുന്നായ നീ ഉയൎന്നുയൎന്നു അത്യുച്ചസ്ഥാനത്തിൽ നിന്നു പ്രഭാവൎഷിണിയായി ജഗദാഹ്ലാദനം ചെയ്യുന്ന ആ ശുഭാവസരത്തിൽ ഞങ്ങളുടെ ഹൃദയത്തിനുണ്ടാകുന്ന വേലിയേററത്തെപ്പററി സംഭാവനംചെയ്യുമ്പോൾത്തന്നെ രോമാഞ്ചമുണ്ടാകുന്നു.

സന്ധ്യാസമയത്തു് അന്തരിക്ഷത്തിന്റെ ഒരു കോണിൽ ഒരൊററ നക്ഷത്രം മാത്രം നിൽക്കുന്നതുകാണാൻ കൗതുകമാണു്. ഒരു സരസ്സുനിറയെ താമരപ്പൂക്കൾ വിരിഞ്ഞുനിൽക്കുന്നതു കാണാൻ സുഖമാണു്. വികസിച്ചു നിൽക്കുന്ന ഒരു പൂവിൽ സുഖമായി ഇരുന്നു തേൻ നുകരുന്ന ഒരു ചിത്രശലഭത്തെ കാണുന്നതു് രസമാണു്. കടലിൽ നിന്നു ഉദിച്ചുവരുന്ന പൂർണ്ണചന്ദ്രനെക്കാണുന്നതു് അത്യന്തം അഹ്ലാദപ്രദമാണു്. ലാളിച്ചു ശുശ്രൂഷിച്ചു വളൎത്തുന്ന റോസാച്ചെടിയിൽ ആദ്യം വിരിയുന്ന പൂവു മന്ദമാരുതനിൽ ആടിക്കൊണ്ടു നിൽക്കുന്നതു കണ്ടാൽ മനസ്സും അതിനൊത്തു നൃത്തം ചെയ്യും. രാത്രിയിൽ അന്ധകാരത്തെ ചീന്തിഖണ്ഡിച്ചു ഒരു സ്വർണ്ണരേഖയുണ്ടാക്കിക്കൊണ്ടു സഞ്ചരിക്കുന്ന മിന്നാമിനുങ്ങും, സൂര്യോദയസമയത്തു വിടൎന്നു വരുന്ന പൂവിൽ രത്നപ്രഭാപൂരം പൊഴി

ച്ചുകൊണ്ടു ലസിക്കുന്ന മഞ്ഞുതുള്ളിയും അതിശോഭാവഹങ്ങളാണ്. എന്നാൽ അവയ്ക്കൊന്നിനും നിന്നെപ്പോലെയുള്ള സൗന്ദര്യം ഇല്ലതന്നെ. നിന്നെപ്പോലെയുള്ള അനുഗ്രഹശക്തിയും ഇല്ല. നീ ഞങ്ങളുടെ കണ്ണിന് അമൃതധാരയാണ്. നിൻെറ സാന്നിദ്ധ്യം ഞങ്ങൾക്കു ദൈവാനുഗ്രഹത്തിൻെറ ലക്ഷ്യമാണ്. നിൻെറ ഓരോ മുഖഭാവങ്ങളും ഞങ്ങൾക്ക് ഓരോ ആജ്ഞകളാണ്. നിൻെറ മന്ദഹാസത്തിൽ ഞങ്ങൾക്കു തൃപ്തിയും, നിൻെറ മുഖം കോട്ടലിൽ ഞങ്ങൾക്കു കുണ്ഠിതവും, നിൻെറ കരച്ചിലിൽ ഞങ്ങൾക്കു കൎത്തവ്യവിലോപത്തിലുള്ള ഭയവും ഉണ്ടാകുന്നു.

നിന്നെ കാണുമ്പോൾ എനിക്ക് എന്തെല്ലാം വിചാരങ്ങളുണ്ടാകുന്നെന്നോ? നിൻെറ ഭാഷ ഞങ്ങൾക്കും ഞങ്ങളുടെ ഭാഷ നിനക്കും വശമല്ലല്ലോ. നിൻെറ ഭാഷ മനസ്സിലാക്കാൻ ഞങ്ങൾ വൃഥാ ശ്രമിക്കുന്നു. അതിൽ ഞങ്ങൾക്കു പരാജയമേ ഉള്ളൂ. പക്ഷേ കാലക്രമത്തിൽ ഞങ്ങളുടെ ഭാഷ നിനക്കും വശമാകും. എന്നാൽ, അപ്പോഴേക്കും ഞങ്ങൾക്ക് അറിയേണ്ട കാൎയ്യങ്ങളെല്ലാം നീ മറന്നു കഴിയും; നീയും ഞങ്ങളേപ്പോലെ ഇവിടത്തേ ചുററുപാടുകളിൽ താല്പൎയ്യം പ്രദൎശിപ്പിച്ചു തുടങ്ങും. നീ വന്ന കാൎയ്യം വിസ്മരിക്കും. നിനക്ക് ഇപ്പോൾ പരിചയമുള്ള കാൎയ്യങ്ങൾ വിസ്മൃതിയിൽ ലയിക്കും. ഉത്തരം ഇല്ലെങ്കിൽ വേണ്ടാ. ചോദിക്കുകതന്നെ ചെയ്യുന്നു. നീ ഏതു ലോകത്തുനിന്നാണ് ഇങ്ങോട്ടു വരുന്നത്? അവിടെ എന്താണു വിശേഷങ്ങൾ. ഞങ്ങളെപ്പോലെയുള്ള ജീവികൾ തന്നെയാണോ ആ ലോകങ്ങളെയും അധിവസിക്കുന്നത്. നിൻെറ പുഞ്ചിരികൊണ്ടു ഞാൻ അനുമിക്കുന്നത്, നീ സുഖാവഹങ്ങളായ പൂൎവ്വകാൎയ്യങ്ങളേപ്പററി സ്മരിക്കുന്നു എന്നാണ്. നീ സ്വൎഗ്ഗംഗയിൽ നീന്തിക്കളിച്ചുകൊണ്ടിരിക്കുമ്പോൾ ഉൎവ്വശിയുമായി മത്സരിച്ച് ചുററും കിടന്ന ഹംസപക്ഷികളെ പിടിക്കാൻ ശ്രമിച്ചതിൽ നിനക്കു വിജയവും, ആ സ്വൎവ്വേശ്യയ്ക്കു പരാജയവും സംഭവിച്ചതു് ഓൎത്താണോ നീ ചിരിക്കുന്നത്? അല്ലെന്നോ. പിന്നയോ, ചന്ദ്രനിൽ നീ ഒരു് ഏഴുനിലമാളിക നിൎമ്മിച്ച് ദേവസമൂഹത്തെ കാവൽനിറുത്തി, അതിൻെറ മണിമച്ചിൽ കിടന്നു മയങ്ങിയപ്പോൾ കാണാൻ ഇന്ദ്രൻ വന്നു പടിക്കൽ നിൽക്കുന്നു എന്നുള്ള വിവരം പറഞ്ഞു് ഉപദ്രവിച്ച ദാസിയോടു വൈരസ്യം നടിച്ചതോൎത്താണോ? അതോ, സുന്ദരങ്ങളായ ലോകങ്ങളിൽ സഞ്ചരിക്കെ വികൃതിപ്രിയന്മാരായ അവിടത്തേ ആളുകളുടെ വിനോദങ്ങൾ കണ്ട കാൎയ്യം ഓൎത്താണോ? ഒരു വേള, നീ ഇങ്ങോട്ടു പോരാൻ നേരത്തു് ഈശ്വരനേ മുഖം കാണിച്ചു യാത്രചോദിക്കാൻചെന്ന കഥ ഓൎത്തായിരിക്കാം. പടിവാതൽ കാത്തുകൊണ്ടുനിന്നവർ നീ ചെന്ന വിവരം അറിയിച്ചപ്പോൾ ദേവി തന്നെ നിന്നെ ഉള്ളിലോട്ടു കൂട്ടിക്കൊണ്ടുപോകാൻ എഴുന്നള്ളി. ജഗന്മാതാവിൻെറ സ്പൎശനത്തിൽ നീ പുളകിതഗാത്രിയായി. ലോകരക്ഷചെയ്യുന്ന ഭഗവാൻ നിന്നെ മന്ദഹാസപൂൎവ്വം മടിയിലിരുത്തി, പതുക്കെ തലോടി. നിനക്കു യാത്ര പറഞ്ഞപ്പോൾ, 'മകളേ നീ ദീൎഘകാലം ഭൂലോകത്തു വസിച്ച്, ലോകാനുഗ്രഹകരങ്ങളായ പല മഹനീയകൃത്യങ്ങളും ചെയ്യുക' എന്നു് ആശീൎവ്വാദം ചെയ്തു തലയിൽ കൈയ്‌വച്ച് അനുഗ്രഹിച്ചു. ഭഗവതിയാകട്ടെ, 'മകളേ നിനക്കു പരിചൎയ്യയ്ക്ക് ഞങ്ങൾ ഭൂമിയിൽ കല്പിച്ചിട്ടുള്ള നിൻെറ

പിതാക്കൾക്ക് നിത്യാനന്ദവർഷിണിയായും, മഹാഭാഗ്യവതിയായും, സുഖൈശ്വര്യവതിയായും തീരുക. നൂതനമായി നീ കാണാൻ പോകുന്ന ഭൂലോകം നിനക്കു പരിചയമുള്ള ഈ ലോകം പോലെയല്ല. അവിടെ സുഖദുഃഖങ്ങൾ സമ്മിശ്രങ്ങളായിരിക്കുന്നു. അവിടെ അസമത്വമാണു ജീവതത്വം. ആകാശ ചുംബികളായ പർവ്വതങ്ങൾപോലെതന്നെ അവിടെ പാതാളസ്പർശികളായ സമുദ്രങ്ങളുമുണ്ട്. വിശ്വാസത്തേക്കാൾ അവിശ്വാസവും, സത്യത്തേക്കാൾ അസത്യവും, ധർമ്മത്തേക്കാൾ അധർമ്മവും അവിടെ കൂട്ടിക്കാണും. നിനക്ക് ഐശ്വര്യവും, ആരോഗ്യവും, സ്ഥാനവും മാനവും ഉണ്ടാകും. അവ സാധുരക്ഷണത്തിനും, ധർമ്മസ്ഥാപനത്തിനുമായി നീ വിനിയോഗിക്കണം. മകൾ ചെല്ലുക. നീ എവിടെ ഇരുന്നാലും എന്റെ അനുഗ്രഹവും, അദൃശ്യമായ സാന്നിധ്യവും നിനക്ക് എപ്പോഴും ഉണ്ടായിരിക്കും,' എന്നു പറഞ്ഞു കവിളിൽ ചുംബിച്ചു. അന്നേരം അഞ്ജലിബന്ധം ചെയ്തുകൊണ്ട് ആ ജഗന്മാതാവിന്റെ സ്മിതപ്രഭയിൽ മുഴുകി നീ നില്ക്കെ ഭഗവത് പാർഷദർ നിന്നെ യാത്ര അയയ്ക്കാൻ ചുററും വന്നുകൂടി. ആ കാഴ്ച ഇപ്പോൾ ഓർത്ത് അവരോടു യാത്ര ചോദിക്കുന്ന ഭാവത്തിലായിരിക്കാം നീ മന്ദഹസിക്കുന്നത്? അതോ സരസ്വതീഭഗവതിയെ കണ്ടു കൈവണങ്ങിയപ്പോൾ ആ ദേവിയുടെ വാക്ക് ഓർത്താണോ നീ മന്ദഹസിക്കുന്നത് ? കുന്ദേന്ദുതുഷാരഹാരധവളയായി, ശ്വേതവസ്ത്രാവൃതയായി, വീണാവരദണ്ഡമണ്ഡിതഹസ്തയായി, ശ്വേതപത്മാസനയായി, ബ്രഹ്മാച്യുതശങ്കരപ്രഭൃതികളാൽ പൂജിതയായ ആ ദേവിയെ അടുത്തുകണ്ട് നമസ്കരിച്ചിട്ടാണല്ലോ നീ ഇങ്ങോട്ടു തിരിച്ചത്. ഓംകാരപഞ്ജരശുകി എന്നും, ഉപനിഷദുദ്യാനകേളികളകണ്ഠി എന്നും, ആഗമവിപിനമയൂരി എന്നും മററും സംസ്തുതയായ ആ ദേവി നിന്നെ മാറോടണച്ച് ആശ്ലേഷിച്ച് അനുഗ്രഹിച്ചു. ഇല്ലേ. "ലക്ഷ്മിയുടെ അനുഗ്രഹം സിദ്ധിക്കുന്നവരോട് എനിക്കു മല്ലാണ്. എന്നാൽ, മകളേ നിന്റെ കാര്യത്തിൽമാത്രം ആ അസൂയ ഞാൻ പരിവർജ്ജിക്കുന്നു. ഇന്ദിര നിന്നെ അനുഗ്രഹിച്ചുവെങ്കിലും നിന്നോടുള്ള അതിവാത്സല്യം ഓർത്ത് ഞാൻ പരിഭവിക്കുന്നില്ല. എന്റെ സ്തനദ്വയങ്ങൾ തന്നു ഞാൻ വളർത്തിയ എന്റെ ഓമനമകളായ നീ എന്റെ അവതാരം പോലെ ഭൂമിയിൽ ശോഭിക്കും. കലകളിലെല്ലാം നിനക്ക് അസാമാന്യമായ അഭിരുചിയും, അഗാധമായ അവഗാഹവും സിദ്ധിക്കും.

'കനക്കുമർത്ഥവും സുധ
കണക്കപ്പദനിരയും
അനർഘ്മം യമകവും
അനുപ്രാസമുപമാദി-
ഇണക്കം കലർന്നു രമ്യം
ജനിക്കും നൽസാരസ്വതം'

നിനക്ക് യത്നം കൂടാതെ സിദ്ധിക്കും. എന്റെ അനുഗ്രഹംകൊണ്ട് സർവ്വശാസ്ത്രവിചക്ഷണയാകും. വാക്കുകൊണ്ടു നീ ലോകത്തെ ജയിക്കും. എന്നാൽ സത്യത്തിനായിട്ടും ധർമ്മത്തിനായിട്ടും മാത്രമേ നിനക്കു ഞാൻ തരുന്ന ഈ അനുഗ്രഹം ഉപയോഗിക്കാവൂ. ആ വിഷയിൽ ഞാനും ലക്ഷ്മിയോടു ചേരുന്നു", എന്നു പറഞ്ഞു് അനുഗ്രഹിച്ചു. ആ യാത്രപറച്ചിലിന്റെ സ്വഭാവം ഓർത്താണോ ഇപ്പോൾ മന്ദഹസിക്കുന്നത്? ആയിരിക്കാം. ത

ന്നോടുള്ള വാത്സല്ല്യത്തിനുപുറമേ വിദ്യാദേവതയായിരുന്നിട്ടും ആ ദേവിക്കു ലക്ഷ്മിയോടുള്ള വൈരസ്യം തെളിഞ്ഞുദിച്ചതു് ഓത്താൽ മന്ദഹസിക്കാതെ നിവൃത്തിയില്ല. എന്തു്? നീ പുരികം ചുളിക്കുന്നതു്. സരസ്വതീഭഗവതിയുടെ കാൎയ്യമല്ലെങ്കിൽ പിന്നെന്തു്? കൈലാസത്തിലെക്കഥയോ? ആ കാളിക്രൂളികളേയും മററും കണ്ടിട്ടോ? നാന്ദികേശ്വരൻെറ മട്ടോ, ഗണപതിയുടെ കുടവയറോ, ഭഗവാൻെറ ആനത്തോലുടയാടയോ ഏതാണു് നിനക്കു ചിരിക്കാൻ കാരണമായതു്? അവിടത്തെ കാഴ്ച കണ്ടാൽ ആരും ചിരിച്ചുപോകും. സംശയമില്ല. ആരോ പറഞ്ഞിട്ടുണ്ടു് അവിടത്തേ കുടുംബകലഹത്തെപ്പററി. ഗണപതിയുടെ വാഹനമായ എലിയെ പിടിച്ചുതിന്നാൻ ശിവൻെറ ദേഹത്തു കിടക്കുന്ന സൎപ്പങ്ങൾ ലഹളകൂട്ടുന്നു. പാൎവ്വതിയുടെ സിംഹം ഗണപതിയെക്കണ്ടു് ആനയെന്നു ധരിച്ചു കൊന്നുതിന്നാൻ തുടങ്ങുന്നു. സുബ്രഹ്മണ്യൻെറ മയിൽ ശിവൻെറ ശരീരത്തിലണിഞ്ഞിരിക്കുന്ന പാമ്പുകളെ ഭക്ഷിക്കാൻ വട്ടംകൂട്ടുന്നു. ശിവൻെറ ജടയിലിരിക്കുന്ന ഗംഗാദേവി വളരെക്കാലമായുള്ള അവിടത്തേ ഇരിപ്പുകൊണ്ടു മുഷിഞ്ഞുവെളിക്കോട്ടു കടക്കാൻ തീൎച്ചയാക്കുന്നു. സാപത്ന്യം സഹിക്കവയ്യാതെ പാൎവ്വതി ഗംഗയെ കോപകലുഷമായ കണ്ണുകൊണ്ടു നോക്കുന്നു. അച്ഛൻെറ തലയിലണിഞ്ഞിരിക്കുന്ന ബാലചന്ദ്രനെ പിടിച്ചു കളിക്കാനായി ഗണപതി തുമ്പിക്കൈ പൊക്കുന്നു. ശിവൻെറ ഭിക്ഷാപാത്രമായ ബ്രഹ്മാവിൻെറ കപാലം അടുത്തു വച്ചിട്ടുണ്ടു്. ഇതെല്ലാം കണ്ടിട്ടും ഒരിളക്കവും കൂടാതെ മഹാദേവൻ വാമാൎദ്ധമായ ദേവിയുടെ പൂമെയ് തടവിക്കൊണ്ടിരിക്കുന്നു. സുബ്രഹ്മണ്യൻ കവടിക്രിയയിൽ ലയിച്ചു് ഈ വികൃതികളൊന്നും നോക്കാതെ ഇരിക്കുന്നു. കാളിക്രൂളികളായ ഭൂതഗണങ്ങൾ പല സ്ഥലങ്ങളിലായി ആജ്ഞകൊത്തുനില്ക്കുന്നുണ്ടു്. ഈ ബഹളം കണ്ടാൽ നേരംപോക്കുതന്നെ. നിന്നെ ഈശ്വരനും ഭഗവതിയും മംഗലാശിസ്സുകൾ നൽകി യാത്രയാക്കിയ നിമിഷത്തിലുണ്ടായ സന്തോഷഭരമായിരിക്കും ഇപ്പൊഴും സ്മിതരൂപത്തിൽ ബഹിൎഗ്ഗമിക്കുന്നതു്. നിൻെറ സ്മിതഹേതു എന്തെന്നു് ഇങ്ങനെ ആരാഞ്ഞാൽ അവസാനമില്ല. നീ ഒന്നും മറുപടിപറകയും ഇല്ല. കാരണം എന്തെങ്കിലും ആകട്ടെ. അതെനിക്കു് അളവററ ആനന്ദം തരുന്നുണ്ടു്. ഞങ്ങളുടെ ഗ്രഹണപടുതയെ അതിക്രമിക്കുന്ന ഏതോ ഒരു ദിവ്യജ്ഞാനം കലൎന്നതിയാണു് നീ ഈ സ്മിതവൎഷം ചെയ്യുന്നതു്.

ഇവിടെ വരാൻ നിന്നെ പ്രേരിപ്പിച്ച ഉദ്ദേശമെന്താണെന്നു ധരിക്കുന്നതും വിഷമംതന്നെ. ഞങ്ങളുടെ കാൎയ്യവും വ്യത്യസ്തമല്ല. ഇവിടെ വന്നു എന്നല്ലാതെ എന്തിനായി വന്നു എന്നു് ഞങ്ങളാരും തിരക്കാറില്ല. അങ്ങനെ തിരക്കുന്നവരെ ഭ്രാന്തരെന്നാണു സാധാരണ കരുതിപ്പോരുന്നതു്. ഫലമില്ലാത്ത ഒരു അന്വേഷണത്തിനു പുറപ്പെടുന്ന അത്തരക്കാരെ ആ വിധത്തിൽ പരിഹസിക്കുന്നതിനെപ്പററി പരാതിപ്പെടാനും അവകാശമില്ല. ഇവിടെ വരുന്നതുവരെ മാത്രമെ വരവിൻെറ ഉദ്ദേശത്തെപ്പററി ബോധം ആവശ്യമുള്ളു എന്നാണു ഞങ്ങളുടെ ധാരണ. വന്നുകഴിഞ്ഞാൽ, 'വന്നല്ലോ, അതുതന്നെ ഉദ്ദേശം' എന്ന മട്ടാണു പലരി

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYAKA VEEDU
MALAYINKIL

ലും കണ്ടുവരുന്നതു്. പലകാലങ്ങളിലും പലരും ജനനകഥയെ ആരാഞ്ഞു പുറപ്പെട്ടിട്ടുണ്ടു്. അവരുടെ എല്ലാം അന്വേഷണഫലമായി നമുക്കു് അനുഭവപ്പെടുത്താൻ പ്രയാസമായിട്ടുള്ളതും, മനസ്സിലാക്കാൻ നിവൃത്തയില്ലാത്തതുമായ പല സിദ്ധാന്തങ്ങളും ഉണ്ടായിട്ടുണ്ടു്. നിന്റെ ആഗമനത്താൽ ആഹ്ലാദമത്തമായ എന്റെ മനസ്സു് അമ്മാതിരി ശുഷ്കതത്വങ്ങളോടു വൈമുഖ്യം കാണിക്കയേ ചെയ്യുന്നുള്ളു. കൃച്ഛ്റങ്ങളായ തപസ്സുകൾ അനുഷ്ഠിച്ചു ദേഹത്തെ ക്ലേശിപ്പിച്ചും, മനസ്സിനെ ധ്യാനാദികളാൽ ഏകാഗ്രമാക്കിയും അനവധികാലം മോക്ഷാൎത്ഥികളായി കഴിക്കുന്നവരുണ്ടു്. അവൎക്കു് ഈശ്വരസാക്ഷാത്കാരമാണു് ഉദ്ദേശം. ആ ഉദ്ദേശപ്രാപ്തിയിലാണു് അവൎക്കു പൂൎണ്ണാനന്ദം ലഭിക്കുന്നതു്. അവർ അങ്ങനെ ചെയ്തുകൊള്ളട്ടെ. എനിക്കു വിരോധമില്ല. അതല്ല അവൎക്കു് ആനന്ദമെന്നു് ഞാൻ വാദിക്കാൻ പോകുന്നില്ല. എനിക്കു് അങ്ങനെ വാദിക്കേണ്ട ആവശ്യവും ഇല്ല. തപശ്ചൎയ്യാദികളായ ക്ലേശപൂൎണ്ണവിധികളാൽ അവൎക്കു സിദ്ധിക്കുന്ന പരമാനന്ദം നിന്റെ മുഖദൎശനത്തിൽ എനിക്കു് ഉണ്ടാകുന്നു. എനിക്കു് ഇതാണു ക്ഷം. സാന്ദ്രമായ ആനന്ദപ്രസരം നിന്നെ കാണുമ്പോൾ എനിക്കു് ഉണ്ടാകുന്നു. വേറെ ഒന്നിൽ നിന്നും കിട്ടാത്ത എന്തോ ഒരു ദിവ്യാനുഭവം നിന്നെ കാണുമ്പോൾ എനിക്കു ലഭിക്കുന്നു. ഇതു മോക്ഷം അല്ലെന്നോ, മോക്ഷം ഇതിലും ഉപരിയാണെന്നോ പറയാൻ ആൎക്കും അവകാശമില്ല. ഒരായിരം അഴൽ ഉണ്ടായിരിക്കട്ടെ, നിന്നെ കണ്ടുകഴിഞ്ഞാൽ ക്ഷണത്തിനുള്ളിൽ സകലതും വിസ്മരിച്ചുകഴിഞ്ഞു. വെയിൽ കൊണ്ടു വലഞ്ഞു മണൽക്കാട്ടിൽ കൂടെ വളരെനേരം യാത്രചെയ്തു ദാഹംകൊണ്ടു മരിക്കാറായ ഒരാൾക്കു് ഒരു പൂഞ്ചോലയിൽ നിന്നു വെള്ളം കുടിക്കാനിടവന്നാലുള്ള പരമമായ ആശ്വാസം എത്രത്തോളമുണ്ടോ അതിലും കൂടുതലായ സൗഖ്യമാണു കൃത്യശതങ്ങളിൽ ഉഴലുന്ന എന്റെ മനസ്സിനു് നിന്റെ ദൎശനം പ്രദാനം ചെയ്യുന്നതു്. സുഖദുഃഖാതീതമായിരിക്കുന്ന അവസ്ഥയിൽ എന്താണു രസം? അതൊരു കല്ലിന്റെ സ്ഥിതിയല്ലേ? അതു ചിലൎക്കു കാമ്യമായിരിക്കാം. അവരുടെ രുചിയെ ഞാൻപഴിക്കുന്നില്ല. പ്രത്യുത, അപൂൎണ്ണതയിൽ മാത്രം രസിക്കാവുന്ന എന്നെ പൂൎണ്ണതയിലേക്കു എടുത്തുകൊണ്ടു പറന്നു ശ്വാസം മുട്ടിക്കരുതെന്നു് അപേക്ഷിക്കുന്നതേയുള്ളു. ഈ ലോകത്തോടു് എനിക്കു് ഇഷ്ടമാണു്. സൂൎയ്യനോടും ചന്ദ്രനോടും നക്ഷത്രഗണങ്ങളോടും, വീശുന്ന കാററിനോടും നദികളോടും ഞാൻ പ്രത്യേകം പ്രത്യേകം കടപ്പെട്ടുപോയി. എനിക്കു കൊടുത്തു വീടാൻ വയ്യാത്തവണ്ണം അത്ര വലിയ ഒരു കടം ചുററുമുള്ള പ്രപഞ്ചത്തിനോടു് ഉണ്ടു്. ആ കടം തീൎത്തിട്ടുവേണം ഞാൻ മോക്ഷാൎത്ഥിയാകാൻ. എനിക്കു പകലെല്ലാം വെളിച്ചം തന്നതു് സൂൎയ്യദേവനാണു്. അതിനുള്ള പ്രതിഫലം കൊടുത്തിട്ടില്ല. എത്രയോ രാത്രികളിൽ ചന്ദ്രൻ എന്നെ അമൃതിൽ ആറാടിച്ചിട്ടുണ്ടു്. അതിനുള്ള കൂലിയും ഞാൻ വീടാൻ നിശ്ചയിച്ചിട്ടില്ല. ഞാൻ പരിശ്രാന്തനായി നടന്നു പോകുന്ന അവസരങ്ങളിൽ എത്രയോ വൃക്ഷങ്ങൾ തണലു തന്നിട്ടുണ്ടു്. എത്രയോ പ്രാവശ്യം

മന്ദമാരുതൻ എന്നെ തഴുകി പ്രീണിപ്പിച്ചിട്ടുണ്ട്. എത്രയോ കിളികൾ പാടി സുഖിപ്പിച്ചിട്ടുണ്ട്. ഇവററയോടൊക്കെ എനിക്കുള്ള നന്ദി അപാരമാണ്. അനവധി ചെടികളും, ലതകളും ശിരസ്സിൽ പൂവു ചൂടിക്കൊണ്ട് എൻെറ മുമ്പിൽ നൃത്തം ചെയ്തിട്ടുണ്ട്. ഞാൻ അവയോടു നന്ദിപറയുക പോലും ചെയ്തിട്ടില്ല. എനിക്കു വേണ്ടതെല്ലാം തന്ന പ്രപഞ്ചജനനിയുടെ വകയാണു ഞാൻ. ആ അമ്മയുടെ പാദാർച്ചനം മാത്രമേ എനിക്കു കൃത്യമായിട്ടുള്ളു. എനിക്കു സകല സുഖങ്ങളും ആ ദേവി തരുന്നുമുണ്ട്. പിന്നെ എന്തിനാണ് എനിക്കു മോക്ഷം? ആ ദേവിയോടു ഋണബദ്ധനായ ഞാൻ മോക്ഷത്തിന് കൊതിക്കാൻ അർഹനല്ല. പിന്നെ, എന്താണ് എനിക്കു മോക്ഷം? നിൻെറ മുഖകമലദർശനം തന്നെ. നിൻെറ ആശ്ലേഷംതന്നെ. പക്ഷേ, ഇതല്ല ഇവിടെ ചിന്താവിഷയം. നിൻെറ ജനനോദ്ദേശത്തെപ്പററിയാണ് ചിന്തിച്ചു തുടങ്ങിയതു്. നിൻെറ മന്ദസ്മിതകാരണങ്ങളെ ആരാഞ്ഞു വികല്പമായി പലതും നിർദ്ദേശിച്ചതുപോലെ തന്നെയും ഇതു് എൻെറ ചിന്താപരിധിയിൽ വരുന്നില്ല. അത്രമേൽ അപ്രമേയമാണു നമ്മുടെയെല്ലാം ആഗമന രഹസ്യം. എനിക്കു് ഒന്നും അറിവില്ല. നിൻെറജന്മദാതാവെന്നനിലയിൽ എനിക്കും, എൻെറജന്മദാതാവെന്ന നിലയിൽ എൻെറ അച്ഛനും അഭിമാനമുണ്ട്. ഇങ്ങനെ ഒരായിരം കോടി തലമുറകൾ പിമ്പോട്ടും, അതുപോലെ മുമ്പോട്ടും കടന്നു നോക്കാൻ ഒന്നുശ്രമിച്ചാലെന്തു്? എൻെറ ബുദ്ധി കുഴങ്ങുന്നു. 'അന്നു്' ഈ സൂര്യൻ തന്നെ ആയിരുന്നുവോ ലോകത്തെ പ്രകാശിപ്പിച്ചതെന്നും, ആരാണോ പ്രകാശിപ്പിക്കാൻ പോകുന്നതെന്നും എനിക്കു സംശയമുണ്ട്. മുമ്പും പിമ്പും ഉള്ള രണ്ട് 'അന്നുകൾ' ഉപലക്ഷിതങ്ങളായിട്ടുണ്ട്. കഴിഞ്ഞ 'അന്നു' തന്നെ എടുക്കാം. ആദ്യത്തെ മനുഷ്യനും, അദ്ദേഹത്തിൻെറ ജനനോദ്ദേശവും എന്തായിരുന്നു? ഹാ! എന്തൊരു നിരർത്ഥകമായ ചോദ്യമാണ് ഇതു്? ആദ്യത്തെ മനുഷ്യനോ? അതു ഞാൻ തന്നെ അല്ലായിരുന്നെന്നു് എങ്ങനെ അറിയാം? അഥവാ നീ അല്ലായിരുന്നെന്നു് എന്താണു തെളിവു്? അങ്ങനെ ആകുമ്പോൾ അന്നത്തെ ഞാനും, നീയും, ഇന്നത്തെ ഞാനും, നീയും എന്നു പറയേണ്ടിയിരിക്കുന്നു. അങ്ങനെ വരാൻ തരമില്ല. അന്നു ഞാനും നീയും ഇല്ലായിരുന്നെന്നും വരാമല്ലോ. അങ്ങനെയാണെങ്കിൽ എന്നാണ് നാം ഉണ്ടായതെന്നു് നിർണ്ണയിക്കേണ്ടിയിരിക്കുന്നു. ഇപ്പോഴാണു നീ ഉണ്ടായതെന്നു് വിശ്വസിക്കാം. കുറച്ചുകാലത്തിനുമുമ്പു് ഞാനും. എന്നാൽ ഞാൻ ജനിക്കുന്നതിനുമുമ്പു ഞാനും, നീ ജനിക്കുന്നതിനു മുമ്പു് നീയും ഉണ്ടായിരുന്നോ എന്നാണു് എനിക്കു് അറിയേണ്ടതു്. എന്തു വിഷമമേറിയ ഒരു കാര്യം! എന്തിനാണു് ഇതു് അറിയുന്നതു്? മുമ്പു പറഞ്ഞതുപോലെ നമുക്കു് ഇവിടെ വരാൻ പ്രത്യേകം വല്ല ഉദ്ദേശവും ഉണ്ടോ എന്നറിയാൻ. ഉണ്ടെങ്കിൽ അതു നടത്താൻ. ഇല്ലെങ്കിൽ, ഇല്ലെന്നുള്ള ബോധത്തോടുകൂടി സ്വസ്ഥമായിരിക്കാൻ. എന്നാൽ, ഈ വിവരം അറിയുന്നതു് എങ്ങനെയാണു്? സ്മൃതികൊണ്ടോ? ഹാ! എത്ര ദുർബ്ബലവും അവിശ്വസനീയവുമായ ഒരു ഉപകരണമാണതു്. ഇന്നലത്തെ കഥ മുഴുവനും ഇന്നു്

അറിയാൻ മേലാ. ഇന്നു ഞാൻ ഉണന്നപ്പോൾ ആദ്യം കണ്ട സാധനം എന്താണെന്നു എനിക്ക് ഓർമ്മയില്ല. എഴുനീക്കാൻ ഏതുകാലാണ് ആദ്യം ഇന്നു നിലത്തു ഊന്നിയതെന്ന് മറന്നുപോയി. ഇന്ന് ആദ്യം സംസാരിച്ചകാര്യം എന്താണെന്നു ഞാൻ മറന്നുപോയി. എത്രവിഷമിച്ചാലും കണ്ടുപിടിക്കാൻ നിവൃത്തിയില്ല. ഇന്ന് എത്രപ്രാവശ്യം ശ്വസിച്ചെന്ന് എനിക്ക് ഒരു കണക്കും ഇല്ല. ഇന്നത്തേതും ഇന്നലത്തേതും കാര്യം ഇങ്ങനെയാണെങ്കിൽ, ഞാൻ ജനിച്ചപ്പോഴും അതിനുമുമ്പും ഉള്ള കാര്യങ്ങളെപ്പററി ഞാൻ എന്താണു ഓർമ്മിക്കുന്നതു്? എത്രയോലക്ഷം തലമുറകൾക്കു മുമ്പുള്ള കാര്യത്തെപ്പററി, അന്നു ഞാൻ ഉണ്ടായിരുന്നെങ്കിൽത്തന്നെയും, പിന്നെ പറയാനുമില്ല. അന്ന് എൻെറ ജീവനു തന്നെ ഇത്ര സംസ്കാരം സിദ്ധിച്ചിരിക്കയില്ല. ഇരിക്കട്ടെ. എൻെറ സ്മൃതിയാണു പ്രമാണമെങ്കിൽ, ഞാൻ ജനിച്ചെന്നുള്ള കഥ തന്നെ സന്ദേഹത്തിലാവും. അങ്ങനെയൊരുകഥ ഞാൻ പരമാർത്ഥമായും ഓർമ്മിക്കുന്നില്ല. ഞാൻ ജനിച്ചെന്നുള്ളതും, ആ വിവരം ഞാൻ ഇന്നു ഓർമ്മിക്കുന്നില്ലെന്നുള്ളതും പരമാർത്ഥമെന്ന് വരുമ്പോൾ, എൻെറ ഓർമ്മയിൽ ഇല്ലാത്ത പലതും യഥാർത്ഥമായി സ്വീകരിക്കേണ്ടതായിവരുന്നു. അങ്ങനെയുള്ള യാഥാർത്ഥ്യങ്ങളെ എങ്ങനെയാണു കണ്ടുപിടിക്കുന്നതു്? യുക്തികൊണ്ടോ? വയ്യാ വയ്യാ. സ്മൃതിയെപ്പോലെതന്നെ യുക്തിയും ദുർബലമായ ഒരു ജ്ഞാനോപകരണമാണ്. യുക്തിക്ക് ഇത്രമാത്രമേ കടക്കാവൂ എന്നുണ്ട്. ആ പരിധി എത്തിക്കഴിഞ്ഞാൽ തന്നെത്താൻ മല്ലടിച്ചു തലതെറിച്ചു വീഴുകയായി. ആ പരിധി എത്തിക്കഴിഞ്ഞാൽ നമ്മുടെ യുക്തി കണ്ണാടിവാതലിനപ്പുറം കടക്കാൻ ശ്രമിക്കുന്ന പൂംപാററയെപ്പോലെ വൃഥാ ശ്രമം ചെയ്തു ചിറികുകുഴഞ്ഞു നിലത്തു വീണു പോകുന്നു. തടവുണ്ടെന്നു പൂംപാററയ്ക്കു മനസ്സിലാകാത്തതുപോലെ, അപ്പുറം കടക്കാൻ നിവൃത്തിയില്ലെന്നു പോലും യുക്തിക്കു ബോധ്യമാകുന്നില്ല. പിന്നെ കാര്യം ഫലാനുമേയമാണ്. യുക്തിപോലെ സഹായകമായ 'ഉപകരണം' നമുക്കു വേറെയില്ല. പക്ഷേ, ലൗകികമായ നോട്ടങ്ങളെ ഉണ്ടാക്കിത്തരാനല്ലാതെ അതിന് അപ്പുറത്തു കടക്കാൻ അതു നമ്മേ സഹായിക്കുന്നില്ല. അതു കരയ്ക്കുചുററി സഞ്ചരിക്കാനുള്ള ഒരു ശകടമാണ്. സമുദ്രതീരത്തു ചെന്നാൽ അവിടെ നില്ക്കണം. അങ്ങോട്ടു കടക്കാൻ വേറൊരു വാഹനം തന്നെ അന്വേഷിക്കണം. കടലിലേക്ക് ഇറക്കിയാൽ അതു് അപ്പോഴേ താണുപോകും. നമ്മുടെ യത്നം പരാജയത്തിൽ കലാശിക്കും. യുക്തി! നമ്മുടെ ജനനത്തിന് എന്താണു യുക്തി? ലോകർ മരിക്കുമല്ലോ? അതിനെന്താണു യുക്തി? ഇതു് ജന്തുധർമ്മമാണ്. അതിൽ കവിഞ്ഞ യുക്തിയൊന്നും ഇക്കാര്യത്തിൽ പറയാനില്ല. ഒരു ജീവി പുഴുവായും, മറെറാന്നു പുല്ലായും, വേറൊന്നു സിംഹമായും, നമ്മളൊക്കെ മനുഷ്യരായും രൂപം കൈക്കൊണ്ടു ജനിച്ചിരിക്കുന്നല്ലോ. ഇതിനെന്താണു യുക്തി? നമുക്ക് അറിവില്ല. നാം വല്ല യുക്തിയും കണ്ടുപിടിച്ചാൽ വേറൊരാൾക്കു അതു യുക്തിയായി തോന്നുന്നുമില്ല. നീ ഇപ്പോൾത്തന്നെ ജനിക്കാൻ എന്താണു യുക്തി? കുറച്ചുമുമ്പേയോ കു

റെക്കഴിഞ്ഞൊ ജനിക്കാത്തതെന്തു്? അശോകവനികാന്യായം പറയാമായിരിക്കും. അതിനുതന്നെ യുക്തി എന്തെന്നാണ് അപ്പോഠം എൻെറ ചോദ്യം. കഴഞ്ഞു. അപ്പുറം കടക്കാൻ നിവൃത്തിയില്ല. യുക്തികൊണ്ടു മനുഷ്യന് ഉണ്ടായിട്ടുള്ള നേട്ടങ്ങഠം ചില്ലറയല്ലെന്നു സമ്മതിക്കണം. പക്ഷേ, അറിയാനുള്ള സംഗതികളെ അറിഞ്ഞവയുമായി താരതമ്യപ്പെടുത്തിയാൽ, നാം ഇന്നും അജ്ഞതയുടെ ബന്ധുക്കളായിത്തന്നെ ഇരിക്കുന്നതേയുള്ളുവെന്നു വ്യസനപൂൎവ്വം സമ്മതിക്കണം. ഇനിയും ഉദ്ദേശലാഭത്തിന് എന്താണു മാൎഗ്ഗം? നമ്മുടെ അശക്തിയെപ്പററി പൂൎണ്ണബോധം ഉണ്ടാവുക. സൎവ്വംഭരമായ ശക്തിക്കു കീഴടങ്ങുക. ഇതല്ലാതെ എന്താണു ചെയ്യാവുന്നതു്?

നമുക്കു ജീവിക്കാൻ കഴിയും. സുഖമായി ജീവിക്കണം; മററുള്ള ജീവരാശികഠംക്കും സുഖജീവിതം സാദ്ധ്യമാക്കാൻ ശ്രമിക്കണം. നമ്മുടെ അത്യന്തമായ ആഗ്രഹം സുഖസമ്പാദനത്തിലാണ്. അസുഖത്തോടു നമുക്ക് ഭയവും വെറുപ്പും ആണ്.

ജ്ഞാനം നമുക്ക് ഇന്നു സൎവ്വവും ആണ്. എന്നാൽ ജ്ഞാനത്തിനും ഉത്പത്തിയും നാശവും ഉണ്ടു്. അതിനും വൃദ്ധിക്ഷയങ്ങളുണ്ടു്. എൻെറ ജ്ഞാനം വേറെരാളുടേതിനേ അതിശയിക്കുന്നതുപോലേ തന്നെ, മറെറാരാളുടെ ജ്ഞാനം എൻേറ ജ്ഞാനത്തെയും അതിശയിക്കുന്നു. പ്രാപ്യമെന്താണെന്നും, കാമ്യം ഇന്നതാണെന്നും നിശ്ചയമായി പറയാൻതക്ക ജ്ഞാനം നമുക്കില്ല. പ്രാപ്യമായ ഏകലാക്ഷ്യത്തെലാക്കാക്കി പല മാൎഗ്ഗങ്ങളിലൂടെ സഞ്ചരിക്കാൻ യത്നിച്ചിട്ടുണ്ടു്. പുറപ്പെട്ട സ്ഥലത്തു നിന്നും അകലെപ്പോകാൻ സാധിച്ചിട്ടുള്ള ദൂരത്തിൻെറ വ്യത്യാസമനുസരിച്ച് ഈ മാൎഗ്ഗങ്ങളുടെ നന്മതിന്മകളെപ്പററി പരിഗണിക്കാമെന്നല്ലാതെ, ലക്ഷ്യം ചക്രവാളം പോലെ ഇന്നും ദൂരെദൂരെ മാറിപ്പൊയ്ക്കൊണ്ടിരിക്കുന്നതുകൊണ്ടു്, ഇതിൽ ഏതു മാൎഗ്ഗമാണു ശരിയെന്നു നിൎണ്ണയിക്കാൻ ഇന്നുംസാധിക്കാതെയാണ് ഇരിക്കുന്നതു്. മനുഷ്യലോകത്തിന് ഇന്നുള്ള ജ്ഞാനം കഴിഞ്ഞുപോയ തലമുറകഠംക്ക് അനുഭവപ്പെട്ട കാൎയ്യങ്ങളാണ്. അനുഭവങ്ങഠം മുഴുവൻ തന്നെയും നമുക്ക് അറിവില്ല. അതിൽ എത്രയോ തുച്ഛമായ ഭാഗമേ നമുക്കിന്നു കിട്ടുന്നുള്ളു. ഇന്നു നാം ആ ജ്ഞാനത്തെ വികസിപ്പിച്ചിട്ടുംഉണ്ടു്. ഈ ജ്ഞാനത്തിൻെറ നിസ്സാരതയെപ്പററി ഓൎമ്മിക്കുമ്പോഴേ നമ്മുടെ നിസ്സഹായാവസ്ഥ മനസ്സിലാകയുള്ളു. ഞാൻ ഈ ചൎച്ച തുടരുന്നില്ല. നമ്മുടെ ജനനോദ്ദേശം നമുക്ക് അജ്ഞാതമാണ്. നമ്മുടെ കഴിവു മാത്രം അറിയാം. ചുററും കാണുന്ന പ്രപഞ്ചത്തിൻെറ സൌന്ദൎയ്യത്തിൽ മുഴുകാം. അതിൽ നിന്നുള്ള സുഖത്തെ ഉപാസിക്കാം. ആ അനുഗ്രഹത്തിൽ ആനന്ദിച്ചുജീവിക്കുകയാണു നമുക്കു കൃത്യം.

ഈ സ്ഥിതിയിൽ ഇനി ആവശ്യമായിരിക്കുന്നതു്, നിന്നെ ഇവിടവുമായി പരിചയപ്പെടുത്തുകയും, മേൽ അനുസരിക്കേണ്ട മാൎഗ്ഗത്തേ നിൎദ്ദേശിച്ചുതരികയും മാത്രമാണ്. അതു് എനിക്കു കഴികയും ചെയ്യും. ആ കൃത്യം ഞാൻ സന്തോഷപുരസ്സരം നിൎവ്വഹിക്കാം.

അപരിചിതമായ ഈ ലോകത്തു വന്നുചേൎന്നിട്ടുള്ള ഞങ്ങഠം ഇവിടെ കാട്ടിക്കൂട്ടുന്ന വിക്രമങ്ങഠം രസാവഹങ്ങളാണ്.

മനുഷ്യേതരങ്ങളായ ജീവരാശികളെപ്പററി ഞാൻ ഗണിക്കുന്നില്ല. ജീവിതത്തിനു സുഖസൗകര്യങ്ങൾ വളരെയുള്ള ഒരു സ്ഥലമാണു നമുക്കു കിട്ടിയിട്ടുള്ളതു്. പ്രകൃതിസിദ്ധങ്ങളായ സൗകര്യങ്ങളെ മനുഷ്യർ വേണ്ടപോലെ വൎദ്ധിപ്പിച്ചിട്ടും ഉണ്ടു്. ഇവിടെ വരുന്ന ഓരോരുത്തൎക്കും ആദ്യമായി ഒരോ പേരു കൊടുക്കും. ഈ പേരുകൊണ്ടു ജന്മം അവസാനിപ്പിച്ചെങ്കിൽ ഭംഗിയായിരുന്നു. ഓരോരുത്തൎക്കും സ്വന്തം പേരൊന്നു്, വീട്ടുപേരൊന്നു്, നാട്ടുപേരൊന്നു്, മതനാമം മറെറാന്നു്, ജാതിപ്പേരു വേറൊന്നു്, എന്നു കണക്കിനു് അസംഖ്യം പേരുകൾ ഉണ്ടു്. ഈ ഓരോ പേരും ഓരോ ശൃംഖലാബന്ധങ്ങളാണു്. ഇങ്ങനെയുള്ള അനവധി കെട്ടുപാടുകളിൽ ഉൾപ്പെട്ടു കുഴങ്ങുന്നതാണു ലോകധൎമ്മം. ഓരോ ബന്ധങ്ങളും അനവധി ദുരഭിമാനങ്ങളെ കൃത്രിമമായി നിൎമ്മിക്കുന്നു. ലോകത്തോടു പൊതുവേയുള്ള ഒരു മഹാബന്ധത്തിനു പുറമേ ഇങ്ങനെ ചെറിയ ചെറിയ പല ബന്ധങ്ങളും ഉണ്ടാക്കിവയ്ക്കുന്നതുകൊണ്ടു് മനുഷ്യനുള്ള ആപത്തു ചില്ലറയല്ല. ഓരൊ ബന്ധത്തിനും ഓരോ ചുമതലകളും കൎത്തവ്യങ്ങളും ഉണ്ടു്. വീട്ടിനോടും നാട്ടിനോടും, മതത്തോടും ജാതിയോടും, പ്രത്യേകം പ്രത്യേകം കൎത്തവ്യങ്ങളുണ്ടു്. ഹാ! ജീവിതം ഈ വിധത്തിൽ എത്ര ഗൗരവമേറിയ ചുമതലകൾ കൊണ്ടു നിറയുന്നു. ലോകത്തെ മുഴുവൻ സ്നേഹിച്ചാൽ പോരാ. സ്വന്തം നാട്ടിനെ പ്രത്യേകം സ്നേഹിക്കണം. സ്വന്തം സമുദായത്തെ വിശേഷമായി ആദരിക്കണം. സ്വന്തം മതത്തോടും ജാതിയോടും 'മമത' ഒന്നു വേറേവേണം. സ്വരാജ്യസ്നേഹം, സ്വമതസ്നേഹം, സ്വജാതിസ്നേഹം ഇങ്ങനെ പല ബന്ധങ്ങളും മനുഷ്യൎക്കു് ഉണ്ടു്. ഇതെല്ലാം കൂടാതെ കഴികയില്ലെന്നു തീൎച്ചയായിരിക്കാം. പക്ഷേ, ഇതെല്ലാം അനാവശ്യമായ ദുരഭിമാനങ്ങളാണു്. തന്നെത്താനെയുള്ള സ്നേഹം ആവശ്യമാണു്. അതു കൂടാതെ ഒരു ജീവിയും ജീവിക്കുന്നില്ല. ആത്മസ്നേഹം വിടാവുന്നവരുടെ നില അസാധാരണമാണു്. പല കാരണങ്ങളാലും ചിലരൊക്കെ ആ സ്നേഹം വിടുന്നും ഉണ്ടു്. എന്നാൽ സാമാന്യനിയമം അങ്ങനെയല്ല. അതിനു പുറമേ ഇങ്ങോട്ടു ഉപകരിച്ചിട്ടുള്ള ആളുകൾക്കു് തിരിച്ചു് ഉപകാരം ന്യായമായി പ്രതീക്ഷിക്കാവുന്നതാണു്. തിരിച്ചു് ഉപകരിക്കേണ്ട ചുമതല ഉപകാരം സ്വീകരിച്ച ആളിനും ഉണ്ടുതാനും. ശൈശവത്തിൽ വേണ്ട പരിചൎയ്യ ചെയ്ത മാതാവിനും പിതാവിനും വാൎദ്ധക്യത്തിൽ വേണ്ടതു ചെയ്യേണ്ടതു് ആവശ്യമായിത്തീരുന്നു. ഇങ്ങനെ ഉപകാരപരിധിയും പ്രത്യുപകാരപരിധിയും വികസിപ്പിക്കാം. ഇതല്ലാതെ ലോകത്തോടു നമുക്കു തോന്നേണ്ടസ്നേഹത്തെ ക്ഷുദ്രപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതുമായ മററു് ഉപാധികൾ ഉണ്ടായിരിക്കരുതാത്തതാകുന്നു. അങ്ങനെയുള്ള ഉപാധികൾ മതം, രാഷ്ട്രം, സമുദായം തുടങ്ങിയുള്ളതിൽ ഏതായാലും അതു് പ്രത്യക്ഷത്തിൽ ഉപകാരപ്രദമെന്നു തോന്നാമെന്നല്ലാതെ യഥാൎത്ഥത്തിൽ ലോകക്ഷേമത്തിനും, തന്റെ തന്നെ ഉന്നമനത്തിനും ബാധകമായേ ഇരിക്കയുള്ളു. ഇതു് എന്റേതു്; അതു് നിന്റേതു്; എന്നുള്ള ഗണന നിസ്സാരന്മാൎക്കുള്ളതാണു്. ഉദാരചരിതന്മാൎക്കു ലോകം മുഴുവൻ കുഡുംബമാണു്.

മനുഷ്യരെല്ലാം സഹോദരങ്ങളാണ്. ജീവരാശികളെല്ലാം ബന്ധുക്കളാണ്. മനുഷ്യരായ നാം മനസ്സിലാക്കേണ്ടതു് നാമെല്ലാം ആദ്യമുണ്ടായ ഒരു് അച്ഛന്റെയും അമ്മയുടെയും സന്തതികളുടെ സന്തതികളാണെന്നാണ്. അതുപോലെതന്നെ സകല ജീവരാശികളും ഈ മഹാഗോളങ്ങൾ തന്നെയും ഒരേ ശക്തിയിൽ നിന്നും ഉത്ഭവിച്ചിട്ടുള്ളതെന്നാണ്. ആദിയിൽ ഒന്നായിരുന്നതു് പൊട്ടിവേറിട്ടു ബഹു ശാഖമായപ്പോൾ ഭിന്നബുദ്ധി ജനിച്ചു. അഭിപ്രായഭേദങ്ങൾ ഉണ്ടായി. മത്സരമുണ്ടായി. കലഹമായി. ആചാരങ്ങൾ ഭിന്നമായി. മതങ്ങൾക്കു് ഐകരൂപ്യമില്ലാതായി. ഞാൻ വമ്പൻ, മററവൻ നീചൻ എന്ന ദുരഭിമാനമുണ്ടായി. തൻകാര്യം വൻകാര്യമായി. ഒരോരുത്തരും അന്യക്കു വിരുദ്ധമായി പ്രവർത്തിച്ചു തുടങ്ങി. ഇതു് എന്തു് ആപത്താണ്! ഞാൻ വേറൊരുത്തനും, അയാൾ എനിക്കും ദ്രോഹങ്ങൾ ചെയ്യുന്നതു് ഫലത്തിൽ എങ്ങനെ വരുന്നു എന്നു നോക്കിക്കൊള്ളുക. എനിക്കും അയാൾക്കും ഉപദ്രവം! ചുരുക്കത്തിൽ ഞാൻ എന്നെത്തന്നെയും അയാൾ അയാളെയും ദ്രോഹിക്കുന്ന രീതി തന്നെ. ഇതാണു പരദ്രോഹമെന്നു വിചാരിച്ചു നാം ചെയ്യുന്ന പ്രവൃത്തികൾ യഥാർത്ഥത്തിൽ ആത്മദ്രോഹമായി പരിഗണിക്കുന്നതു്. ഞാൻ രാത്രിയിൽ ഉറക്കമിളച്ചു് അയൽപക്കക്കാരന്റെ മുതൽ ആരും കാണാതെ കട്ടുകൊണ്ടുപോരുന്നു. അതേ സമയത്തു് അയൽവാസി ഞാനറിയാതെ എന്റെ വീട്ടിലെ മുതൽ മോഷ്ടിക്കുന്നു. ഞങ്ങൾക്കെന്താണു ലാഭം? രണ്ടാൾക്കും ഉറക്കമിളയ്ക്കലും ബുദ്ധിമുട്ടും മററു വല്ലവരും അറിയുമോ എന്നുള്ള ഭയവും മാത്രം. മോഷ്ടിച്ചു കിട്ടിയ വസ്തുവിൽ നിന്നുള്ള സന്തോഷം സ്വന്തം മുതൽ കാണാതാകുമ്പോൾ ഇല്ലാതാകയും ചെയ്യുന്നു! ഇതാണു ലോകത്തിന്റെ മൗഢ്യം!

ഈ കാര്യങ്ങളെല്ലാം വിചാരിച്ചിട്ടു് ഭാവിപരമ്പരയിൽ ഉൾപ്പെട്ടുന്ന നിനക്കും നിന്റെ കാലത്തുള്ളവക്കും എന്തായിരിക്കണം കർമ്മമാർഗ്ഗമെന്നു നിർദ്ദേശിക്കാൻകഴിയും. വിദൂരമായ ഒരു ഭാവിയിൽ കുജാദി ലോകങ്ങളുമായിത്തന്നെ ഭൂലോകവാസികൾക്കു് ഇടപെടേണ്ടതായിവരും. മേലത്തെയ്ക്കു പ്രകാരം വരുമൊരവസരം വന്നുകൊള്ളട്ടെ; ഞാൻ ഇക്കാലത്തെക്കാര്യം ഓതാം. ഭൂമി മുഴുവൻ ഒന്നായി സംഭാവന ചെയ്യാനുള്ള പുരോഗതി നാം ഇപ്പോൾത്തന്നെ സമ്പാദിച്ചുകഴിഞ്ഞിട്ടുണ്ടെന്നു ന്യായമായി അഭിമാനിക്കാവുന്നതാണ്. ഇനിയും ഉപരിഗമനത്തിനു വിഘാതമായി നമ്മുടെ ഇടയിൽ ശേഷിക്കുന്ന ഏപ്പാടുകളെ നിശ്ശേഷം ഭഞ്ജിക്കാനായിരിക്കണം മനുഷ്യസമുദായത്തിലെ ഓരോ അംഗത്തിന്റേയും ലക്ഷ്യം. മനുഷ്യനെ മനുഷ്യനിൽ നിന്നു വേർതിരിക്കുന്നതും, തമ്മിൽ വെറുപ്പുതോന്നിപ്പിക്കുന്നതും, പരസ്പരം അവിശ്വാസമോ അനാദരവോ ഉണ്ടാക്കുന്നതുമായ സകലതും ഇവിടെ നിന്നു് ഉച്ചാടനം ചെയ്യണം. മനസ്സിനു വികാസം ഇല്ലാത്തെടത്തോളം കാലം എന്റേതു്, എന്റേതു്, എനിക്കു് എന്നല്ലാതെ, എനിക്കു് പ്രത്യേകിച്ചു് യാതൊന്നും ആവശ്യമില്ല എന്നു തോന്നുക പ്രയാസമാണ്. എല്ലാം വേർതിരിക്കാനുള്ള ബുദ്ധിയാണ് ലോകത്തിനു ശൈശവത്തി

ൽ ഉള്ളതു്. ഓരോരുത്തൎക്കും ഓരോ ദൈവം. ഓരോ മതം; ഓരോ ചെറിയ രാജ്യം. ഓരോ ചെറിയ ഭാഷ. ചെറിയ സമുദായം. എന്നാൽ മനോവിശാലത ക്രമേണ എങ്ങനെ വരണം—എങ്ങനെ വരും? ചെറിയ ചെറിയ പല ദൈവങ്ങളെ ഉപേക്ഷിച്ചു് ഒരു ദൈവം മതിയെന്നു വന്നു. ചെറിയ ചെറിയ രാജ്യങ്ങൾ പോയി സാമ്രാജ്യങ്ങൾ ഉത്ഭവിച്ചു. ചെറിയ ചെറിയ ദേശീയഭാഷകൾ ഒന്നുചേൎന്നു മഹാഭാഷകളായിത്തീരുന്നു. ദേശഭേദം കൊണ്ടുള്ള അല്പാല്പവ്യത്യാസങ്ങളെ എല്ലാവരും വിസ്മരിക്കുന്നു. ചുരുക്കത്തിൽ എല്ലാത്തിനും വ്യാപ്തിവരുന്നു. ഈ വ്യാപ്തിയുടെ പൂൎണ്ണവികാസം സിദ്ധിക്കുന്ന കാലത്തു് ഭൂമിയിലെ അധിവാസം എത്ര രമ്യമായിരിക്കുമെന്നു് ഇന്നു ദീൎഘദൎശം ചെയ്വാൻ സാധിക്കും. ഭൂലോകം മുഴുവൻ ഒരു സാമ്രാജ്യം. ഒരു ഭാഷ. ഒരു മതം. ഒരു സമുദായം. ഏകയോഗക്ഷേമം. എല്ലാവരും അന്യോന്യം സഹായിക്കാനും പൊതുവേയുള്ള ഗുണത്തിനായി പ്രയത്നിക്കാനും ബദ്ധകങ്കണന്മാർ. ഓരോരുത്തനും എല്ലാവൎക്കുംവേണ്ടിയും, എല്ലാവരും ഓരോരുത്തനുവേണ്ടിയും ജീവിക്കുന്നു എന്ന നില വരും. ഒരുത്തനു വരുന്ന നഷ്ടം ലോകത്തിന്റെ നഷ്ടമെന്നും, ലോകത്തിന്റെ നഷ്ടം ഓരോരുത്തന്റേയും നഷ്ടമെന്നും ഗണിച്ചുതുടങ്ങും.

ഇനിയും ഒരു മതമേ ആവശ്യമുള്ളു. അതു ലോകസ്നേഹമായിരിക്കണം. ഒരു യുദ്ധമേ ആകാവൂ. അതു് ദാരിദ്ര്യത്തോടും, രോഗങ്ങളോടും, കഷ്ടതയോടും മാത്രമായിരിക്കണം. ഒരു ലക്ഷ്യമേ ഉണ്ടായിരിക്കാവൂ. അതു് ലോകക്ഷേമവും സുഖസംവൎദ്ധനവുമായിരിക്കണം.

ജീവിതവിജയത്തിന്റെ രഹസ്യം ഭാഗ്യമാണെന്നും, അല്ല, അവരവരുടെ കൎമ്മമാണെന്നും രണ്ടു സിദ്ധാന്തങ്ങളുണ്ടു്. സ്വായത്തമായ കൎമ്മം ശ്രദ്ധയോടു ചെയ്താൽ ഈശ്വരാനുഗ്രഹംകൊണ്ടു് സിദ്ധിക്കേണ്ട സൌഭാഗ്യം താനേ വന്നുചേൎന്നുകൊള്ളുമെന്നു വിശ്വസിച്ചു നീ പെരുമാറികൊണ്ടാൽ മതി.

നിനക്കു് ഭാവുകഭൂയിഷ്ഠമായ ഒരു ഭാവി ആശംസിച്ചുകൊണ്ടു് ഒന്നുകൂടെ സ്വാഗതം പറഞ്ഞു വിരമിക്കുന്നു.

# 'പാടുക പാടുക'

( വള്ളത്തോൾ )

പാന

പാട്ടു പാടുക! പാടുക! കീചക
ശ്രേഷ്ഠ! നിർവൃതിക്കൊള്ളട്ടെയിജ്ജനം
പച്ചയാമിലച്ചാർത്തിനാൽ വാനിന്നെ
സ്വച്ഛതയ്ക്കായ് ത്തുടപ്പാൻതുനിഞ്ഞ നീ
വേലിയാം പൈതൽ കെട്ടിപ്പിടിച്ചുള്ള
കാല്യമായെൻ പറമ്പിൻെറ കോണിതിൽ
പൊക്കമൊന്നൊരു ഗാരുത്മതോപല
ത്തൂക്കൊടിമരം പോലെ വിളങ്ങുന്നു.

പാട്ടു പാടുക! പാടുക! കീചക-
ശ്രേഷ്ഠ നിർവൃതിക്കൊള്ളട്ടെയിജ്ജനം.
സൃഷ്ടിതന്നരിമാവു കൊണ്ടുള്ളൊരു
ചുട്ടി നെററിമേൽ മിന്നുമെൻ പയ്യിതാ
വായിൽനിന്നു പകുതി ചവച്ചതാം
വാരിളം പുല്ലു ഞാന്ന മുഖം പൊക്കി
നിശ്ചലംചെവികൂർമ്പിച്ചു നിന്നിൽ നി-
ന്നുച്ചലിച്ച കുഴലൂത്തു കേൾക്കുവാൻ
പണ്ടു പാവന വൃന്ദാവനം തന്നിൽ
കൊണ്ടൽവർണ്ണൻെറയോടക്കുഴൽ വിളി
ഉദ്യദോങ്കാരപുഷ്പമധുദ്രവ,
മുത്തമപ്രേമ സംഗീത സന്ദേശം
ആവതോളം നുകർന്നിരുന്നോരാണി
ദ്ദേവിതൻ മുതുമുത്തശ്ശിമാർ പലർ.

അർത്ഥചിന്ത നില്ക്കട്ടെ; നിൻഗീതത്തിൻ
ശബ്ദഭംഗിയാൽത്തന്നെയാകൃഷ്ടയായ്
പാർശ്വസംസ്ഥയാം *വംശലതയിതാ
ചാച്ചുകൊള്ളുന്നു തൻതല നിന്മാറിൽ.
വെള്ളിനേരൊളിപ്പൂക്കൾ കൊണ്ടൊട്ടൊട്ടു
വെള്ളരിയേന്തി നില്ക്കുന്നു തുമ്പകൾ;
കത്തിച്ച തിരികൊണ്ടു നീരാജന-
കൃത്യവും തവ ചെയ്വൂ മുക്കുററികൾ.

ഹന്ത നീ തലയാട്ടിക്കൊൾകാട്ടിക്കൊൾ
കെന്തിതിൽപ്പരം കിട്ടേണ്ടു സൌഭാഗ്യം
§വൈണുക സഖേ! നിന്നുള്ളു പൊള്ളയെ
ന്നാണു കേൾവി; യതോർത്തല്പ ചൊല്വൂഞാൻ
ഇജ്ജയശ്രീ‡സമാശ്ലേഷണാഹ്ളാദ-
മുജ്ജ്വലാഹന്തനാക്കരുതങ്ങയെ
എങ്ങൊരൊച്ചിതേ ‡ദൃശ്യനല്ലാത്തൊരു
സംഗഹീനനിവണ്ണമുൾപ്പൂകായ്കിൽ ?

പാട്ടു പാടുക! പാടുക !കീചക
ശ്രേഷ്ഠ! നിർവൃതിക്കൊള്ളട്ടെയിജ്ജനം.

M. 961

* വംശലത=ചെറിയ മുള.

§ വൈണുകൻ=ഓടക്കുഴലൂത്തുകാരൻ.

‡ ദൃശ്യനാല്ലാത്തൊരു സംഗഹീനൻ=കാററ്.

# ജമ്മനിയും ഹിററ്ലരും.

ഏ. ഗോപാലമേനോൻ എം. ഏ. ബി. കാം.

## I

യൂറോപ്പിൻെറ മദ്ധ്യത്തിൽ അററ്ലാൻറിക്ക് മഹാസമുദ്രം മുതൽ അഡ്രിയാററിക്ക് സീ വരെയും, ബാൾടിക്ക് കടൽ മുതൽ പെർഷ്യൻ ഉൾക്കടൽവരെയും, ഓരോ സൈന്യക്കോട്ട നിമ്മിച്ച് ഇരുവശത്തുമുള്ള രാജ്യങ്ങളെ ആക്രമിക്കുന്നതിനും, നാലു സംവത്സരത്തിലധികംകാലം ഒന്നിലൊന്നു കൂടുതലായ ബലം പ്രയോഗിച്ച് സകല ശത്രുക്കളേയും തോൽപ്പിക്കുന്നതിനും ശക്തിയുണ്ടായിരുന്ന ജെമ്മനിയുടെ ഭരണാധികാരികൾ ഒരു ആഴ്ചകൊണ്ട് സ്ഥാനഭ്രഷ്ടരായി. ജെമ്മനിയിലെ സോഷ്യലിസ്റ്റു കക്ഷിക്കാർ സൈന്യപ്രമാണികളെപ്പോലെ അയൽരാജ്യങ്ങളെ ആക്രമിക്കുന്നതിന് ഉൽസാഹികളായിരുന്നില്ല. അവരിൽ ഭൂരിസംഘം എബെർട്ടിൻെറ നേതൃത്വത്തിൽ യുദ്ധത്തിനു വിരോധം പറഞ്ഞില്ലെങ്കിലും നഷ്ടംകൂടാതെ പിൻവലിഞ്ഞാൽ മതിയെന്നുള്ള അഭിപ്രായക്കാരായിരുന്നു. അതുകൊണ്ട് യുദ്ധം പരാജയത്തിൽ കലാശിക്കുമെന്നായപ്പോൾ ഏതുവിധവും സമാധാനത്തിനുവഴിപ്പെടുവാൻ പലരും തയാറായിരുന്നു. നാവികസേനയിൽ ഉൾപ്പെട്ട അംഗങ്ങളാണ് ആദ്യമായി ഗവർമ്മെൻറിന് എതിരായ നടവടികൾ തുടങ്ങിയതു്. അവർ റഷ്യയിലെപ്പോലെ സംഘങ്ങൾ കൂടി വടക്കൻ പ്രദേശങ്ങളിൽ പല പട്ടണങ്ങളിലും പ്രജാഭരണം തുടങ്ങി. അവരെ അനുകരിച്ച് സാമ്രാജ്യമൊട്ടുക്ക് സോഷ്യലിസ്റ്റു സംഘങ്ങൾ സ്വാധികാരം സ്ഥാപിച്ചു. ബെർലിനിൽ തന്നെ തൊഴിലാളികൾ പണിമുടക്കം പ്രഖ്യാപനം ചെയ്തു് കൈസർ ഭരണം ഒഴിയണമെന്നു സിദ്ധാന്തിച്ചു. അങ്ങനെ ഒരാഴ്ചകൊണ്ട് കൈസറും അദ്ദേഹത്തിൻെറ മൂത്തമകനും സകല അധികാരങ്ങളും അവകാശങ്ങളും ഒഴിഞ്ഞു നാടു വിട്ടു പോകുന്നതിനു നിർബന്ധിതരായി.

സോഷ്യലിസ്റ്റു കക്ഷിയുടെ നേതാവായ എബെർട്ടിന് ആണ് ബെർലിനിൽ ആദ്യം അധികാരം സിദ്ധിച്ചതു്. ജെർമ്മനിയിലുള്ള മററു രാജ്യങ്ങളും രാജാക്കന്മാരുടെ ഭരണം അവസാനിപ്പിച്ച് സോഷ്യലിസ്റ്റു കക്ഷികൾ ഉൾപ്പെട്ട ഭരണസംഘങ്ങൾ നിമ്മിച്ചു. യുദ്ധത്തിനനുകൂലികളായിരുന്ന എബെർട്ടു കക്ഷിക്കാർ രാജ്യദ്രോഹികളാണെന്നുള്ള അഭിപ്രായത്തോടുകൂടി ഒരു ചെറിയ കക്ഷി റഷ്യയിലെ കമ്മ്യൂണിസററ് സംഘത്തിൻെറ രീതിയിൽ പുരാതനവ്യവസ്ഥിതികൾ പാടേ നശിപ്പിക്കുന്നതിന് ഉദ്യുക്തരായി. ഇവർക്കു ബെർലിനിൽ തോൽവി പിണഞ്ഞെങ്കിലും കുറച്ചുകാലം അവർ മ്യൂണിഖ്നഗരത്തിലും ബവേറിയാ രാജ്യത്തിലും അധികാരം സ്ഥാപിച്ചു. 1919 ജനുവരിമാസത്തിൽ വേയ്മാർ നഗരത്തിൽ വച്ച് കൂടിയ ജനപ്രതിനിധിസഭ സമാധാനപരമായ പരിഷ്കാരത്തിന് അനുകൂലിച്ച വ്യവസ്ഥകൾ

ഏർപ്പെടുത്തിയതിനു ശേഷവും എബെർട്ടിൻെറ കക്ഷികൾതന്നെ ആണ് പ്രാബല്യം സിദ്ധിച്ചതു്. എബെർട്ട് തന്നെ ജെർമ്മനിയിലെ പ്രസിഡൻറായിത്തീരുകയും ചെയ്തു. സ്വന്ത കക്ഷിയിലെ നേതാക്കന്മാർ മാത്രമല്ല കൈസറിൻെറ പഴയസേനാനികളും അവരുടെ പക്ഷക്കാരും, പ്രജാഭരണത്തിലും കത്തൊലിക്ക്കക്ഷിയിലും പക്ഷപാതികളായ മററു നേതാക്കന്മാരും ബോൾഷെവിക്ക് തന്ത്രങ്ങളെ എതിക്കുന്നതിന് ആദ്യം ഒന്നിച്ചു ചേൎന്നു. ഇങ്ങനെ മൂന്നു പ്രധാനപ്പെട്ട കക്ഷികളുടെ സംയുക്തപ്രവൃത്തി കൊണ്ടാണ് ആദ്യകാലത്തുണ്ടായ വിപ്ളവങ്ങളിൽ നിന്നും പുതിയ ഗവമ്മെണ്ട് രക്ഷപ്പെട്ടതു്. തെക്ക് ബവേറിയാ രാജ്യത്തും പടിഞ്ഞാറ് റൈൻ പ്രദേശങ്ങളിലും പ്രഷ്യയുടെ നേതൃത്വത്തിനു വിപരീതമായി പ്രവത്തിക്കുന്നതിനു തക്കായ കാരണമുണ്ടായിരുന്നിട്ടും പഴയ സാമ്രാജ്യബന്ധം ഇക്കാലത്തു വിടാതിരുന്നതു പ്രത്യേകം സ്മരണീയമാകുന്നു. വിശേഷിച്ചും വെർസായിയിലെ ഉടമ്പടിപ്രകാരം ഏപ്പെടുത്തേണ്ടിവന്ന ഓരോ നടവടിയും സ്വദേശസ്നേഹികളെന്നു അഭിമാനിച്ചിരുന്ന പല കക്ഷിക്കാൎക്കും ഗവമ്മേൻറിനു വിരോധമായി തൻേറടം പോലെ പ്രവത്തിക്കുന്നതിനു സൌകൎയ്യം ഉണ്ടാക്കിക്കൊടുത്തു. യുദ്ധത്തിന് ഉത്തരവാദികളായ നേതാക്കന്മാരെ ശിക്ഷിക്കണമെന്നും, സൈന്യത്തിൻെറ എണ്ണവും സാമഗ്രികളും വളരെ ചുരുക്കണമെന്നും കപ്പലുകളും മററുസാമാനങ്ങളും എണ്ണത്തിനെണ്ണം മടക്കിക്കൊടുക്കണമെന്നും ഉണ്ടായ നിബന്ധനകൾ കൂടാതെ, രാജ്യത്തിൽനിന്നും വേർതിരിച്ച അംശങ്ങളെപ്പററി ഉണ്ടായ അഭിപ്രായഗതികളും യുദ്ധത്തിൻെറ നഷ്ടം മറുകക്ഷിക്ക് കെട്ടികൊടുക്കുന്നതിനു ചെയ്തിരുന്ന വ്യവസ്ഥകളും, എല്ലാം പുതിയ ഗവമ്മെൻറിൻെറ ശക്തിയും ജെർമ്മനിയുടെ രാഷ്ട്രീയബന്ധത്തിൻെറ ദൃഢതയെയും കണക്കിലധികം പരീക്ഷിക്കയുണ്ടായി. എന്നാൽ ഇക്കാലം മുഴുവനും ഭരണാധികാരികൾ കൃത്യനിഷ്ഠയോടുകൂടി തങ്ങളുടെ വാഗ്ദാനം നിറവേററുന്നതിന് എന്തു് അഭിമാനക്ഷയവും ധനനഷ്ടവും സഹിക്കുന്നതിന് സന്നദ്ധരായിരുന്നു. 1919-ൽ ജേതാക്കളുടെ നിഷ്ഠുരമായ ശാസനകൾക്ക് കീഴ്പ്പെടുത്തി പരിഷ്കൃത സമുദായങ്ങളുടെ സംഘത്തിൽ നിന്നും പുറത്തു നിർത്തിയിരുന്ന ജെർമ്മനിയ്ക്കു് 1925-ൽ പഴയശത്രുക്കളുടെ അപേക്ഷപ്രകാരം അവരോടു ചേൎന്ന് അന്യോന്യരക്ഷയ്ക്കുവേണ്ടി ഉടമ്പടിചെയ്യുന്നതിനും, സർവരാജ്യസമിതിയിലെ അംഗമായിചേരുന്നതിനും ക്ഷണിക്കപ്പെടുവാൻ യോഗ്യത സിദ്ധിച്ചതു് ഇപ്രകാരമുള്ള നടപടിയും പുതിയ വ്യവസ്ഥിതികളെ സംരക്ഷിക്കുന്നതിലുള്ള ഊർജ്ജിതവും കൊണ്ടായിരുന്നു.

ഈ ഘട്ടത്തിൽ നാണയം സംബന്ധിച്ചുള്ള കുഴപ്പം എല്ലാവിധത്തിലും തകരാറുകൾ ഉണ്ടാക്കികൊണ്ടിരുന്നു. യുദ്ധത്തിൻെറ ആവശ്യംപോലെ പണം കിട്ടാതായപ്പോൾ കടലാസുനാണയങ്ങൾ ധാരാളമായി അച്ചടിച്ച് പരത്തിയതിനാൽ 'മാൎക്ക്'എന്ന നാണയത്തിൻെറ വില മുൻപിലത്തേതിൽ ശതാംശമായിരുന്നതു് 1922-ൽ അതിൻേറയും മൂവായിരത്തിലൊരംശമായി തീൎന്നു. ഗവമ്മെൻറിന്‌വേണ്ട മുതൽ കരംപിരിച്ച

വസൂലാക്കുവാൻതരമില്ലാതെ ആയപ്പോൾ കടലാസുനാണയങ്ങൾ ദിവസംതോറും അടിച്ചു പ്രചരിപ്പിക്കുവാൻ തുടങ്ങി. ഇപ്രകാരം സാമാനങ്ങളുടെ വില ആയിരം മടങ്ങ് എന്നകണക്കിൽ കൂടുവാനും തുടങ്ങി. വേലക്കാൎക്കും ശമ്പളക്കാൎക്കും കിട്ടുന്നതൊന്നും ചെലവിനു തികയാതെ വന്നു. സൂക്ഷിച്ചുവച്ചിരുന്ന പണത്തിനും പിരിയാനുള്ള മുതലിനും വലുതായ വിലക്കുറവ് സംഭവിച്ചു. അന്നോടന്നു കിട്ടുന്ന മുതൽ മുഴുവൻചെലവാക്കി ജീവിക്കുക അല്ലാതെ സമ്പാദിക്കുന്നതു കൊണ്ടു പ്രയോജനമില്ലെന്നുവന്നു. നിവൃത്തിയുള്ളിടത്തോളം മുതൽ അന്യരാജ്യങ്ങളിലേക്കു കടത്തുകയോ സ്വരാജ്യത്തു തന്നെ കെട്ടിടങ്ങളിലും വ്യവസായോപകരണങ്ങളിലും നിക്ഷേപിക്കുകയോ ചെയ്യാലല്ലാതെ നഷ്ടപ്പെടാതിരിപ്പാൻ വഴികണ്ടില്ല. അന്യനാട്ടുകാർക്കു ജെൎമ്മനിയിൽ വസ്തു സമ്പാദിക്കുന്നതിനും വ്യവസായങ്ങൾ നടത്തിക്കുന്നതിനും നാണയവ്യാപാരം നടത്തുന്നതിനും ഉത്സാഹം ക്രമാതീതമായിത്തീൎന്നു. നാൾക്കുനാൾ സംഭവിച്ചിരുന്ന വിലക്കയററംകൊണ്ടു് വ്യവസായങ്ങളിൽ നിന്നുള്ള ആദായവും വൎദ്ധിച്ചിരുന്നതിനാൽ, വ്യവസായനേതാക്കന്മാൎക്കു് ഇക്കാലത്തു വളരെ ആനുകൂല്യങ്ങൾ ഉണ്ടായിരുന്നു. ഇവരിൽ പ്രമാണികളായ സ്റ്റിന്നസ്സ്, റാത്നൌ, ക്രൂപ്പ്, തൈസൻ മുതലായവർ യന്ത്രശാലകളും ലോഹഖനികളും കപ്പൽത്തുറകളും ബാങ്കുകളും ഭൂസ്വത്തുകളും ശേഖരിച്ചു് സ്വന്തനില അത്ഭുതകരമാകുംവണ്ണം പ്രബലപ്പെടുത്തി. സോഷ്യലിസ്റ്റ് കക്ഷിക്കു മുതലാളന്മാരുടെ ഈ അഭിവൃദ്ധി അത്യന്തം കുണ്ഠിതത്തിനു് കാരണമായിത്തീൎന്നു.

എന്നാൽ രാഷ്ട്രീയകാൎയ്യങ്ങളിൽ പുതിയ വ്യവസ്ഥിതികളെ അനുകൂലിച്ചാണു് ഇക്കൂട്ടർ പ്രവൎത്തിച്ചതു്. രാജകക്ഷിക്കും ദേശീയകക്ഷികൾക്കും ഇവരോടു് തോന്നിയ വെറുപ്പു് ജൂതന്മാരോടു് പൊതുവെ ഒരു പകയായി പരിണമിച്ചു. അങ്ങനെ റാത്നൌ മന്ത്രിയായി നാണയ വ്യവസ്ഥിതിയ്ക്കും സമാധാനത്തിനും വേണ്ടിപ്രയത്നിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഘാതകനാൽ വധിക്കപ്പെട്ടു.

1923- നവംബർ മാസത്തിൽ രാജകീയകക്ഷി മ്യൂണിഖിൽ സ്വതന്ത്രമായ ഭരണത്തിനു വട്ടംകൂട്ടി. അന്നു പ്രധാനമന്ത്രിയായി പ്രഖ്യാപനം ചെയ്തതു് അഡോൾഫ് ഹിററ്ലറെ ആയിരുന്നു. പ്രസിദ്ധസേനാനിയായ ലൂദൻദോർഫ് പ്രധാനസേനാധിപതി ആകുന്നതിനും സന്നദ്ധനായിരുന്നു. ഈ സംരംഭം സ്വല്പദിവസത്തിനുള്ളിൽ കലാശിച്ചു. സാക്സനി മുതലായ പ്രദേശങ്ങളിൽ കമ്മ്യൂണിസ്റ്റ്കാരുടെ ലഹള ഉണ്ടായതും ഗവൎമ്മെന്റ് അമർച്ചചെയ്തു. അതിനെത്തുടൎന്നു യുദ്ധത്തിന്റെ നഷ്ടപരിഹാരത്തിനുള്ള ഏൎപ്പാടുകൾ പുതുക്കി വീണ്ടും ഒരു തെരഞ്ഞെടുപ്പു് നടന്നതിൽ സോഷ്യലിസ്റ്റ് കക്ഷിക്കു് പരാജയം സംഭവിച്ചു. എബർട്ട് 1925 ഫെബ്രുവരിയിൽ മരിച്ചപ്പോൾ എല്ലാകക്ഷികളും പ്രെസിഡന്റ് സ്ഥാനത്തേക്കു് അവരവരുടെ നേതാക്കന്മാരെ നിൎത്തിയെങ്കിലും നിയമപ്രകാരമുള്ള രണ്ടാമത്തെ തെരഞ്ഞെടുപ്പിൽ മിതവാദികൾ ഒന്നുചേൎന്നു ഫൊൺ ഹിൻഡൻബെർഗ് എന്നു വിഖ്യാതനായ സൈന്യാധിപനെ പിൻതാങ്ങി. ഇങ്ങനെ യോജിച്ച സോഷ്യലിസ്റ്റ്കത്തോലിക്ക് പക്ഷക്കാരോടു് ഉൽപതിഷ്ണുസംഘം മാത്രമേ

തുല്യബലം പ്രയോഗിക്കുവാൻ ശക്തരായിരുന്നുള്ളു. എങ്കിലും കമ്മ്യൂണിസ്റ്റ്കക്ഷി പ്രത്യേകം നിന്ന കാരണത്താൽ ഹിൻഡൻബെർഗിന് തന്നെയാണു വിജയം സിദ്ധിച്ചതു്.

ഹിൻഡൻബെർഗിന് അന്നു 78 വയസ്സ് പ്രായമായിരുന്നു. പെൻഷൻ പററി സ്വസ്ഥമായിരുന്ന കാലത്തു് മഹായുദ്ധം തുടങ്ങുകയാൽ 67-ാമത്തെ വയസ്സിൽ സേനാനായകനായി പുറപ്പെട്ടിറങ്ങിയ ഇദ്ദേഹത്തിന് ക്രമേണ സർവ്വസൈന്യാധിപത്യവും നാട്ടുകാരുടെ അളവററ ബഹുമാനവും സ്നേഹവും സിദ്ധിച്ചു് വീണ്ടും നിർവ്വതിയിൽ ഇരിക്കുമ്പോഴാണു് പ്രസിഡൻെറന്ന പദവികൂടി ലഭിച്ചതു്. കൈസറോടുള്ള ഭക്തിയിൽ അദ്വിതീയനായിരുന്നെങ്കിലും അദ്ദേഹം വ്യവസ്ഥാപിതമായ ഗവമ്മെൻറിനെ എതിൎക്കുന്നതിൽ ചേരുകയുണ്ടായില്ല. യുദ്ധകാലത്തു് ലൂദൻദോർഫ് അദ്ദേഹത്തിൻെറ സഹപ്രവത്തകനായിരുന്നു. എന്നാൽ അവസാന കക്ഷ്യയിൽ ലൂദൻദോർഫ് പിണങ്ങിപ്പിരിഞ്ഞതിനുശേഷം ആ കൂട്ടുകെട്ടു പുതുക്കുകയുണ്ടായില്ല. പുതിയ ഉദ്യോഗത്തിൽ അദ്ദേഹം റിപ്പബ്ളിക്കിൻെറ അഭ്യുദയത്തിനുവേണ്ടി മനഃപൂവ്വമായി പരിശ്രമിച്ചു. സോഷ്യലിസ്റ്റ് പ്രസിഡൻറായ എബർട്ടിൻെറ മന്ത്രിയെത്തന്നെ കുറെക്കാലം തൻെറ ഉററബന്ധുവായി വച്ചുകൊണ്ടിരുന്നു. അങ്ങനെയാണു ലൊക്കാർണോ ഉടമ്പടികളിൽ പങ്കും ലീഗിലെ സാമാജികത്വവും ജെമ്മനിക്കു് സിദ്ധിച്ചതു്. ഇതിനെ തുടൎന്നുള്ള 'ഹേഗ്നിബന്ധനകൾ, യുദ്ധക്കപ്പം സംബന്ധിച്ചുള്ള യങ്ങിൻെറ തീരുമാനങ്ങൾ ഇവ അനുവദിക്കുവാൻ വലുതായ വൈഷമ്യം നേരിട്ടു. നാഷണലിസ്റ്റ് കക്ഷിയും കൈസർകക്ഷിയും ഒരു പോലെ അദ്ദേഹത്തെ എതിൎത്തു. പഴയ സഖിയായ ലൂദൻദോർഫ് കലശലായും പരസ്യമായും അദ്ദേഹത്തെ ശകാരിച്ചു. നിവൃത്തിയുണ്ടെങ്കിൽ അദ്ദേഹത്തെ വധിക്കുന്നതിനു തന്നെയും പഴയ ബന്ധുക്കൾ ശ്രമിക്കുമായിരുന്നു. ഇതൊന്നുംകൊണ്ടു കുലുങ്ങാതെ ഹിൻഡൻബെർഗ് രാജ്യത്തിനു ക്ഷേമമാണെന്നു തോന്നിയ ഓരോ നടപടിയും അനുവദിച്ചുകൊണ്ടിരുന്നു. സാമ്പത്തിക നില തുലോം ക്ഷീണിച്ചിരുന്ന ആ ദശയിൽ പാർലിമെൻറിൻെറ [റൈക്ഷ് സ്താഗ്] പ്രാതികൂല്യം നിമിത്തം കപ്പം കൊടുക്കുന്നതിനു വേണ്ട മുതൽ സ്വാധികാരം പ്രയോഗിച്ചുതന്നെ പിരിക്കുന്നതിനും അദ്ദേഹം അനുവദിച്ചു. രണ്ടാമതും ഏഴു കൊല്ലത്തേക്കുകൂടി പ്രസിഡൻറായി അദ്ദേഹത്തിനെ തിരഞ്ഞെടുത്തു. അതിന് പ്രതിപക്ഷക്കാരായി നിന്നതു നാഷണലിസ്റ്റ്, നാഷണൽസോഷ്യലിസ്റ്റ് അല്ലെങ്കിൽ നാസി, എന്ന രണ്ടു കക്ഷികളായിരുന്നു. നാസികളുടെ പ്രമാണി അഡോൾഫ് ഹിററ്ലറായിരുന്നു. അദ്ദേഹത്തിനെ തോല്പിക്കുന്നതിന്, ആദ്യമേ തുടങ്ങി പുതിയ വ്യവസ്ഥിതിക്കു് അനുകൂലികളായിനിന്നിരുന്ന കക്ഷികളാണു് ഹിൻഡൻബെർഗിനെ സഹായിച്ചതു്. പക്ഷെ വൃദ്ധനായ പ്രസിഡൻറിനു പഴയപോലുള്ള നിർബന്ധങ്ങൾക്കു ശേഷിയുണ്ടായിരുന്നില്ല. അതുകൊണ്ടു് ഏറെത്താമസിയാതെ പുതുതായി നിയമിച്ച മന്ത്രികൾ തമ്മിൽ ശണ്ഠകൂടി, നാസികളുടെ നേതാവായ ഹിററ്ലറെ ചാൻസലർ (പ്രധാനമന്ത്രി) ആക്കുന്നതിനും നാസികളും മററു നാഷണലിസ്റ്റ്കക്ഷികളും ഏകോപിച്ചു്

മന്ത്രിസ്ഥാനങ്ങൾ കൈയ്ക്കലാക്കുന്നതിനും സംഗതിയായി. അക്കാലത്തു (1933) നടന്നതായ പല കുഴപ്പങ്ങളും വയസ്സനായ പ്രസിഡൻറിനെ അറിയിക്കാതെയാണ് കഴിച്ചുകൂട്ടിയത്. പഴയ മിത്രങ്ങളാരും അടുത്തു ചെല്ലാതെ പ്രസിഡൻറിനെ പ്രത്യേകിച്ച് താമസിപ്പിച്ചിരുന്നു! ഒടുവിൽ വാസ്തവസ്ഥിതി മനസ്സിലാക്കിയപ്പോൾ അദ്ദേഹത്തിനു നാസിപ്രമാണികളുടെ ക്രൂരകൃത്യങ്ങൾ വേണ്ടിടത്തോളം തടയുന്നതിനു ശക്തിയുണ്ടായില്ല. 1934 ആഗസ്റ്റ് മാസത്തിൽ ഹിൻഡൻബെർഗ് മരിച്ചപ്പോൾ ഹിററ്ലരുടെ പ്രാബല്യം സുസ്ഥാപിതമായിരുന്നു.

## II

അഡോൾഫ് ഹിററ്ലർ ആസ്ത്രിയാരാജ്യത്തിൽ ഒരു പെററി ആഫീസരുടെ മകനാണ്. അദ്ദേഹം ജനിച്ചതും ആസ്ത്രിയായിൽ തന്നെ ആയിരുന്നു. ചെറുപ്പത്തിലെ തന്നെ ബലവാന്മാരും അടിപിടിക്കാരുമായ സഹപാഠികളോടു ചേൎന്ന അവരുടെ ഇടയിൽ ഏതാണ്ട് ഒരു പ്രമാണിത്വംകൂടി സമ്പാദിച്ചിരുന്നതായി കാണുന്നുണ്ട്. തന്നത്താൻ ഒതുങ്ങുന്നതിനു ശീലിച്ചിട്ടില്ലെങ്കിലും, മതസംബന്ധമായ ചടങ്ങുകളിൽ അദ്ദേഹത്തിനു ആദ്യമേതന്നെ വലിയ ഭ്രമമുണ്ടായിരുന്നു. ഇന്നും സംഗീതത്തിൽ അദ്ദേഹത്തിൻെറ മനസ്സ് അലിയാറുണ്ട്. എന്നുതന്നെയല്ല അച്ഛനെപ്പോലെ ഒരു പെററിആഫീസരാകുവാൻ അനുസരിക്കാതെ ചിത്രമെഴുത്ത് ഒരു തൊഴിലായി സ്വീകരിക്കുന്നതിനാണ് അദ്ദേഹം തുനിഞ്ഞത്. അച്ഛൻെറ അകാലമരണവും അതിനുശേഷം ഹിററ്ലൎക്ക് ഉണ്ടായ സുഖക്കേടും നിമിത്തം ഒരുവൎഷത്തോളം പഠിത്തം നിൎത്തിവച്ച് തൻെറ ആഗ്രഹപ്രകാരം ചിത്രമെഴുത്ത് അഭ്യസിക്കുന്നതിന് പോകുവാൻ തന്നെ അദ്ദേഹത്തിനു സാധിച്ചു. പക്ഷേ, വിയന്നായിൽ പോയി കലാശാലയുടെ അദ്ധ്യക്ഷനെ കണ്ടതിൽ കെട്ടിടങ്ങൾ സംബന്ധിച്ചുള്ള പ്ലാൻ ഉണ്ടാക്കുന്നതിനാണു തനിക്കു കൂടുതൽ വാസനയെന്ന് ധരിച്ചു. ആ ശാഖയിൽ ചേരുവാൻ ശ്രമിച്ചപ്പോൾ അതിന് സ്കൂൾസർട്ടിഫിക്കെററ് സമ്പാദിക്കാതെ കഴികയില്ലെന്ന് അറിഞ്ഞു. ആയിടക്ക് അദ്ദേഹത്തിൻെറ അമ്മ രോഗബാധിതയായി കുറെക്കാലം കിടക്കുകയാൽ അച്ഛൻെറ വക സ്വല്പ സമ്പാദ്യമുണ്ടായിരുന്നതു ചിലവായിപ്പോയി. അമ്മയും മരിച്ച് താനൊററയ്ക്കായപ്പോൾ ഹിററ്ലൎക്കു പതിനാറു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു.

തനിയ്ക്ക് കലാശാലവഴിക്ക് സിദ്ധിക്കാൻ സാധിക്കാതിരുന്ന യോഗ്യതകൾ ഒരു തൊഴിൽക്കാരൻെറ നിലയിൽ വേല ചെയ്തു സമ്പാദിക്കണമെന്നു ഹിററ്ലർ തീൎച്ചയാക്കി. അഞ്ചുകൊല്ലം കഷ്ടപ്പെട്ടു വിയന്നായിൽ കഴിച്ചുകൂട്ടിയത് പലവിധത്തിലും അദ്ദേഹത്തിൻെറ ജീവിതത്തിൽ ഒരു സ്മരണീയഘട്ടമായിരുന്നു. ഉദ്യോഗസ്ഥൻെറ മകനായി വളൎന്ന കുട്ടിയ്ക്കു വേലക്കാരോട് ഒന്നിച്ച് ജീവിക്കുവാൻ വിഷമമായിരുന്നു. കൂട്ടുകാരില്ലാതെ ഏകാകിയായിരുന്ന അക്കാലത്ത് ആഹാരത്തിനുള്ള ആവശ്യങ്ങൾ ചുരുക്കി പുസ്തകങ്ങൾ വാങ്ങിവായിക്കുന്നതിനും സംഗീതശാലയിൽ സ്വല്പസമയം സുഖിക്കുന്നതിനും അദ്ദേഹം മടിച്ചില്ല. വേലക്കാരുടെ സംഘങ്ങളിൽ ചേരുന്നതിന് അ

വർ നിബന്ധിച്ചപ്പോൾ അവരുടെ സംഘത്തിൻെറ സ്വഭാവവും നയവും എന്താണെന്നു് അവരിൽ നിന്നും മനസ്സിലാക്കുവാനിടയായി. സമുദായത്തിൻെറ ഘടന മുതലുടമസ്ഥന്മാരുടെ സ്വാൎത്ഥത്തിനുവേണ്ടി സ്ഥാപിച്ചിട്ടുള്ളതാണെന്നും, സ്കൂളുകളിൽ അടിമത്ത്വത്തിനു പഴകുന്ന വേലക്കാരെ നിയമശാസനം കൊണ്ടു ഞെക്കിപ്പിഴിഞ്ഞു തഴച്ചു വളരുന്ന മുതലാളിസംഘത്തെ എതിൎക്കുന്നതിനാണു തൊഴിൽക്കാർ ശ്രമിക്കുന്നതെന്നുമുള്ള സോഷ്യൽ ഡെമോക്രാററ് കക്ഷിയുടെ അഭിപ്രായം ഹിററ്ലർ ധരിച്ചു. സമുദായവും രാജ്യസ്നേഹവും മതവും സന്മാൎഗ്ഗബോധങ്ങളും ഒരുപോലെ നിരാകരിക്കുന്ന ഈ അഭിപ്രായത്തെ ഖണ്ഡിക്കുന്നതിനുള്ള അദ്ദേഹത്തിൻെറ ഉദ്യമം നിഷ്ഫലമായതേ ഉള്ളു. പണി രാജിവച്ചു പോയില്ലെങ്കിൽ കുമ്മായം എടുത്തുകൊണ്ടു കയറാനുള്ള കോണിയിൽ നിന്നു തന്നെ ഉരുട്ടിയിട്ടു കൊല്ലും എന്നായപ്പോൾ ഉപജീവനത്തിനുണ്ടായിരുന്ന തൊഴിലും ഉപേക്ഷിക്കേണ്ടിവന്നു.

തൊഴിലില്ലാതെ കഴിക്കേണ്ടിവന്ന അട്ടത്തജീവിതം സമുദായഘടനയും ഭരണസ്ഥാപനങ്ങളും മനുഷ്യസ്വഭാവവും കണ്ടറിയുന്നതിനായി വിനിയോഗിച്ചു. ആസ്ത്രിയായിലെ പ്രതിനിധിസഭകൾ മനുഷ്യരുടെ ഭീരുത്വത്തിനും മൂഢതയ്ക്കും ഉദാഹരണങ്ങളായിട്ടാണു് അദ്ദേഹം കണ്ടതു്. "നൂറു് മണ്ടന്മാർ ചേരുമ്പോൾ ഒരു ബുദ്ധിമാൻ ഉണ്ടാകുന്നില്ല. നൂറു ഭീരുക്കൾ കൂടിച്ചേൎന്നു ധൈൎയ്യസമേതം ഒരു കാൎയ്യം തീരുമാനിക്കുന്നതിനു് ശക്തരാകയില്ല" എന്നാണു് ഹിററ്ലർ മനസ്സിലാക്കിയതു്. "പ്രജാഭരണത്തിൻെറ സൂക്ഷ്മമായ തത്വം ശരിയായ ഒരു നേതാവിനെ തിരഞ്ഞെടുക്കുന്നതിലാണു്; മറെറാന്നിനെ സംബന്ധിച്ചും പൊതുജനങ്ങൾക്കു് ഒരഭിപ്രായം പറയുവാൻ സാധിക്കയില്ല" എന്നാണു ഹിററ്ലർ തീരുമാനിച്ചതു്. ജൂതന്മാരും സോഷ്യലിസ്റ്റ്കക്ഷികളും ഇപ്രകാരം നേതാക്കന്മാരുടെ പ്രാമാണ്യം വകവയ്ക്കാത്തവരാകകൊണ്ടു് താൻ അവരുടെ ബദ്ധശത്രുവായും തീൎന്നു.

തനിക്കു സിദ്ധമായിരുന്ന ചിത്രരചനാപാടവംകൊണ്ടാണു് ഹിററ്ലർ ഇക്കാലത്തു കാലയാപനം ചെയ്തിരുന്നതു്. അനുഭവങ്ങളും അഭിപ്രായങ്ങളും ദുസ്സഹമായിരുന്ന വിയന്നാനഗരം വിട്ടു് അദ്ദേഹം മ്യൂണിഖിലേക്കു പോയി. അവിടെ ചിത്രമെഴുത്തിനോടുകൂടി സമുദായപ്രശ്നങ്ങളും പിൻതുടൎന്നു ജീവിക്കുമ്പോഴാണു് ജൎമ്മനി മഹായുദ്ധം തുടങ്ങിയതു്. ഈ തക്കത്തിൽ ഒരു ജൎമ്മൻ എന്ന നിലതനിക്കു സിദ്ധിക്കുവാൻ സൌകൎയ്യമുണ്ടെന്നു കണ്ടു് അദ്ദേഹം ഉടൻതന്നെ ജൎമ്മൻസൈന്യത്തിൽ ചേരുകയും ചെയ്തു. നാലുകൊല്ലം യുദ്ധക്കളത്തിൽ കഴിച്ചുകൂട്ടിയെങ്കിലും അവിടെ ഹിററ്ലൎക്കു് പറയത്തക്ക മഹിമയൊന്നും സിദ്ധിച്ചില്ല. യുദ്ധത്തിൻെറ മദ്ധ്യഘട്ടത്തിൽ സ്വല്പകാലം ബെർലിനിലും മ്യൂണിഖിലും ചികിത്സയ്ക്കായി താമസിച്ചിരുന്നപ്പോൾ രാജ്യത്തിൽ സംഭവിച്ചിരുന്ന കഷ്ടനഷ്ടങ്ങളും ജനങ്ങളെ ബാധിച്ചുതുടങ്ങിയ ഉന്മേഷക്കുറവും മനസ്സിലാക്കുന്നതിനും ആ തക്കത്തിൽ ധനസംബന്ധമായ പിടിപാടുകൾകൊണ്ടു ജനസഞ്ചയത്തെ ദ്രോഹിച്ചിരുന്ന ജൂതന്മാരുടെ നില കണ്ടറിയുന്നതിനും അദ്ദേഹത്തിനു സാധിച്ചു.

യുദ്ധം അവസാനിക്കുന്നതിന് ഒരു മാസം മുമ്പുതന്നെ വിഷവായു തട്ടി കണ്ണിനു കേടു പററി കിഴക്കു പാമിറേനിയായിൽ താമസിക്കുമ്പോഴാണ് കൈസരുടെ സ്ഥാനത്യാഗവും യുദ്ധം നിറുത്തി ആയുധം വയ്ക്കുന്നതിനുള്ള നിശ്ചയങ്ങളും അറിഞ്ഞതു്. വീണ്ടും മൂണിഖിൽ ചെന്നപ്പോൾ പരിതഃസ്ഥിതികൾ ആകമാനം മാറിക്കണ്ടു.

യുദ്ധം കഴിഞ്ഞു തിരിച്ചെത്തിയ ഭടന്മാർ വേറെങ്ങും പോകുവാൻ വഴിയില്ലെന്നു കണ്ടു് പട്ടാളപ്പുരകളിൽ തന്നെ താമസിച്ചു് സ്വന്തകാര്യങ്ങൾ അവരുടെ പ്രതിനിധിസംഘം മുഖാന്തിരം നടത്തിവന്നു. സാമ്രാജ്യത്തിന്റെ ഭരണാധികാരം ഏതു കക്ഷിക്കു കിട്ടുമെന്നു് അവർ കാത്തുകൊണ്ടിരുന്നു. സ്ഥിതിഗതികൾ രഹസ്യമായി അന്വേഷിക്കുന്നതിന് ചുമതലപ്പെട്ടവരുടെകൂട്ടത്തിൽ ഹിററ്ലർക്കും ഒരു സ്ഥാനം സിദ്ധിച്ചു. ഈ അന്വേഷണങ്ങൾക്കിടയിൽ ജെർമ്മൻ തൊഴിലാളിസംഘത്തിന്റെ ഒരു വിശേഷാൽയോഗത്തിൽ ഒരു ദിവസം അദ്ദേഹം ഹാജരായിരുന്നു. രണ്ടുമണിക്കൂർ നേരത്തെ പ്രസംഗത്തിലും പുതുതായി യാതൊന്നും അറിവാനില്ലെന്നു മനസ്സിലാക്കി ഹിററ്ലർ പുറത്തേക്കിറങ്ങുമ്പോൾ അപരിചിതനായ ഒരാൾ ജെർമ്മനിയുടെ ബന്ധത്തിൽ നിന്നും ബവേറിയാ വേർപെട്ടു നിൽക്കുന്നതിനു പ്രോത്സാഹിപ്പിക്കുന്നതായി ഒരു പ്രസംഗം തുടങ്ങി. ഫ്രെഞ്ച് ഗവർമ്മെൻറിന്റെ ഇപ്രകാരമുള്ള നയം അക്കാലത്തു് എല്ലാവർക്കും അറിയാമായിരുന്നെങ്കിലും വർഗ്ഗീയൈക്യത്തെ നശിപ്പിക്കുന്നതിനുള്ള ഈ പ്രസംഗം ഹിററ്ലറെ വളരെ ക്രോധിപ്പിച്ചു. അദ്ദേഹം ആ പ്രാസംഗികനെ ഖണ്ഡിച്ചു ശക്തിമത്തായ ഒരു പ്രസംഗം നടത്തി ഉദ്ദേശിച്ചിരിക്കാത്ത ഖ്യാതി നേടി. അതിന്റെ ഫലമായി, തൊഴിലാളിസംഘത്തിൽ ഒരു സാമാജികനായി അദ്ദേഹത്തെ തിരഞ്ഞെടുത്തു.

അക്കാലത്തു് ഉണ്ടായിരുന്ന അനേകം ചില്ലറസംഘങ്ങളെപ്പററി അറിയാമായിരുന്നെങ്കിലും അവയിലൊന്നിലും പങ്കുകൊള്ളുവാൻ അദ്ദേഹം ആശിച്ചിരുന്നില്ല. പക്ഷേ താൻ ദൃഢമായി വിശ്വസിച്ചിരുന്ന വർഗ്ഗീയമഹത്വത്തിന്റെയും സ്വവർഗ്ഗപ്രഭാവത്തിന്റെയും പ്രചരണത്തിനുവേണ്ടി ഒരുകക്ഷി രൂപീകരിക്കുന്നതിന് അദ്ദേഹത്തിനു മോഹമുണ്ടായിരുന്നു. തൊഴിലാളി സംഘത്തിന്റെ ഒരു യോഗം ഒരു കള്ളുകിടങ്ങിൽ (Beer shop) വച്ചു് കൂടിയതിൽ ആകപ്പാടെ നാലു് മെമ്പറന്മാർ ഉണ്ടായിരുന്നു. ഖജാൻജിയുടെ റിപ്പോർട്ടിൻ പ്രകാരം അവർക്കു് അസ്സൽമുതൽ ഏഴരമാർക്ക് ആണു് ഉണ്ടായിരുന്നതു്. കൂട്ടസംഘക്കാർ ഹിററ്ലറെ ഉത്സാഹത്തോടെ എതിരേററു. അന്നത്തെ അവരുടെ നില ഹാസ്യകരമായിരുന്നെങ്കിലും ആ സംഘത്തെ തന്റെ ഉദ്ദേശങ്ങൾക്കു് ഉപയോഗിക്കത്തക്കവണ്ണം പോഷിപ്പിക്കണമെന്നുതന്നെ ഹിററ്ലർ തീരുമാനിച്ചു. എത്രയോ കോടി ജനങ്ങൾ ഗതി കാണാതെ കുഴങ്ങുന്ന സന്ദർഭത്തിൽ നിസ്സാരന്മാരായ നാലഞ്ചു് ആളുകളെക്കൊണ്ടു് എന്തു സാധിക്കാനാണെന്നല്ല അദ്ദേഹം വിചാരിച്ചതു്. കുറെക്കാലത്തേയ്ക്കു് പറയത്തക്കതായി ഒന്നും നടന്നില്ല. അവിടവിടെയായി ആളുകളെ വിളിച്ചു കൂട്ടി തന്റെ ആഭിപ്രായം ധീരതയോടെ പ്രസ്താ

വിച്ച് കുറെപ്പേരെ തൻെറ വശത്തു ചേർക്കുന്നതിനും സാധിക്കാതിരുന്നില്ല. ജെർമ്മൻ വർഗ്ഗത്തിൻെറ ഏകീകരണവും വെഴ്സായി ഉടമ്പടി നിരാകരിച്ച് ജെർമ്മനിയുടെ അവകാശങ്ങളുടെ സ്ഥാപനവും ആയിരുന്നു തൻെറ പ്രധാന ഉദ്ദേശങ്ങൾ. സോഷ്യലിസ്റ്റ് കക്ഷിയുടെ ആനുകൂല്യത്തിനുവേണ്ടി അവരുടെ അഭിപ്രായങ്ങളിൽ പലതും സ്വീകരിക്കുന്നതിനും ഹിററ്ലർ മടിച്ചില്ല. ഇങ്ങനെയാണു നാഷനലിസ്റ്റ് കക്ഷിയുടേയും സോഷ്യലിസ്റ്റ് കക്ഷിയുടേയും സംഘടനകൊണ്ടു നാസികൾ എന്ന കക്ഷി ഉണ്ടായതു്. തൻെറ കക്ഷിബലം വർദ്ധിപ്പിക്കുന്നതിനുതന്നെയായിരുന്നു ഹിററ്ലരുടെ ശ്രമം. കമ്മ്യൂണിസ്റ്റ് കക്ഷിയുടെ ഉപദ്രവം നാസികൾക്കും സഹിക്കേണ്ടി വന്നപ്പോൾ മുസ്സോലിനിയെപ്പോലെ ഹിററ്ലരും രക്ഷാസംഘങ്ങൾ ഏർപ്പെടുത്തി. ഉടനടി എങ്ങും എത്തിച്ചേർന്നു ശത്രുസംഘക്കാരെ ഓടിക്കുന്നതിനുള്ള ഈ കുറപ്പുകാരുടെ സഹായത്തോടുകൂടി, കമ്മ്യൂണിസ്റ്റ്കാരുടെ സങ്കേതങ്ങളിൽപ്പോയി നാസികൾ പ്രസംഗങ്ങൾ നടത്തി. ബവേറിയായിൽ ദക്ഷിണദേശങ്ങളിലുള്ള മുതലാളി പ്രഭുക്കൾ കമ്മ്യൂണിസ്റ്റ്കാരുടെ ഉപദ്രവങ്ങളിൽ നിന്നു രക്ഷനേടുന്നതിനു ഹിററ്ലറെ തുണയായിക്കരുതി. ഇങ്ങനെ സിദ്ധിച്ച പിൻബലം കണ്ടാണ് അദ്ദേഹം ബെർലിൻ ഗവമ്മെൻറിനെതിരായി ലൂതൻ ദോർഫ് മുതലായവരുടെ സഹായത്തോടുകൂടി ബവേറിയായിൽ പ്രത്യേകം അധികാരം സ്ഥാപിക്കുവാൻ മുതിന്നതു്. ഈ ഉദ്യമം തൽക്കാലം (1923) പരാജയത്തിൽ കലാശിച്ചതായും അതിനു ശിക്ഷയായി ഹിററ്ലറെ തടവിൽ പാർപ്പിച്ചതായും മുൻപു് പ്രസ്താവിച്ചല്ലൊ.

കാരാഗൃഹത്തിൽ വച്ചാണ് ഹിററ്ലർ തൻെറ അഭിപ്രായങ്ങളെ തുറന്നു പ്രസ്താവിച്ചിട്ടുള്ള പ്രധാന ഗ്രന്ഥം രചിച്ചതു്. അടുത്ത വർഷത്തിൻെറ അവസാനത്തോടുകൂടിത്തന്നെ ഹിററ്ലരെ കാരാഗൃഹത്തിൽനിന്നും മോചിപ്പിക്കുകയുംക്ഷീണദശയിൽ എത്തിയ നാസികൾക്കു വീണ്ടും ജീവനുണ്ടാവുകയുംച്ചെയ്തു. മുതലാളികളേയും ഭൂസ്വത്തുകാരേയും വശത്താക്കുന്നതിന് ഹിററ്ലർ വീണ്ടും പ്രയത്നം തുടങ്ങി. കമ്മ്യൂണിസ്റ്റ്കക്ഷിയിൽ നിന്നും മതം മാറിയ സ്ട്രാസർ, ജെസ്വിററ് സംഘത്തിൽ ശിക്ഷണം സിദ്ധിച്ച ഗെബൽസ്, എന്നീ സമർത്ഥന്മാരായ സഹായികൾ മുഖാന്തരം സോഷ്യലിസ്റ്റ് അഭിപ്രായങ്ങൾ പ്രസംഗങ്ങൾ ചെയ്യിപ്പിച്ച് വേലക്കാരേയും തൊഴിലാളികളേയും വശത്താക്കുവാനും അദ്ദേഹത്തിനു സാധിച്ചു. ബവേറിയായിൽ മാത്രമല്ല ജെർമ്മനി ഒട്ടുക്കു് തന്നെ അവരുടെ പ്രവൃത്തി വ്യാപിച്ചു. നാസികളും കമ്മ്യൂണിസ്റ്റ് മുതലായ എതിരാളികളുമായി മല്ലിട്ടു് അടിപിടികളും ദ്രോഹകൃത്യങ്ങളും കൊലപാതകങ്ങളും അഞ്ചുകൊല്ലത്തേയ്ക്കു് നാടെങ്ങും സാധാരണമായിത്തീൎന്നു. ഫാഷിസ്റ്റ്കൾക്കു് ബ്ളാക്ക് ഷർട്ട്പോലെ നാസികൾക്കു് [കാക്കി] ബ്രൗൺ ഷർട്ടായിരുന്നു അടയാളം. ഈ വേഷത്തിൽ യൗവനയുക്തന്മാരും കായബലമുള്ളവരുമായ അനുചരന്മാർ കൊടി പറപ്പിച്ചു നിരന്നു നിന്നു് വലതുകൈയ്നീട്ടി "ഹെയിൽ ഹിററ്ലർ!" എന്നു ആർപ്പുവിളിയോടുകൂടി നേതാവിനെ സല്ക്കരിക്കുന്നതും, അവരെപ്പോലെയു

ള്ള അനാഡംബരമായ വേഷത്തോടുകൂടി ഹിററ്ലർ പ്രസംഗപീഠത്തിൽകയറി നിന്ന് മന്ദാമന്ദമായി തുടങ്ങി അവ്യക്തസ്വരത്തിൽ നിന്നും ഗംഭീരമായ ധ്വനിയിൽ എത്തിച്ചേരുന്ന വാഗ്ധോരണി പ്രസരിപ്പിക്കുന്നതും, അനേകായിരം ജനങ്ങളെ അദ്ദേഹത്തിൻെറ പക്ഷത്തിലേക്ക് ആകർഷിക്കുന്നതിനും അദ്ദേഹത്തിൻെറ മഹത്വത്തിൽ വിശ്വസിപ്പിക്കുന്നതിനും മതിയായ കാഴ്ചയായിരുന്നു.

1930-ാമാണ്ടായപ്പോഴെക്കും ഹിററ്ലരുടെ പക്ഷക്കാരുടെ സംഖ്യാബലം പത്തുലക്ഷത്തിൽ കവിഞ്ഞു. ഓരോ നേതാവിൻെറ അധീനത്തിൽ രാജ്യം മുഴുവൻ 37 ഭാഗങ്ങളായി വേർതിരിച്ച് നാസിക്കക്ഷിയുടെ ഭരണവ്യവസ്ഥകളും ദൃഢപ്പെട്ടു. നാസിക്ക് പ്രാസംഗികന്മാരുടെ രക്ഷയ്ക്കായി സ്വരൂപിച്ചിരുന്ന മല്ലന്മാരെ ഓരോ നേതാവിൻേറയും അധീനത്തിൽ പല സ്ഥലങ്ങളിലും സ്ഥാപിക്കുച്ചു. ഗെബൽസ്, ഗോറിങ്ങ്, സ്ട്രാസർ, ബാസവിററ്സ്, മുതലായ അനേകം സഹപ്രവത്തകന്മാരുടെ ഉത്സാഹം കൊണ്ട് നാസികളുടെ അഭിപ്രായങ്ങളെ നാടൊട്ടുക്ക് അറിവിക്കുന്നതിനും, ജനസമൂഹത്തെ വശപ്പെടുത്തുന്നതിനും, പലമാതിരി ലഘുലേഖനങ്ങൾ വിതരണം ചെയ്യുക പ്രസംഗങ്ങളും സമ്മേളനങ്ങളും മഹായോഗങ്ങളും നടത്തുക, വത്തമാനകടലാസുകളേയും സംഘനേതാക്കന്മാരേയും നിയന്ത്രിക്കുക, എതിർ കക്ഷികളെ അമർത്തുന്നതിനു വേണ്ട എല്ലാത്തരം നടപടികളും ഏപ്പാടുചെയ്യുക, ധനശേഖരം ആൾശേഖരം പ്രാദേശിക ഭരണവ്യവസ്ഥകൾ മുതലായ കാര്യങ്ങൾ നിവ്ഹിക്കുക, ഇത്തരം എല്ലാ പ്രവൃത്തികളും സാധിക്കുന്നതിനും ഹിററ്ലക്ക് നിഷ്പ്രയാസം കഴിഞ്ഞു. രണ്ടുവഷത്തിനകം നടന്ന തിരഞ്ഞെടുപ്പിൽ പ്രസിഡണ്ട് സ്ഥാനത്തിനു ഹിൻഡൻ ബെർഗിൻെറ എതിരാളിയായി നില്ക്കത്തക്കവണ്ണമുള്ള പ്രാബല്യം ഹിററ്ലക്ക് സിദ്ധിച്ചു.

അതിൽ തോൽവി പിണഞ്ഞെങ്കിലും നാസിപക്ഷക്കാരുടെ ശത്രുത്വം ഗവമ്മെൻറിനു ദോഷകരമാണെന്നു കണ്ടു ഹിററ്ലക്ക് ഒരു ഉപമന്ത്രിസ്ഥാനം കൊടുക്കുവാൻ ആലോചനയുണ്ടായി. അത് അദ്ദേഹം നിരാകരിച്ചു. മുസൊലിനിയെപ്പോലെ പ്രതിനിധിസഭയെ അവഗണിച്ചല്ല ഹിററ്ലർ അധികാരത്തിൽ എത്തിയത്. ജനപ്രാതിനിധ്യത്തിൽ തൻെറ കക്ഷിക്കു ക്രമേണ കൂടുതൽ ബലം സിദ്ധിക്കുന്നതിനും പ്രധാനമന്ത്രി ആയിത്തന്നെ കാര്യങ്ങൾ ഏറവുനടത്തുന്നതിനും ആണ് അദ്ദേഹം ആഗ്രഹിച്ചത്. ഒരുകൊല്ലത്തിനകം ഹിൻഡർബെർഗിൻെറ മന്ത്രിസംഘം ഭിന്നിച്ചു ഹിററ്ലറെത്തന്നെ ചാൻസലറാക്കേണ്ടി വന്നു. അന്ന് ബെർലിനിൽ വലുതായ ആഘോഷങ്ങൾ ഉണ്ടായി. തൻെറ അധികാരം ഒന്നുകൂടി ജനസമ്മതപ്രകാരം ബലപ്പെടുത്തുന്നതിനു പുതുതായ ഒരു തെരഞ്ഞെടുപ്പ് നടത്തിയതിൽ ഹിററലരുടെ കക്ഷിക്ക് ഒരുകോടി എഴുപതുലക്ഷം വോട്ടുകൾ സിദ്ധിച്ചു. അന്നുമുതൽക്ക് ജെമ്മൻ വർഗ്ഗത്തിൻെറ ഏകപ്രതിനിധി എന്ന നിലയിൽ സംസാരിക്കുന്നതിനും പ്രവത്തിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. ജനപ്രതിനിധികൾ സഭകൂടുന്നുണ്ടെങ്കിലും ആ സഭ ഹിററ്ലരുടെ ആജ്ഞകളെ ശിരസാവഹിച്ച് അഭിമാനിക്കുന്നതേയുള്ളു. ഹിൻഡൻബെർഗ് എല്ലാക്കാലത്തും ഊജ്ജസ്വലരായ കീഴുദ്യോഗസ്ഥന്മാർക്ക് വശംവദനായിക്കഴിഞ്ഞി

രുന്നതുകൊണ്ടു് ഹിററ്ലർക്കു് അദ്ദേഹത്തിൽ നിന്നും യാതൊരു പ്രതിബന്ധവും നേരിട്ടില്ല. അദ്ദേഹത്തിൻെറ മരണശേഷം പ്രസിഡൻറുസ്ഥാനവുംകൂടി ജെർമ്മൻ സാമ്രാജ്യത്തിലുള്ള സകലരുടെയും സമ്മതപ്രകാരം ഹിററ്ലർ കയ്യേററു. ഇങ്ങനെ ആസ്ത്രിയായിൽ ഒരു ചില്ലറ ഉദ്യോഗസ്ഥൻെറ മകനായി ജനിച്ച അഡോൾഫ് ഹിററ്ലർ യുദ്ധസാമർത്ഥ്യമോ സ്ഥാനവലിപ്പമോ കുടുംബപാരമ്പര്യമോ യാതൊന്നും ഇല്ലാതെതന്നെ ഇക്കഴിഞ്ഞ മൂന്നുകൊല്ലങ്ങളായി ജെർമ്മനിയിൽ ഏകച്ഛത്രാധിപത്യം നടത്തുന്നു. പണ്ടേ പകയുള്ള ജൂതന്മാരെ മാത്രമല്ല തൻെറ അഭിപ്രായത്തിനെതിരായി പ്രവർത്തിക്കുന്ന അനുചരന്മാരെയും എതിർകക്ഷികളിൽപ്പെട്ട നേതാക്കന്മാരെയും സ്വാധികാരം പ്രയോഗിച്ചുതന്നെ നശിപ്പിക്കുന്നതിനു് അദ്ദേഹം മടിച്ചിട്ടില്ല. അതും നാട്ടുകാർക്കു് പൂർണ്ണസമ്മതമായിട്ടാണു കാണുന്നതു്. ഇങ്ങനെ ഒരു അധികാരവും പ്രാബല്യവും ജെർമ്മൻചരിത്രത്തിൽപ്പോലും അഭൂതപൂർവ്വമാണെന്നു പറയേണ്ടിയിരിക്കുന്നു.

III

ഹിററ്ലരുടെ നില അദ്ദേഹത്തിൻെറ സ്വഭാവഗുണവും കാര്യശേഷിയും കൊണ്ടുമാത്രം ബലപ്പെട്ടിരിക്കുന്നു. ജെർമ്മൻ വർഗ്ഗാരെ ലോകത്തിൽ എല്ലായിടത്തും മാനിക്കത്തക്ക പദവിയിൽ എത്തിക്കുന്നതിനു് താൻ ലോകനിയന്താവിനാൽ നിയോഗിക്കപ്പെട്ടിട്ടുള്ള പ്രതിപുരുഷനാണെന്നു് അദ്ദേഹം ദൃഢമായി വിശ്വസിക്കുന്നതു പോലെ ജെർമ്മൻകാരിൽ ഒരു ഭൂരിപക്ഷം ജനങ്ങളും വിശ്വസിക്കുന്നുണ്ടു്, ജെർമ്മൻവർഗ്ഗം ഏകോപിച്ചിരിക്കണമെന്നും, ജെർമ്മനിക്കു പുറത്തും ജെർമ്മൻ വർഗ്ഗക്കാർ അധിവസിക്കുന്ന പ്രദേശങ്ങൾ ഏതു വിധത്തിലും ഒന്നിച്ചു ചേർക്കണമെന്നും ഉള്ള ഉദ്ദേശം ഹിററ്ലരുടെ ജീവിതോദ്ദേശമായിത്തീർന്നിട്ടുണ്ടെന്നുള്ളതിനു് സംശയമില്ല. ആത്മാഭിമാനവും ദേശാഭിമാനവും മൂർത്തീകരിച്ച ജെർമ്മൻവർഗ്ഗക്കാർക്കു് മഹായുദ്ധത്തിൽ പിണഞ്ഞ ദ്രവ്യനാശവും മാനഹാനിയും അതിരററ നിരാശയ്ക്കു് ഇടയാക്കിയ ഘട്ടത്തിൽ ശത്രുക്കളുടെ പെരുമാററവും അതിനെ അനുസരിച്ചുള്ള നേതാക്കന്മാരുടെ നടപടികളും അഭൂതപൂർവ്വമായ ഒരു മനഃസ്ഥിതിയാണു് ഉണ്ടാക്കിത്തീർത്തതു്. കൈസരും അദ്ദേഹത്തിൻെറ അനുചരന്മാരും പ്രഖ്യാപനം ചെയ്തിട്ടുള്ള വർഗ്ഗീയമഹത്വവും പ്രാബല്യവും തന്നെ ഈ ഘട്ടത്തിലും ആത്മവിശ്വാസത്തോടുകൂടി ഉൽഘോഷിക്കുന്ന ഒരു നേതാവിനെ മനഃപൂർവ്വം അവർ വിശ്വസിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും അയാളുടെ അധീനത്തിൽ രാഷ്ട്രീയജീവിതത്തെ സമർപ്പിച്ചിട്ടുള്ളതു് തല്ക്കാലം ഗത്യന്തരമില്ലാഞ്ഞിട്ടായിരിക്കാം. മിതവാദികളും സോഷ്യലിസ്റ്റ് നേതാക്കന്മാരും പിൻതുടർന്ന നയംതന്നെയാണു ഭാവിയിൽ സ്ഥിരപ്പെടുവാൻ പോകുന്നതെങ്കിലും, അതിലേക്കു് പെട്ടെന്നുണ്ടായ പരിവർത്തനം നാട്ടുകാർക്കു് ദുസ്സഹമായിത്തീർന്നതിൽ അത്ഭുതപ്പെടുവാനില്ല. എന്നാൽ ഹിററ്ലർ ഉദ്ദേശിക്കുന്നതുപോലെ ജെർമ്മനിയിൽ രാഷ്ട്രീയമായും മാനസികമായും സാമ്പത്തികമായും ഉള്ള സകല കാര്യങ്ങളും, മുതലാളികൾക്കും, തൊഴിലാളികൾക്കും വസ്തു ഉടമസ്ഥന്മാർക്കും കർഷികൾക്കും ഒരുപോലെ തൃപ്തികരമാകും വണ്ണം നിർവ്വഹിക്കുന്നതിനു കെല്പുള്ളവർ ഉണ്ടായിരുന്നാൽ ത

ന്നെയും, സൌകര്യവും സാമഗ്രികളും എപ്പോഴും തയ്യാറായിരിക്കുമെന്ന് വരാവുന്നതല്ല. അപ്രകാരമുള്ള വൈഷമ്യങ്ങളോട് മല്ലിടുവാൻതക്ക ആത്മസ്ഥൈര്യം ഹിററ്ലർ മുഖാന്തരം ജെമ്മൻകാക്ക് ഇപ്പോഠം സിദ്ധിച്ചിട്ടുള്ളത് ഒരു വലിയ മെച്ചം തന്നെ. തൻെറ അനുചരന്മാരുടെ മനോഗതിയും അന്യരാജ്യക്കാരുടെ നിലയും ജെമ്മനിയുടെ തൽക്കാലസ്ഥിതിയും ഒരു യുദ്ധം കൊണ്ടല്ലാതെ ഉൽഗതിയ്ക്ക് മാർഗ്ഗമില്ലെന്നു സൂചിപ്പിക്കുന്നുണ്ട്. രണ്ടുവിധത്തിലും ഭാവിയെപ്പററി ആശങ്കയ്ക്കു അവകാശമുണ്ടെന്നു തന്നെ പറയേണ്ടിയിരിക്കുന്നു.

ഹിററ്ലർ ഒരു ദൈവദൂതൻെറ ഭാവം അഭിനയിക്കുക മാത്രമല്ല, അതുതന്നെ അദ്ദേഹത്തിൻെറ ജീവിതരീതിയിൽ പ്രതിഫലിപ്പിക്കയും ചെയ്യുന്നുണ്ട്. നിമിഷം കൊണ്ടു പലസ്ഥലത്തും എത്തുന്നതിനും തൻെറ അഭിഭാഷണംകൊണ്ടു ജനങ്ങളുടെ മനസ്സിളക്കി വശത്താക്കുന്നതിനും അദ്ദേഹത്തിനു സാധിക്കുമെങ്കിലും, ഏകാകിയായി ജീവിക്കുന്നതിനാണ് അദ്ദേഹത്തിന് ഇഷ്ടം ഉള്ളതു്. സഞ്ചരിക്കാത്ത സമയങ്ങളിൽ തെക്കെ അതിർത്തിയിൽ മലഞ്ചെരിവിലുള്ള ചെറിയ ഒരു ഗ്രാമത്തിൽ ആണ് അദ്ദേഹത്തിൻെറ താമസം. മത്സ്യമാംസാദികഠം ഭക്ഷിക്കയോ ലഹരിപദാർത്ഥങ്ങഠം ഉപയോഗിക്കയോ അദ്ദേഹത്തിനു പതിവില്ല. സാധാരണ കാഴ്ചയ്ക്കു ആളെ മനസ്സിലാക്കത്തക്ക ആകൃതിയോ ആഡംബരമോ ഹിററ്ലർക്ക് ഇല്ല. അടുത്തു പെരുമാറുന്നവക്ക് മാത്രമേ അദ്ദേഹത്തിൻെറ മഹത്വം മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. സംഭാഷണത്തിൽ തൻെറ ആന്തരമായ മനഃസ്ഥൈര്യവും സമുദായസ്നേഹവും എപ്പോഴും പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കും. മുഖം പ്രസന്നമായിക്കാണുന്നതു് കൊച്ചുകുട്ടികളുമായി ഇടപെടുമ്പോഴേ ഉള്ളൂ. നിരന്തരമായ പ്രവൃത്തിയൽ നിന്നും വിരമിക്കുന്നതു് സ്വല്പം സംഗീതസുഖം അനുഭവിക്കുന്നതിനു മാത്രമേയുള്ളൂ. അദ്ദേഹത്തിനു ഭാര്യയും കുട്ടികളും മററുബന്ധങ്ങളും ഇല്ല. ഹൃദയാകർഷകമായ വാഗ്ധോരണി മുൻകൂട്ടി പരീക്ഷിച്ച് പ്രയോഗിക്കയോ കാലേ കൂട്ടി കരുതുന്ന കുറിപ്പുകളിൽ നിന്നും സ്വരൂപിക്കുകയോ ചെയ്യുന്നതല്ല. ജനസമൂഹത്തിൽ പ്രവേശിക്കുമ്പോഠം അദ്ദേഹത്തിന് ശ്രോതാക്കളുടെ വികാരങ്ങളെ സ്വാധീനപ്പെടുത്തത്തക്ക എന്തോ ഒരു 'മാസ്മരശക്തി' പ്രത്യക്ഷമാകുന്നുണ്ട്. ഉദ്ദീപകങ്ങളായ മതപ്രസംഗങ്ങളിലെന്നപോലെ, ശ്രോതാക്കഠം തന്നത്താൻ മറന്നു് എന്തിനും സന്നദ്ധരാകത്തക്ക ഒരു ഗൂഢശക്തി അദ്ദേഹത്തിൻെറ വാക്കുകളിൽ നിന്നും പ്രവഹിക്കുന്നുണ്ടത്രെ.

"കാര്യകാരണങ്ങളെപ്പററി വാദിക്കുന്നതിനോ ന്യായാന്യായ വിവേചനത്തിനോ വേണ്ടി പൊതുജനങ്ങളൊടു പ്രസംഗിക്കേണ്ട ആവശ്യം ഇല്ല; എല്ലാവരുടെയും അന്തർഗതങ്ങളെ ഒരേ രീതിയിൽ ഒരേ ഉദ്ദേശത്തെ ലാക്കാക്കി ക്രമപ്പെടുത്തുന്നതുകൊണ്ടാണ് പൊതുജനങ്ങഠംക്കു ഗവമ്മെൻറിനോടുള്ള അനുഭാവവും ഐക്യവും ബലപ്പെടുന്നതു്. വാസ്തവം തന്നെ മനസ്സിലാകുന്നവിധത്തിൽ, അനുഭവപ്പെടുന്ന രീതിക്ക് പറഞ്ഞുകൊടുത്താൽ അത്ഭുതകരമായ ഫലമാണുണ്ടാകുന്നതു്." ഇപ്രകാരമുള്ള ഉദ്ദേശങ്ങഠം

നിർവ്വഹിക്കുന്നതിനുവേണ്ട ആഡംബരങ്ങളും ചടങ്ങുകളും പൊതുയോഗങ്ങളിൽ അദ്ദേഹത്തിൻെറ അനുചരന്മാർ ഏർപ്പാടുചെയ്യുന്നതു് പതിവാണു്. പ്രതിനിധിസഭയിൽ ഉള്ള പ്രസംഗങ്ങൾ മിക്കവാറും മുൻകൂട്ടിപഠിച്ചു് ഗൌരവസ്വരത്തിൽ കാണാപ്പാഠം പറയുകയാണു് ചെയ്യുന്നതു്. വിദേശകാര്യങ്ങളെ സംബന്ധിച്ചുള്ള പ്രസ്താവനകളെല്ലാം റിബൻട്രോപ്പ്, റോസൻബെർഗ് മുതലായ ഉപദേഷ്ടാക്കളുടെ സഹായത്തോടുകൂടി തയാറാക്കുന്നവയാണു്. ഓരോ പ്രസംഗവും കഴിഞ്ഞാൽ അതിൻെറ ദിവ്യത്വവും സ്വാരസ്യവും അത്ഭുതകരമായ മഹത്വവും കണ്ടുപിടിക്കുന്നതിനും അവയെ മുക്തകണ്ഠം പുകഴ്ത്തുന്നതിനും സമർത്ഥന്മാരായ അനുചരന്മാർ എപ്പോഴും കൂടെത്തന്നെയുണ്ടു്. ഇങ്ങനെ, അത്ഭുതവൈഭവത്തോടുകൂടിയ ഒരു ദേവദൂതൻെറയോ, അളവററ തട്ടിപ്പുള്ള ഒരു ഐന്ദ്രജാലികൻെറയോ നിലയാണുഹിററ്ലർക്കു് ഉള്ളതെങ്കിലും, സംഘടനാബലംകൊണ്ടു് നാസികളുടെ ശക്തിയും അവരെപ്പററിയുള്ള ഭയവും ഇന്നത്തെ ജെർമ്മനിയെ കീഴ്പെടുത്തിയിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

മുസോലിനിയുടെ ഇററലി അദ്ദേഹത്തിനു ചിരപരിചിതനായ ഒരു സഹചാരിയെപ്പോലെയാണു്. തൻെറ നാട്ടുകാരുടെ അഭിലാഷവും ആവശ്യവും അടിസ്ഥാനമാക്കിത്തന്നെയാണു് മുസോലിനി ഭരണനയം കൈക്കൊണ്ടിരിക്കുന്നതു്. ഹിററ്ലരുടെ ജെർമ്മനി നിരാശയിൽ നിന്നു കരകയറുന്നതിനു വേണ്ടി വിവിധങ്ങളായ നിവൃത്തിമാർഗ്ഗങ്ങളിൽ പൂർവ്വസ്മരണയ്ക്കു് അനുരൂപമായ ചടങ്ങുകളെ ആദരിക്കുന്നുണ്ടെങ്കിലും, ഹിററ്ലരുടെ സങ്കല്പത്തിലോ സ്ഥായിയായ സമുദായഗതിയിലോ അടിത്തട്ടുറച്ചിട്ടുള്ള ഒരു നിലയിലല്ല. ഹിററ്ലർ ഉദ്ദേശിച്ചിട്ടുള്ളതായ സമുദായൈക്യം, ലോകമാന്യത, സുഭിക്ഷജീവിതം ഇവയ്ക്കു് ഇന്നത്തെ ജെർമ്മനിയെ സജ്ജമാക്കുന്നതിനു വളരെക്കാലത്തെ ശ്രമം വേണ്ടിവരും. അതിനിടയ്ക്കു് കൈസരുടെ കക്ഷിയും, ഉൽപതിഷ്ണുക്കളും, സോഷ്യലിസ്റ്റുകാരും, കത്തോലിക്ക്കക്ഷിയും, ഓരോ കൈ നോക്കുന്നതിനു സന്നദ്ധരായിരിക്കുന്നു. ഇവരെ യോജിപ്പിച്ചു കൊണ്ടുപോകുന്നതിനോ ശാസിച്ചു നയിക്കുന്നതിനോ എത്ര കാലത്തേക്കു് സാധിക്കുമെന്നുള്ളതു് നാട്ടിനകത്തും പുറത്തും നടക്കുന്ന കാര്യങ്ങളുടെ അനുഭവം പോലെയിരിക്കും. ഇററലിയിലെപ്പോലെ ഒരു രാജാവിൻെറ ആഭിമുഖ്യത്തിലല്ല ഹിററ്ലരുടെ ഭരണം. ജനകീയഭരണം നേതാക്കന്മാരുടെ മാററത്തോടുകൂടി മാറിക്കൊണ്ടിരിക്കുന്ന ഒരു സ്ഥാപനമാണു്. ജെർമ്മൻ സമുദായ ജീവിതത്തിൽ പ്രധാനമായി ഇപ്പോൾ പ്രവർത്തിക്കുന്ന ശക്തി യുവാക്കന്മാർക്കു് അനിയന്ത്രിതമായ സുഖജീവിതം നയിക്കുന്നതിനുള്ള ആഗ്രഹമാകുന്നു. ഉഗ്രശാസനകൊണ്ടു നിയന്ത്രിച്ചിരുന്ന സമുദായജീവിതത്തിൽ നിന്നും രക്ഷപ്പെട്ടു് പ്രകൃതിരാമണീയകത്വവും മാനസോല്ലാസവും കഴിയുന്നിടത്തോളം ആസ്വദിക്കുന്നതിനു യുവസംഘങ്ങൾ യഥേഷ്ടം നാടെങ്ങും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഈ യുവാക്കൾക്കു് ഓരോ മുദ്രകളും സങ്കേതങ്ങളും നൽകി, രാഷ്ട്രീയ കക്ഷികളുടെ അനുയായികളായി ഘടിപ്പിച്ചു് കൊണ്ടുനടക്കുകയാണു് ഇപ്പോൾ ചെയ്തിരിക്കുന്നതു്. എന്നാൽ ഈ

സംഘങ്ങൾക്ക് നിയതമായ ശാസനയിൽ അധികം കാലം പ്രവത്തിക്കുന്നതിനു സംഗതിയാകുമ്പോൾ അവയുടെ സ്ഥായിയായ ബലം നശിക്കാതെ നിവ്വാഹമില്ല. ആത്മീയമായ ഉൽഗതിക്കുള്ള പല കലകളും ജെമ്മൻ കാരുടെ മൂലധനമായിട്ടുണ്ട്. സംഗീതം, ചിത്രമെഴുത്ത്, തത്വശാസ്ത്രം, രസതന്ത്രം, പ്രകൃതിശാസ്ത്രം, മുതലായ കലകളിലും ശാസ്ത്രങ്ങളിലും നിരന്തരമായി പ്രവത്തിച്ചു കൊണ്ടിരിക്കുന്ന ഒരു സമുദായത്തിൽ, കയ്യൂക്ക് കൊണ്ടുമാത്രം മേന്മ നേടുന്നതിനും ഉഗ്രശാസനംകൊണ്ടു മററു സമുദായങ്ങളെ അടക്കിബ്ഭരിക്കുന്നതിനും ഉള്ള വ്യാമോഹം ഏറെക്കാലം നിലനിൽക്കുമോ എന്നു സംശയമാണ്.

മററു രാജ്യങ്ങളിലെന്നപോലെ മുതലാളികളും തൊഴിലാളികളും ഓരോ കക്ഷിയായി വേർപെട്ടു നിന്നുള്ള പോരാട്ടം ജെമ്മനിയിലും ഉഗ്രമായിരുന്നു. വേലക്കാരുടെയും തൊഴിൽക്കാരുടെയും സംഖ്യാബലവും മുതലാളികളുടെ ധനബലവും ആണ് ഹിററ്ലർക്ക് ആധാരമായി നിൽക്കുന്നത്. ഇരുകൂട്ടരേയും ഇണക്കിക്കൊണ്ടു പോകുന്നതിന് ഓരോ കക്ഷിക്കും ഹിതമായ നടവടികൾ സൌകയ്യം പോലെ സ്വീകരിക്കുകയും, അവരിൽ ഉപദ്രവികളായവരെ നശിപ്പിച്ച് തൻെറ അധികാരം നിലനിത്തുകയും ചെയ്യുന്ന നയം താൽക്കാലികമായ വിപ്ളവങ്ങളിൽ നിന്നും രക്ഷാമാർഗ്ഗമായി മാത്രം കരുതുവാനേ വകയുള്ളൂ. ഇററലിയിലെപ്പോലെ രണ്ടുകൂട്ടരേയും . ഗവമ്മെൻറിനോടു ഘടിപ്പിച്ച് വ്യവസായത്തിലും വാണിജ്യത്തിലും അവക്കു തമ്മിലുള്ള സ്പർദ്ധ ക്രമേണ മാററുന്നതിന് ഗവമ്മെൻറുതന്നെ മുന്നിട്ടു പ്രവത്തിക്കുന്നതിന് തുനിയുവാൻ ജെമ്മനിയുടെ തല്ക്കാലസ്ഥിതിക്ക് സാധിക്കുമെന്നു തോന്നുന്നുമില്ല. വൈഷമ്യങ്ങൾ വദ്ധിക്കുമ്പോൾ റഷ്യയിലെപ്പോലെ ഉള്ള ഒരു രൂപഭേദം സമുദായ വ്യവസ്ഥിതിയിൽ സംഭവിക്കുവാൻ കാരണമാകുന്നതാണ് ഹിററ്ലരുടെ ഭരണത്തിൻെറ ഭാവിഫലമെന്നു സൂക്ഷ്മദൃക്കുകൾക്ക് കാണാം. കൈസറേപ്പോലെ ജെമ്മനിയുടെ ദുരഭിമാനം പുലത്തി സ്വാധികാരത്തിൽ രാഷ്ട്രീയശക്തി സംഘടിപ്പിക്കുന്നതിനു തന്നെയാണ് ഹിററ്ലക്കും സാധിച്ചിട്ടുള്ളത്. ജെമ്മനിയുടെ സ്ഥായിയായ ഉൽഗതിക്ക് അതുപോലുള്ള വ്യാമോഹങ്ങൾ പുലത്തിക്കൊണ്ടുപോകുന്നത് പ്രതിബന്ധമായി തീരുമെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. അന്തരീക്ഷം ഈ മാതിരി വ്യാമോഹങ്ങൾകൊണ്ടു മൂടപ്പെട്ടിരിക്കുന്നതായി വിചാരിക്കുമ്പോൾ യഥാത്ഥജെമ്മനി ഹിററ്ലറിൽ നിന്നും വ്യത്യസ്തമായി നിൽക്കുകയാണെന്നു ബോധ്യപ്പെടും.

# യുവകവിപങ്ക്തി.

## കേരള ഭീഷ്മർ.

(പേത്രൂർക്കട എം. കൊച്ചപ്പൻ.)

കേരളം ഭരിച്ചിരുന്ന പെരുമാക്കന്മാരിൽ "ഇമയവരമ്പൻനെടുംചേരലാതൻ" ഏതുനിലയിലും പ്രമാണിയത്രേ! അദ്ദേഹം ഹിമവൽസാനുപര്യന്തം വിജയപതാകപാറിച്ചതുകൊണ്ടാണപോൽ "ഇമയവരമ്പൻ" (ഹിമവാൻ ആകുന്ന വരമ്പ്—രാജാതിർത്തി-നേടിയവൻ) എന്ന ബിരുദനാമം ലഭിച്ചതു്. ഒരു ദിവസം ഈ അതുലപരാക്രമി, തൻെറ രണ്ടുപുത്രന്മാരോടുകൂടി പതിവിൻപടി പൗരസഭയിൽ എഴുന്നള്ളി രാജ്യകാര്യങ്ങളിൽ ഏർപ്പെട്ടു. തദവസരത്തിൽ ഒരു ജ്യോത്സ്യമുഖ്യൻ എഴുനേററു് ഇളയരാജകുമാരൻെറ മുഖത്താണു ചക്രവർത്തിലക്ഷണങ്ങൾ തെളിഞ്ഞു കാണുന്നതെന്നും, അതിനാൽ നെടുംചേരലാതൻെറ കാലാനന്തരം കേരളം ഭരിക്കുന്നതു കനിഷ്ഠപുത്രനായിരിക്കുമെന്നും, അർത്ഥം വരുംവിധം വിളിച്ചുപറഞ്ഞു. മൂത്തപുത്രനും അന്നേ പ്രകടിതഭുജവീര്യനും ആയിരുന്ന ചെങ്കുട്ടവൻെറ കിരീടാവകാശം കേവലം അലംഘ്യമായിരുന്നു. അതിനാൽ ജ്യോത്സ്യൻെറ വാക്കുകൾ ആ സദസ്സിനെ ഞെട്ടിക്കുകതന്നെ ചെയ്തു. അന്തശ്ഛിദ്രചിന്തയിൽ ആരുടെ മനസ്സും ലയിയിച്ചു. റഎങ്ങും അഗാധമൗനം. രാജ്യനാശം, വംശനാശം, ഇങ്ങനെ പലരുടെയും ഭയങ്ങൾ പലവഴികളിലും പാഞ്ഞു. എന്നാൽ ദൈവജ്ഞൻെറ വാക്കുകളുടെ നിരർത്ഥകത സ്വന്തം അന്തശ്ചക്ഷുസ്സിൽ കണ്ട ഇളയതിരുമേനിയുടെ വദനകമലം, അതിൻെറ ഒരു വശത്തുടെ ഒരു പുഞ്ചിരിത്തെല്ലിനെ പുറത്തയച്ചു. തുടർന്നു താഴെ കാണുന്ന ഭീഷ്മപ്രതിജ്ഞ ചെയ്കയും ഉണ്ടായി. പിന്നീടു് "ഇളങ്കോവടികൾ" എന്ന പേരിൽ പ്രസിദ്ധനായി, ഇന്നും അറിയപ്പെടുന്ന ആ പരമസാത്വികൻ ഈ ഇളയരാജകുമാരനാണത്രേ!

* (വഞ്ചിപ്പാട്ടു്.)

I

"എന്തക്രമ, മെൻചെവിയിലേറും
ശക്തിപൂർവം ചീറും
സന്തപ്തമഹാസ്ത്രവൃന്ദം
വർഷിപ്പതാരാം ?
പ്രമാദം—വെറുംപ്രമാദം
പ്രകടമായ് വമിക്കുവാൻ
ക്ഷ്മാതലത്തിലിത്തരം
മർത്ത്യരുമുണ്ടോ ?
മമ മുഖത്തിലാണപോൽ
മഹാചക്രവർത്തിചിഹ്നം !
സമർത്ഥംപോലതു കാൺമാ
നിവൻെറ നേത്രം
ഈ വങ്കത്തരത്തിൻ വളർ
ക്കോമരങ്ങൾ ക്കാരുനൽകി
ദൈവജ്ഞന്മാരെന്നനാമം ?
ശാന്തമേ പാപം !
മറെറന്തുചൊല്ലു ? കാരുണ്യ
മഹാബ്ധിമൽതാതപാദൻ

* പ്രകർപ്പവകാശം ലേഖകന്.

മുററുമിപ്പൗരസദസ്സി
　　ന്നരുളിയതാം
അഭിപ്രായ സ്വാതന്ത്ര്യത്തെ
　　യഹംമതിത്തികവിതാ
വ്യഭിചരിപ്പിപ്പൂ മോഹം
　　ശാന്തിയെപ്പോലെ.
സ്ഥല കാല ഫലാദികൾ
　　സ്മരിയ്ക്കാതെ ജല്പിക്കുമി—
ജ്ജളമതികൾക്കും കൃതി
　　ന്നരങ്ങായ് ത്തീർത്താൽ,
വിലയും നിലയും പോയി
　　വിരളമിസ്സമിതിയും
വിലയിച്ചീടുമെന്നോർപ്പിൻ
　　പൗരമുഖ്യരേ!
അവിനയമൂർത്തിയിവ
　　നറിവററുഴറുന്നവ
യെവിടത്തെ നയമെന്നു
　　ചൊൽവാനാർക്കാകും?
മുറതെററിത്തൻപദത്തിൽ
　　പതിച്ച രാജ്യലക്ഷ്മിയെ
തിറമൊടു കൈവെടിഞ്ഞ
　　ഭരതൻെറയും,
ജനക ഹിതാർത്ഥം
　　തനതലങ്ഘ്യാവകാശങ്ങളെ
മനസാ സന്ത്യജിച്ച
　　ശന്തനുജൻെറയും,
പരിപൂതപദപാംസു
　　പടലികൾ പാറും കമ്മ-
ധരിത്രിതൻ പുത്രരല്ലേ
　　നാമെല്ലാമോർത്താൽ?
ഗുരുവരനിരിക്കവേ
　　കുരുവര നാവാനാഞ്ഞ
ഗരുഡാരിദ്ധ്വജൻ തൻെറ
　　ദുരന്തവൃത്തം
"ശുക" കുലംപോലും പാടി
　　ശുദ്ധിപേറു മന്തരിക്ഷം
മികവു ചേർത്തെഴും മനം
　　നമുക്കു ധനം
ഇച്ചരക്കിവന്നിവിടെ
　　ച്ചെലവാക്കാൻ തരപ്പെടാ;
മെച്ചമേറും തുറമുഖം
　　വേറേ നോക്കട്ടെ.

II

മുഖംനോക്കി മുഴുമനമോതുവാൻ
　　മുതിരും പോലെ
മുഖത്തര മണ്ടത്തര മുണ്ടോ
　　മന്നിങ്കൽ?
അകവും പുറവും തമ്മി
　　ലജഗജഭേദ; മജ-
നക മന്യ ന്നോരാൻ തിറം
　　നരർക്കേകീലാ.
മനസ്ഥിതിയോ നിനച്ചാൽ
　　മഹാ ചിത്രമത്രേ; മർത്ത്യ-
മനന പരിധി തോല്പ്പ
　　തിവിടെയല്ലോ.
നിലയ്ക്കു നിർത്തിയാലതു
　　മലതന്നെ; മറിച്ചായാൽ
ചല ദല ദല മാവാ
　　മനിലാകുലം.
ഉറച്ചാലുൽക്കട വജ്രം;
　　മിളകിയാ ലിളംചളി;
നിറുത്തിയാൽ നില്ക്കും;
　　പായും വിട്ടുകിലെങ്ങും.
നിയന്ത്രിച്ചു തദ്ഗതിയെ
　　നിയത സന്മാർഗ്ഗത്തൂടെ
നയിക്കുന്ന നരനെന്നും
　　നാകേശ നന്ദ്യൻ.
പരിണത മനോഗുണം,
　　പരിതാവസ്ഥകൾ മൂലം
തിരിയാ, നംക്കുരമിട്ട
　　നൗകപോലവേ.

ഒരീഷലും ചലിയ്ക്കയില്ലതു;
കനകമാകട്ടെ
കിരീടമാകട്ടെ
യട്ടത്തുലച്ചാൽ പോലും
കറയററു കയംകണക്കെഴും
മനസ്സിനെ മുഖ-
പ്പുറത്തൊലിനോക്കി
ച്ചൊൽവാൻ മുതിരുന്നല്ലോ!!

III

പരിഭ്രമിക്കേണ്ടാ മമ
പൗരസദസ്യരേ! നിങ്ങൾ
തരിമ്പും വിഷമിക്കേണ്ട
വിഷാദിക്കേണ്ടാ;
നിരുത്തരവാദി തൻെറ
പരുത്ത വാക്കുകളെല്ലാം
നിരർത്ഥമാക്കുവാൻ ഞാനി-
ന്നൊരുത്തൻ പോരും.
"ഇളങ്കോവിൽ" മാനസാംശ
മിടവ്വിലറേറാന്നാ; മതി-
ന്നിളക്കം മേലാത്തമട്ടിൽ
തളച്ചീടാം ഞാൻ.
പക്ഷേ, സർവ ഹൃത്തിങ്കലും
പങ്കിലമാം "ശങ്കാ"ബീജം
നിക്ഷേപിച്ചു, നിഭൃതമിങ്ങിവൻ
മൊഴികൾ.
സംശയാവിഷ്ടം ഹൃദയം
ദയനീയം; സാദ്ധ്യമാണോ
സംശയാവിഷ്ടന്മാരുടെ
സഹവാസവും?
പരമാർത്ഥ സൗഹാർദ്ദത്തെ—
സൗഭ്രാത്രത്തെ- സ്സംഹരിപ്പാൻ
നിരർഗ്ഗളശക്തി "ശങ്ക"
യ്യെന്നു മേരുന്നു.
ക്ഷേമമെങ്ങു? ലക്ഷ്മിയെങ്ങു?
സർവവും നശിപ്പുശിൽപ്പം

ഭീമമിപ്പിശാചി കാട്ടും
കട്ടം കൈകളാൽ.
പരസ്പര "ശങ്കാ" വിഷപാദപം,
ഭീതിവളത്താൽ
പരം തഴച്ചു ദുഷ്ഫല
പടലി തൂകി.
പരിപൂത മെൻകുലത്തെ
പ്പരിവ്യാകുലമാക്കായ്വാൻ
പരിപാടിയേതും ദൃഢം
വരിക്കുവൻ ഞാൻ.
നിത്യമെനിക്കീമാർഗ്ഗത്തിൽ
മണിദീപമായ് വരട്ടെ
"സത്യവ്രത" പദനഖ
മരീചീജാതം.
തടയരുതേ! മൽതാതപാദരേ!
ദയാവാരിധേ!
ഉടയവരെ! ഭവാന്മാർ
മമ മാർഗ്ഗത്തെ.
വരിപ്പു സന്യാസമിന്നുമുതൽക്കു
ഞാൻ—വരിച്ചുതാൻ
വരിഷ്ഠ സന്യാസം സത്യം!
സത്യമേ സത്യം!!
അതു നാട്ടിനും നാട്ടാർക്കു,
മതുലമെൻ കുലത്തിന്നും
പൊതുവിലെന്നു മേകട്ടെ
നിത്യമങ്ഗലം".

IV

നമസ്കാരം ഗുണരാശേ!
നമസ്കാരം രാജ്യഭക്താ!
നമസ്കാരം ത്യാഗിലോക
വരതിലക!
ആരും തീരെ പ്രതീക്ഷിയ്ക്കാത്തൊരു
ഭീഷ്മപ്രതിജ്ഞയാൽ
വാരുറെറാരാ സ്സഭാതലം
കിടുങ്ങിയത്തും,

വിനയ സമ്പന്നൻ ഭവാൻ
വിശിഷ്ടയുക്തികൾമൂലം
ജനകാദ്യ ഹൃദയങ്ങൾ
തണുപ്പിച്ചതും,
"അനുജാ വെടിയൊല്ലേമാ"മെന്നു
പോംവഴിതട്ടത്തോ—
രനുനയാപേക്ഷ പിന്നെ
സ്സമ്മതിച്ചതും,

"തൃക്കണാമതിലക"ത്തിൽ
പിൽക്കാലം ചരിതവ്രതൻ
*സൽക്കവനലക്ഷ്മീ പൂജ
ചെയ്യുവാണതും,
കേരളചരിത്രം തന്നിൽ കേവലം
പൊൻലിപികളാൽ
സാരപൂർണ്ണംസംശോഭിപ്പൂ
പൂജ്യപാദരേ !

# ആശ.

[ ഈ 'ആശ' തന്നെ വേറൊരു മാസികയ്ക്കു അയച്ചു കൊടുത്തിരിക്കുന്നതായി അറിവു് കിട്ടി. ഒരേ കവിത പല മാസികകളിലും പ്രസിദ്ധപ്പെടുത്തണമെന്നുള്ള ആശ നിരാശയിൽ കലാശിക്കുന്നതാണ്—Ed.]

( നതോന്നത )

(വ്യാകരണഭൂഷണം എൻ. ഡി. കൃഷ്ണനുണ്ണി, സംസ്കൃതകാളേജ്, പാവറട്ടി).

I

ചുടുമണൽ തരിനിറ-
ഞ്ഞിടുമൊരു മരുഭൂവിൻ-
നടുവൂടെ നിരന്തരം
നടന്നീടുന്നേൻ.
മടുമലർ മണംതിങ്ങും
മാരുതപോതമെന്നല്ല
മതിമറവും മയക്കീടും
മധുമണവും;
അഞ്ചിതമാ മാൺകുയിലിൻ
പഞ്ചമഗാനത്താലാക്കും
നെഞ്ചകം രഞ്ജിതമാക്കും
ചൂതതരുവും;
മദമത്തമധുവ്രത-
മധുര മർമ്മരംതോറും
മൃദുഹാസമധുതൂകും
മധുലതയും

അരികത്തായ് കളകള-
നിനദത്തെജ്ജനിപ്പിക്കും
അരുവിതന്നതിരററ
ഗതിവേഗവും;
അരുണകിരണകന്ദ-
ദളിത വലാഹകത്തിൻ-
അനുരാഗമൊഴുക്കീടും
സാന്ധ്യകാന്തിയും;
അവനിതാൻ പുതച്ചീടു-
മമലവെൺ പൂകൾപ്പട്ടി-
നൊളിചിന്തും ഞെറിയ്ക്കേഴും
മനോജ്ഞതയും;
ഉയരത്തിലിരുന്നുകൊ-
ണ്ടുലകത്തെയുററുനോക്കും
സ്വയമററ നേത്രങ്ങൾതൻ
നിഴലുപോലും;
അതിങ്കലില്ലഹമന്നാൾ

* ഇതും കോവടികളുടെ "ചിലപ്പതികാരം" തുടങ്ങിയ മഹാകാവ്യങ്ങളും ദ്രാവിഡസാഹിത്യ പ്രസിദ്ധങ്ങളാണല്ലോ.

അധിഗമിച്ചോരാമരു-
വതിങ്കലില്ലിത്തരത്തി-
ലമൃതമൊന്നും;
എങ്കിലെന്താ—ണവിടെ ത്താ-
നെങ്കരളുമിരിക്കുന്നു,
ശങ്കയെന്യെ—മടിയെന്യെ-
മന്ദതയെന്യേ.

II

അലകടൽക്കടിയേയും
നിതാന്ത സന്തപ്തമാക്കും
അളവററ സന്താപത്തി-
ന്നഴക്കുനീരും;
തലക്കുമേൽ തരംനോക്കി
തിരിഞ്ഞു ചുററീടും കഴ-
ത്തലവൻെറ മിഴിയ്ക്കുഴും
കഠോരതയും;
കിളരുന്ന ധൂളീപാളീ-
മലീമസഗന്ധത്താലെ-
വളരുന്ന ബാഹ്യേന്ദ്രിയ-
ബധിരതയും;
അടക്കിയാലടങ്ങാതെ-
യതിക്രമിച്ചകത്തുനി
ന്നടിക്കടിയ്ക്കുയന്നീടും
പശിപ്പിശവും;
അസുക്കളും പൊരിച്ചീട്ട-
മപാരദാഹവു,മേററ-
മസഹ്യമാമംഗങ്ങൾ ത-
ന്നവശതയും;
മൂഗപ്രായം മയക്കീടും
മൃഗതൃഷ്ണാ പ്രവാഹത്തിൻ
മൃഷിതഹൃദയമാകും
പളപളപ്പും;
അട്ടത്താല്പമകന്നാല്പ-
മിടയ്ക്കുനിന്നാല്പമൊപ്പ-
മടിച്ചീട്ടും വിധിക്കാററിൻ
പരുപരുപ്പും;
ഒരേനിഴൽ പ്രായമായെൻ
പരിസരം തന്നിലെങ്ങു-
മെരിപൊരിക്കൊണ്ടീടുന്ന-
പെരും പരപ്പും;
അനുനിമിഷവുമതി-
ലനുഭവിക്കുവാനെനി-
യ്ക്കനുഗത,മനപേക്ഷ്യ-
മനനുചിന്ത്യം;
ഇനിയുമെന്മനമതി-
ലനുരക്തമായിരിപ്പൂ!
വിനയവും, വിവേകവും,
വിനയുമെന്യേ.

III

കഴിഞ്ഞതോത്തെന്മനസ്സു
കുഴങ്ങീടുന്നില്ല; ഭാവി-
ചുഴിഞ്ഞുനോക്കിഞാനേതും
മിഴിപ്പതില്ല;
വത്തമാനസമീരണാ-
വത്തനാഭിഘാതമേററു
ചിത്തമുഴന്നവശനായ്
ശയിപ്പതില്ല;
മേൽക്കുമേലേവിനവന്നാ-
ലതിന്നുമേൽ തലപൊക്കി
ലാക്കുനോക്കി നയിക്കുന്നേ-
നിക്കൊടുംയാനം;
ആരിതിലെൻ ശാസിതാവെ-
ന്നുപദേഷ്ടാവെൻസഖാവി-
ന്നാരുമല്ലതംബയാക്കു-
"മാശ"യല്ലാതെ;
മരീചികാമദ്ധ്യത്തിലും
മധുവൊഴുക്കീടുംമായേ!
ജയിക്ക നീ ജയിക്ക നീ
ജഗജ്ജനിത്രി!

# പ്രാചീനദേശസംജ്ഞാകോശം.

(പി. അനന്തൻപിള്ള, എം. ഏ.)

**അശ്മകം.**—ദാക്ഷിണാത്യ പ്രദേശമെന്നു ബ്രഹ്മാണ്ഡപുരാണം; പഞ്ചാബിലെന്നു കൂർമ്മപുരാണം; ഇൻഡ്യയുടെ വടക്കു പടിഞ്ഞാറെ അതിത്തിപ്രദേശമെന്ന് ബൃഹത് സംഹിത (അ-14) സരസ്വതിനദിയുടെ കിഴക്കെ തീരത്തെന്നു Ptolemy. അവന്തിയുടെ അടുത്തു വടക്കു പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന അശ്ശകം (പാലി) എന്നു Prof. Rhys David. അശ്ശകന്മാർ ഗോദാവരീ നദീതീരത്തു പോതന രാജധാനിയാക്കി വാണിരുന്നു എന്ന് Govinda Sutta. അശോകന്റെ കാലത്തു് മഹാരാഷ്ട്രത്തിന്റെ ഒരു വിഭാഗമായിരുന്നു എന്ന് ഇൻഡ്യാചരിത്രം; വിദർഭരാജ്യത്തുൾപ്പെട്ട ഒരു സ്വതന്ത്രരാജ്യമെന്ന് ദശകുമാരചരിതത്തിൽ ദണ്ഡി; അർത്ഥശാസ്ത്രവ്യാഖ്യാതാവായ ഭട്ടസ്വാമി മഹാരാഷ്ട്രത്തിന്റെ അപരനാമധേയമായിരുന്ന അശ്മകം എന്നു പറഞ്ഞിരിക്കുന്നു. മഹാഭാരതം ഭീഷ്മപർവ്വത്തിലെ അശ്വകം എന്നും ചിലർ നിർദ്ദേശിക്കുന്നു.

**അശ്മന്വതി.**—The river Oxus [ഋഗ്വേദം 10-53]

**അശ്വകച്ഛം**—Cutch

**അശ്വതീർത്ഥം.**—കാളിന്ദീ ഗംഗാനദികളുടെ സംഗമസ്ഥലം, കാന്യകുബ്ജത്തിലെന്നു മഹാഭാരതം അനുശാസനപർവ്വം; വാമനപുരാണത്തിലും അങ്ങനെ തന്നെ കാണുന്നു. അശ്വക്രാന്ത പർവ്വതത്തിനും ഈ പേരുണ്ടെന്നു യോഗിനീതന്ത്രം ഉത്തരകാണ്ഡം.

**അവന്തി.**—മാളവരാജ്യത്തിന്റെ തലസ്ഥാനം; അനർഘരാഘവത്തിൽ ഉജ്ജയിനി അവന്തിയിലെന്നു പറഞ്ഞു കാണുന്നു. അവന്തിയുടെ തലസ്ഥാനം മാഹിഷ്മതി ആയിരുന്നു എന്ന് Govinda Sutta; മാളവത്തിന്റെ പ്രാചീനരാജധാനി എന്ന് കഥാസരിത്സാഗരം; A. D. എട്ടാം ശതകത്തിനു ശേഷം അവന്തിക്ക് മാളവമെന്ന പേരേ കാണുന്നുള്ളൂ എന്ന് Rhys David.

**അവാന്തികക്ഷേത്രം.**— മൈസൂരിലെ കോലാറിനു സമീപമുള്ള ഒരു പുണ്യസ്ഥലം; ശ്രീരാമൻ ഇവിടെ താമസിച്ചതായി ഐതിഹ്യമുണ്ട്.

**അയോധനം.**— പഞ്ചാബിലെ രവിനദിയ്ക്കു പടിഞ്ഞാറ് ചരിത്ര പ്രസിദ്ധമായ ഒരു പട്ടണം (ഗ്രീക്കുചരിത്രകാരൻ); ഫ്ാരിഡിൻ ഷാഹേബ് എന്ന മുഹമ്മദീയ പുണ്യപുരുഷന്റെ ശ്മശാനസ്ഥലം.

**അയോദ്ധ്യ.**— Oudh. രാമായണകാലത്തു പ്രസിദ്ധം; ബുദ്ധമതക്കാലത്തു് ഉത്തരദക്ഷിണ കോസലങ്ങളായി വിഭാഗിക്കപ്പെട്ടിരുന്നു; ഇടയ്ക്കു സരയൂനദി സ്ഥിതിചെയ്തിരുന്നു; ശ്രാവസ്തിയും അയോദ്ധ്യയും തലസ്ഥാന നഗരങ്ങളായിരുന്നു; ശ്രീരാമന്റെ ജനനസ്ഥലം 'ജന്മസ്ഥാന'മെന്ന പേരിൽ ഇപ്പോഴും

നിർദ്ദേശിക്കപ്പെടുന്നു; പുത്രകാമേഷ്ടി യാഗം നടന്ന സ്ഥലത്തിനു 'ക്ഷീരോദകം' എന്നാണ് പറഞ്ഞുവരുന്നത്. ശ്രീരാമൻ അശ്വമേധം നടത്തിയ സ്ഥലം 'ത്രേതാകിതാക്കൂർ' ആണത്രെ! 'രത്നമണ്ഡപം' എന്നിടത്തു് രാജ്യകാര്യാലോചന സഭക്കൂടിയിരുന്നു. ഫൈസബാഡിലുള്ള 'സ്വർഗ്ഗദ്വാരം' ശ്രീരാമനെ സംസ്കരിച്ച സ്ഥലമായി ജനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ലക്ഷ്മണൻ തിരോധാനം ചെയ്തസ്ഥലത്തിന് 'ലക്ഷ്മണകുണ്ഡം' എന്നാണു പേരു്. പുരാണപ്രസിദ്ധങ്ങളായ മററു പല സ്ഥലങ്ങൾക്കും ബുദ്ധമതപരങ്ങളായ സംജ്ഞകൾ നൽകീട്ടുണ്ടു്. അയോദ്ധ്യയ്ക്കു തന്നെ 'സാകേത'മെന്നാണ് ബുദ്ധമതഗ്രന്ഥങ്ങളിൽ കാണുന്നതു്. ഇതു് ടാളമിയുടെ Sagada ആയി.

*N.B.*—ഇംഗ്ലീഷക്ഷരമുറ അനുസരിച്ചാണ് ഈ സംജ്ഞാകോശം തയാറാക്കുന്നതു്.

**ബദരീ.**—O-cha-li എന്നു് ഹ്യൻസാങ്; ഗുജറാററു പ്രദേശത്തുള്ള Edar എന്നു Cunningham; പുരാണത്തിൽ 'സൌവീര'മെന്നു പറഞ്ഞിരിക്കുന്നു. ഇലപദ്ദത്തിൻെറ പ്രാകൃതരൂപമെന്നു ബൃഹൽ ജ്യോതിഷാർണവം; ഹിരണ്യനദീതീരത്തെന്നും ഉണ്ടു്.

**ബദരികാശ്രമം.**— ഐക്യസംസ്ഥാനങ്ങളിലെ ഗാർവാൾജില്ലയിലുള്ള 'ബദരീനാഥം' ഹരിദ്വാരത്തു നിന്നു ഒരു മാസത്തെ സഞ്ചാരം കൊണ്ടെത്താം. അളകാനന്ദ നദിയുടെ തീരത്തായി നരനാരായണക്ഷേത്രം കാണാം. ഉഷ്ണോദകം പുറപ്പെടുന്ന ഒരു ഊററുണ്ടു്; സുഖവാസത്തിനു യോഗ്യമാകയാലായിരിക്കാം ഇതൊരുപട്ടണമായിത്തീൎന്നതു്; പ്രസ്തുതഊററിൻെറ പേരു് 'തപനകുണ്ഡം' എന്നാണ്; ഇതു സ്ഥിതിചെയ്യുന്നതു ഗന്ധമാദന പർവതത്തിലാണെന്നു മഹാഭാരതം ശാന്തിപർവ്വം; ക്ഷേത്രം A. D. എട്ടാം ശതകത്തിൽ ശങ്കരാചാര്യർ പണിയിച്ചതാണെന്നു ഐതിഹ്യം; ബദരി എന്നും ബിശാലി, എന്നും അപരസംജ്ഞകൾ [See Asiatic Researches Vol. 11 Art. 10]

**ഭാഗമതി.**—നേപ്പാളത്തെ ബുദ്ധമതപ്രധാനമായ ഒരു പുണ്യനദി. ഇതിൽ വന്നു ചേരുന്ന പോഷകനദികളുടെ സംഗമസ്ഥലങ്ങൾ പ്രസിദ്ധതീർത്ഥങ്ങളാണ്. അവയിൽ ചിലതു ശാന്ത, ശങ്കര, രാജമഞ്ജരി, പ്രമോദ, സുലക്ഷണ, ജയ ഗോകർണങ്ങളാണ് എന്നു് സ്വായംഭു പുരാണം വരാഹപർവം.

**ബാൽഹികം.**— കേകയരാജ്യത്തിനുവടക്ക് Bias നദിക്കും Sutledgeനദിക്കും മദ്ധ്യേയുള്ളപ്രദേശം. അർജ്ജുനൻ കീഴടക്കിയതായി മഹാഭാരതം. Bactria രാജ്യത്തുനിന്നും വന്നു കുടിപാൎത്ത ഒരു വർഗ്ഗം അനാര്യന്മാരുടെ സങ്കേതം എന്നു ചിലർ പറയുന്നു. പഞ്ചാബിനുള്ള അപരനാമമെന്നു പാണിനിയും, പതഞ്ജലിയും; അയോദ്ധ്യയ്ക്കും കേകയത്തിനും ഇടയ്ക്കെന്നു രാമായണം.

**ബാഹുദാ.**—അയോദ്ധ്യാ രാജ്യത്തുള്ള ഒരു നദി. കരരഹിതനായിരുന്ന ലിഖിതമുനി ഈ നദിയിൽ കുളിച്ചുഉടനെ അദ്ദേഹത്തിനു കൈകളുണ്ടായി അത്രേ! അതുകൊണ്ടു 'ബാഹുദ'യായിത്തീൎന്നു. ശിവപുരാണപ്രകാരം മാന്ധാത

ൻെറ മാതാമഹിയായ ഗൌരി ഭത്താവായ പ്രസേനജിത്തിൻെറ ശാപത്താൽ നദീരൂപം പ്രാപിച്ചതെന്നു കാണുന്നു.

**(ബൈ)വൈഡൂര്യപവ്വതം.—** ഓംകാരനാഥക്ഷേത്രം സ്ഥിതിചെയ്യുന്ന നമ്മദനദിയിലെ മാന്ധാതദ്വീപെന്ന് സ്കാന്ദപുരാണം; പശ്ചിമപവ്വതങ്ങളുടെ വടക്കെഅററത്തുള്ള പവ്വതനിര എന്നു Marco Polo; Baroda രാജ്യത്തിൻെറ വടക്കുകൂടി ഒഴുകുന്ന വിശ്വാമിത്രനദിയുടെ ഉൽപ്പത്തിസ്ഥാനമായ ഒരു പവ്വതമെന്ന് ബൃഹത്സംഹിത; The Satpura Range എന്ന് ആധുനികഭൂമിശാസ്ത്രം.

**(ബൈ)വൈദ്യുതപവ്വതം.—** കൈലാസപവ്വതത്തിൻെറ ഒരു ഭാഗം; അതിനടുത്താണ് മാനസസരസ്സ്; സരയൂനദി ഇവിടെ ഉത്ഭവിക്കുന്നതായി ബ്രഹ്മാണ്ഡപുരാണം.

**വൈജയന്തി.—** വടക്കെ Kanara ജില്ലയിലെ 'വനവാസി'; കദംബരാജാക്കന്മാരുടെ തലസ്ഥാനം; ക്രൌഞ്ചപുരമെന്നും; 'വൈജന്തം' എന്ന് രാമായണം അയോദ്ധ്യാകാണ്ഡം; 'വിജയദുർഗ്ഗ്'മെന്നു R. G. Bhandarkar.

**വൈകുണ്ഠം.—** തിരുനെൽവേലിയ്ക്ക് 22 മൈൽ കിഴക്ക് ചൈതന്യൻ സന്ദശിച്ചിട്ടുള്ള ഒരു പുണ്യസ്ഥലം; താമ്രപണ്ണിനദീതീരത്തു സ്ഥിതിചെയ്യുന്ന ഈ സ്ഥലത്തിന് സാധാരണ'ശ്രീവൈകുണ്ഠം' എന്നു പറഞ്ഞുവരുന്നു.

**വൈരന്ത്യനഗരം.—** ഭാസൻെറ 'അവിമാരകം' നാടകത്തിലെ കഥ നടക്കുന്നതായിപ്പറഞ്ഞിരിക്കുന്ന ഒരു സ്ഥലം; കുന്തിഭോജ തലസ്ഥാനം; രന്തിദേവൻെറ രാജധാനിഎന്ന് ഹഷചരിതം.

**വൈരാടപട്ടണം.—** പ്രാചീന Govisana രാജ്യത്തിൻെറ തലസ്ഥാനം; A. D. ഏഴാം ശതകത്തിൽ Hien Tsiang സന്ദശിച്ചിട്ടുള്ളതു്. Kumaun ജില്ലയിലെ Dhikuli എന്ന് ആധുധിക ഭൂമിശാസ്ത്രം.

**വൈശാലി.—** Mazaffarpur ജില്ലയിലെ Besad എന്നസ്ഥലം; ഹാജീപുരത്തിന് 18 മൈൽ വടക്ക്; ഗംഗാനദിയുടെ വടക്കെത്തീരത്തെന്നു രാമായണം; ബുദ്ധമതക്കാലത്തു പ്രാബല്യത്തിലിരുന്ന 'ലിച്ഛവിക'ളുടെ തലസ്ഥാനമെന്ന് 'ലളിതവിസ്താരം'; രണ്ടു മൈൽ വടക്കാണ് ശ്രീബുദ്ധഭഗവാൻെറ 'കൂടാഗാരശാല'; ബുദ്ധമതക്കാലത്തു് വിദേഹത്തിൻെറ തലസ്ഥാനമായിരുന്നു; കാലാശോകൻെറ കാലത്തു് B. C. 377-ൽ രണ്ടാംബുദ്ധമതമഹാസഭ ഇവിടെക്കൂടുകയുണ്ടായി എന്ന് Max Muller; ബുദ്ധമതപ്രധാനങ്ങളായ പലസ്ഥലങ്ങളും സമീപസ്ഥങ്ങളെന്ന് Dr. Hoey തെളിയിച്ചിരിക്കുന്നു.

**വൈതരണി.—** ഒറിസ്സയിലുള്ള ഒരു നദി; കലിംഗരാജ്യത്തെന്നു മഹാഭാരതം; പരശുരാമസൃഷ്ടിയെന്നു മത്സ്യപുരാണം; കുരുക്ഷേത്രത്തിലെന്നു മഹാഭാരതം വനപവ്വം; ഗോപേശ്വരമഹാക്ഷേത്രം ഇതിൻെറ തീരത്താണു സ്ഥിതിചെയ്യുന്നതു്.

# പുതിയ കേരളപാണിനീയം

## ഒരു നിരൂപണം

(പി. അനന്തൻപിള്ള എം. എ.)

"വ്യാകരണമില്ലാത്ത ഭാഷ രാജാവില്ലാത്ത രാജ്യംപോലെയാകുന്നു" എന്നു് മലയാളികളായ നമുക്കെല്ലാവൎക്കും അനുഭവസിദ്ധമായിട്ടുള്ളതാകുന്നു. നാല്പതു വൎഷത്തിനു മുമ്പും ഇപ്പോഴും ഉള്ള ഭാഷയുടെ നിലയെ താരതമ്യപ്പെടുത്തി നോക്കുകയാണെങ്കിൽ കേരളപാണിനീയം അവതരിച്ചതിന്റെ ശേഷം ഭാഷയ്ക്കുണ്ടായിട്ടുള്ള അഭിവൃദ്ധിയെപ്പററി നമുക്കു് ശരിയായ ബോധം ഉണ്ടാകുന്നതാണു്. ആശാസ്യമായ പല ഭേദഗതികളും ഇതിൽനിന്നുളവായിട്ടുള്ളതെല്ലാം കേവലം അജ്ഞാതമായ വിധത്തിൽ ജനസാമാന്യമദ്ധ്യത്തിൽ പരക്കുകയും ഭാഷാസാഹിത്യത്തിനു് വിശിഷ്യ ഗദ്യസാഹിത്യത്തിനു്, ഒരു പ്രത്യേകരീതി ഏൎപ്പെടുകയും ചെയ്തിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ മലയാളഭാഷ ഇപ്പോൾ സനാഥമായി വളൎന്നു വരുന്നുവെന്നുള്ളതിൽ പക്ഷാന്തരമുണ്ടാകുമെന്നു തോന്നുന്നില്ല.

സംസ്കൃതത്തിന്റെ സഹായത്തോടുകൂടി ഭാഷ വളരാൻ തുടങ്ങിയപ്പോൾ ചിലൎക്കു് മുഴുവൻ സംസ്കൃതമാക്കിയാൽ കൊള്ളാമെന്നൊരു മോഹം ജനിച്ചു. ഭാഷയുടെ സ്വന്ത സമ്പത്തിനു് ഈ ദശയിൽ വളരെ ക്ഷയം നേരിട്ടു എന്നുള്ളതിനു് സംശയമില്ല. ഭാഷയിൽ വ്യാകരണമുണ്ടായില്ലെങ്കിൽ സംസ്കൃത പക്ഷപാതികൾ അവരുടെ ഉദ്ദേശ്യം പൂൎണ്ണമായി സാധിപ്പിച്ചേനേ. തിരുമനസ്സിലെ വ്യാകരണം ആവിർഭവിച്ച കാലത്തു് ഇങ്ങനെ ഒരു തെററായ ധാരണ ചില വിദ്വാന്മാൎക്കുകൂടി ഉണ്ടായിരുന്നു എങ്കിലും കാലക്രമേണ അതെല്ലാം നീങ്ങി, കേരളപാണിനീയം സൎവ്വസമ്മതമായിത്തീൎന്നു. സൎവ്വകലാശാലക്കാർ ഭാഷാവ്യാകരണ വിഷയത്തിൽ പ്രമാണഗ്രന്ഥമാക്കി വച്ചിരിക്കുന്നതും കേരള പാണിനീയം തന്നെയാണു്.

പണ്ടത്തെ കേരളപാണിനീയം കേവലമൊരു ശാസ്ത്രഗ്രന്ഥത്തിന്റെ നിലയിൽ വായനക്കാൎക്കും വിദ്യാൎത്ഥികൾക്കും വിജ്ഞാനം നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് അവതരിപ്പിച്ചതു്. പുതിയ കേരളപാണിനീയമോ ആൎക്കും ഹൃദ്യമായ വിധത്തിലാണു് എഴുതീട്ടുള്ളതു്. ഭാഷാഭിമാനികളും ദേശാഭിമാനികളുമായ മലയാളികൾക്കു് അവശ്യവിജ്ഞേയങ്ങളായ അനേക സംഗതികൾ ഇതിൽ ഉണ്ടായിരിക്കെ, അതു വായിക്കാൻ ഇടവരുന്നവൎക്കു് ആസ്വാദ്യമായിരിക്കേണ്ടതും ഒരു പ്രധാന സംഗതിയാണല്ലോ. ഈ തത്വം മുൻനിൎത്തിക്കൊണ്ടാണു് തിരുമേനി ആദ്യന്തം പ്രവൎത്തിച്ചിട്ടുള്ളതു്. ദുൎഗ്രഹമായ വിഷയവും, വിവരിക്കുന്നതിന്റെ സമ്പ്രദായ ഭേദത്താൽ സുഗ്രഹമായിത്തീരും എന്നു് തിരുമേനിതന്നേ സാഹിത്യസാഹ്യത്തിൽ പറഞ്ഞിട്ടുള്ളതു് ഈ കൃതിയുടെ ഏതു ഭാഗവും പൂൎണ്ണമായി ദൃഷ്ടാന്തപ്പെടുത്തുന്നുണ്ടു്.

പുതിയ കേരളപാണിനീയം ശ്രദ്ധാപൂൎവ്വം വായിക്കുന്ന ഏതു മലയാളിയുടെയും

അന്വേഷണബുദ്ധി വികസിക്കാതിരിക്കയില്ല. വ്യാകരണം വഴിയായി നാം അറിയാതെ നമ്മുടെ പൂർവ്വചരിത്രത്തിൽ പ്രവേശിക്കുന്നു എന്നുള്ളതാണ് വേറൊരു വിശേഷം. ദക്ഷിണഇൻഡ്യയിലെ ചരിത്രമറിയണമെങ്കിൽ ദ്രാവിഡഭാഷകളുടെ അന്യോന്യസംബന്ധം മനസ്സിലാക്കാതെ കഴികയില്ല. അതിന് പുതിയ കേരള പാണിനീയത്തിൻെറ പീഠിക ഒരു ഉത്തമ മാർഗ്ഗദർശിനിയായിരിക്കുന്നു. ഇതിൽ പ്രതിപാദിച്ചിട്ടുള്ള ഓരോ സംഗതികൾ ചരിത്രകാരന് അത്യന്തം പ്രയോജനകരങ്ങളായി തീരുന്നതാണ്. ഇങ്ങനെയുള്ള അറിവിൻെറ അഭാവത്താലാണ് ദക്ഷിണഇൻഡ്യയെ സംബന്ധിച്ചുള്ള ചരിത്രങ്ങൾ ദുർല്ലഭമായിരിക്കുന്നത്.

മലയാള ഭാഷയുടേയും അതു സംസാരിക്കുന്ന ആളുകളുടേയും പൂർണ്ണമായ ചരിത്രം എഴുതുന്നതിനും പുതിയ കേരളപാണിനീയം ധാരാളം പ്രേരണ നൽകുന്നതാണ്. മണിപ്രവാളകാലത്തുണ്ടായിട്ടുള്ള ലീലാതിലകവും, ഈ പുതിയ കേരളപാണിനീയവും കൂടി താരതമ്യപ്പെടുത്തി നോക്കുന്നപക്ഷം ഭാഷയുടെ ആദിമകാലം മുതൽ ഏതല്ക്കാലപര്യന്തമുള്ള സകല ദശാവിശേഷങ്ങളും ഗ്രഹിക്കുന്നതിന് നമുക്കിപ്പോൾ സാധിക്കുന്നതാണ്. തമ്പുരാൻ ഏറിയകാലം ദ്രാവിഡഭാഷകളെപ്പററി പ്രത്യേകം ചിന്തിക്കുകയും പല തത്വങ്ങളും ആരാഞ്ഞറിയുകയും ചെയ്തു വരുമ്പോളാണ് പുതിയ കേരളപാണിനീയം പ്രസിദ്ധപ്പെടുത്തീട്ടുള്ളതെന്ന സംഗതി വളരെ വിലയേറിയതാകുന്നു. ഇനി വ്യാകരണത്തിലെ ഏതാനും പ്രധാന വിഷയങ്ങളെപ്പററി പ്രത്യേകം ആലോചിച്ചുനോക്കാം.

## 1. തേഞ്ഞുമാഞ്ഞുപോയ ഒരക്ഷരം.

പുതിയ കേരളപാണിനീയത്തിൻെറ ആവിർഭാവം ഭാഷാവിഷയമായ പല വാദങ്ങളും തീരുമാനിക്കുന്നതിന് ഒരനുഗ്രഹമായിത്തീർന്നിരിക്കുന്നു. ഇംഗ്ലീഷിൽ Enter, Acting മുതലായ ശബ്ദങ്ങളിൽ കാണുന്ന T യും, നമ്മുടെ ഭാഷയിൽ "രാമൻെറ" എന്ന വാക്കിൽ ഒടുക്കം കാണുന്ന 'റ'യും ഉച്ചാരണത്തിൽ ഒന്നുപോലെ ഇരിയ്ക്കുന്നു. ഇങ്ങനെ ഒരു വർണ്ണം മലയാളത്തിൽ ഉണ്ടെന്നും അതു് ഒരു മാതിരി 'ര'യാണെന്നും കുറേക്കാലം മുമ്പ് "ഭാരതകേസരി"യിൽ ഒരു ലേഖകൻ എഴുതിയിരുന്നതിനെപ്പററി ആ പത്രത്തിൽ തന്നെ ഞാനും അല്പം പ്രസ്താവിക്കയുണ്ടായി. തമ്പുരാൻ തിരുമനസ്സിലെ വ്യാകരണത്തിൽ ഇതിനെപ്പററി പ്രൗഢമായും സരസമായും ഉപന്യസിച്ചു കാണുന്നു.

വളരെക്കാലം മുമ്പ് "കഥ അവസാനിച്ച ഈ അക്ഷരത്തെ കേ. പാ. വീണ്ടും ശവക്കല്ലറയിൽ നിന്നു കുഴിച്ചെടുത്തു് കഴുകി മിനുക്കി പ്രദർശിപ്പിച്ചിരിക്കുന്നു." 'റ' എന്ന ലിപി ഈ അക്ഷരത്തിന് ഇനി മേൽ യോജിക്കാത്തതുകൊണ്ട് തൽക്കാലം ഇംഗ്ലീഷിലെ T എന്ന ചിഹ്നം തന്നെ ഉപയോഗിക്കാം. 'രാമൻെറ" എന്ന ശബ്ദത്തിൽ കാണുന്ന 'റ', എഴുതിയിരിക്കുന്നതുപോലെ അല്ല നാം ഉച്ചരിക്കുന്നതു് എന്നു സമ്മതിക്കാത്ത മലയാളി കാണുമെന്നു തോന്നുന്നില്ല. ഉണ്ടെങ്കിൽ 'നിറയുക' എന്ന വാക്കിലേ 'റ'കാരത്തിൻെറ ധ്വനി ഇവിടെ ഉണ്ടോ എന്നു പരീക്ഷിച്ചു നോക്കട്ടെ. 'രാമൻെറ' എന്ന ശബ്ദം 'രാമൻ'

എന്ന നിർദ്ദേശികാ (Nominative) രൂപത്തിന്റെ ഷഷ്ഠ്യേകവചനരൂപമാണ്. ആ വിഭക്തിയുടെ പ്രത്യയം 'ഉടയ' എന്നുള്ളതു സങ്കോചിച്ച് ഉടെ എന്നായിത്തീന്നിട്ടുള്ളതാണ്. ഇതിലെ 'ഉകാരവും' ലോപിച്ച് ബാക്കിവന്നിട്ടുള്ളതാണ് 'ടെ'. അനുനാസികവും ഖരവും മുൻപിമ്പായിചേന്നുവന്നാൽ ഖരത്തെ അനുനാസികത്തിന്റെ വൎഗ്ഗത്തിലുള്ള ഖരമാക്കണം എന്ന സാമാന്യ സന്ധിനിയമമനുസരിച്ച് ഈ 'ട' 'റ'യായിത്തീന്നു. പക്ഷേ തെററായ ചിഹ്നമാണ് ഉപയോഗിച്ചതു്.

'നിറയുക' മുതലായ ശബ്ദങ്ങളിൽ കാണുന്ന 'റ' ഒരു ഖരമാണെങ്കിലും അതല്ല പ്രസ്തുത ഉദാഹരണത്തിൽ കാണുന്നതു്. ഇതു് സംസ്കൃതത്തിലില്ലാത്തതും, തെലുങ്കിൽ 'ശകടരേഫം' എന്നു പറഞ്ഞുവരുന്നതും ആയ ഒരു പ്രത്യേകദ്രാവിഡാക്ഷരമാണ്. മററു ഖരങ്ങൾക്കില്ലാത്തതായ ഒരു ധ്വനിവിശേഷം കൂടി അതിനുണ്ടു്. ഇതിന്റെ ഇരട്ടിച്ച രൂപം വരുമ്പോളാണ് കുഴപ്പം നേരിടുന്നതു്. നമ്മുടെ വാദവിഷയമായ T ഇരട്ടിയ്ക്കുമ്പോഴും ഈ ഉച്ചാരണം തന്നെയാണുണ്ടാകുന്നതു്. എങ്കിലും രണ്ടും ഒന്നിന്റെ തന്നെ രൂപഭേദങ്ങളാണെന്നു പറവാൻ പാടില്ല. എന്തെന്നാൽ 'തിന്നുക' എന്നുള്ള ശബ്ദത്തിൽ 'റ'കാരമില്ലെന്നു സ്പഷ്ടമാണല്ലൊ. ഈ ക്രിയാരൂപത്തിന്റെ പ്രയോജകരൂപത്തിൽ അതായതു് 'തീററുക' എന്നതിൽ ഇരട്ടിച്ച 'റ'കാരം എഴുതിവരുന്നതു കണ്ടില്ലേ? നീറുന്നു എന്നതിന്റെ പ്രയോജകരൂപത്തിലും 'ററ' കാണുന്നുണ്ടു്.

ഇതിൽനിന്നെല്ലാം തെളിയുന്നതു് ഉച്ചാരണത്തിനനുരൂപമായ ലിപി ഇല്ലെന്നുള്ളതാണ്. പക്ഷേ ഈ ലിപിയുടെ ആവശ്യകത 'രാമന്റെ' എന്നതിലെപ്പോലെ ഒരിടത്തു മാത്രമേ പ്രധാനമായി വേണ്ടൂ. ആകയാൽ വൈയാകരണന്മാർ സൂക്ഷിച്ചിരുന്നാലും ആളുകൾ അതിൽ സ്വാതന്ത്ര്യം കാണിച്ചു തുടങ്ങി. "തീററുന്നു എന്നിടത്തു് ഇരട്ട 'റ' ആണെങ്കിൽ 'ൻT' എന്നതിനു് ഒററ 'റ' ധാരാളം മതിയാകുമെന്നു്'' അവർ നിശ്ചയിച്ചു. തിരുമനസ്സിലെ അഭിപ്രായം ഈ പ്രത്യേക ഉച്ചാരണമനുസരിച്ച് ഒരു ലിപിയുടെ ആവശ്യകതയുണ്ടെന്നാണ്. മലയാളത്തിൽ ഇരട്ടിച്ചോ, നകാരത്തോടു കൂടിയോ അല്ലാതെ ഈ അക്ഷരം കാണുന്നില്ലെങ്കിലും, ഇംഗ്ലീഷിൽനിന്നും അനവധി വാക്കുകൾ മലയാളത്തിൽ എഴുതേണ്ടി വരുമ്പോൾ പ്രസ്തുത ലിപി അത്യാവശ്യമെന്നു കാണും.

വാദവിഷയമായിരിക്കുന്ന T എന്ന അക്ഷരം 'വൎത്സ്യം' എന്ന ഒരു പ്രത്യേക വൎഗ്ഗത്തിൽ പെട്ടതാണെന്നു് കാണിച്ചിരിക്കുന്നു. T, ആ വൎഗ്ഗത്തിലെ ഖരവും ന, അനുനാസികവും ആണ്. "ഈ വൎഗ്ഗത്തിനു സ്ഥാനം ദന്തമൂലത്തിനും മൂൎദ്ധാവിനും മദ്ധ്യേയുള്ള ഊനിനടുത്ത പിൻഭാഗമാകുന്നു.'' വൎത്സ്യമായ 'T' വൎഗ്ഗത്തെ മൂൎദ്ധന്യമായ 'ട'വൎഗ്ഗം കഴിഞ്ഞു് പഠിക്കാനുള്ളതാകുന്നു.

മലയാളത്തിലെ പ്രാചീന വ്യാകരണമായ ലീലാതിലകത്തിലും 'ററ' 'ൻറ' 'റ' എന്ന മൂന്നക്ഷരങ്ങളും വെവ്വേറെ എടുത്തു കാണിച്ചിട്ടുണ്ടു്. ലീലാതിലകക്കാരന്റെ പ്രമാണം അഗസ്ത്യസൂത്രമാണ്. പക്ഷേ, അതൊരു ഊഹം മാത്രമേ നൽകുന്നുള്ളു.

ഈ വിധത്തിൽ ആഗമപ്രമാണപ്രകാരം നോക്കിയാലും തിരുമനസ്സിലെ ചർച്ച സയുക്തികമായിരിക്കുന്നു എന്നു തെളിയുന്നതാണു്. തിരുമേനിയ്ക്കു മുമ്പുള്ള ഭാഷാവൈയാകരണന്മാർ ആരും തന്നെ ഈ അന്വേഷണം നടത്തി സ്വമതം സ്ഥാപിച്ചിട്ടില്ല. ഗുണ്ടർട്ട്, ഗാർത്തവെയിററു്, കാൾഡ്വെൽ, സ്ററീവൻസൺ മുതലായ പാശ്ചാത്യ പണ്ഡിതന്മാർക്കു് ഈ വിഷയത്തെപ്പററി സംശയങ്ങളുണ്ടായി എങ്കിലും, അവർക്കാർക്കും കാര്യം മനസ്സിലായിട്ടില്ല. ഒടുവിൽ പറഞ്ഞ ധ്വരയുടെ നാമാക്ഷരങ്ങളിലുള്ള 'ററ'കാരംപോലും അദ്ദേഹത്തിനു് പ്രസ്തുതമായ അക്ഷരത്തിൻെറ സ്വഭാവം മനസ്സിലാക്കാൻ സഹായിക്കാത്തതിൽ തിരുമേനി അത്ഭുതപ്പെടുന്നു. എങ്കിലും ഈ ധ്വരമാരുടെ സാഹസങ്ങളെല്ലാം തിരുമനസ്സിലേയ്ക്കു് വിലയേറിയ സൂചനകളായിത്തീർന്നിട്ടുണ്ടെന്നു അദ്ദേഹം നന്ദിപൂർവ്വം സമ്മതിച്ചിട്ടുണ്ടു്.

## 2. മണിപ്രവാളഘട്ടം

കൊടുന്തമിഴായിരുന്ന മലയാളഭാഷ കാലാന്തരത്തിൽ അകന്നകന്നു് ഒരു പ്രത്യേക ഭാഷയായിത്തീർന്നതെങ്ങനെയെന്നു് പുതിയ കേരളപാണിനീയത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. പുരുഷപ്രത്യയനിരാസം, അനുനാസികാതിപ്രസരം ഇങ്ങനെ രണ്ടു നയങ്ങളാണു് ഈ അകൽച്ചയ്ക്കു പ്രധാന കാരണങ്ങളായിത്തീർന്നതു്. നിങ്ങ്കൾ, നിങ്ങളായതും, തിന്താൻ തിന്നാനായതും, പഞ്ചം പഞ്ഞമായതും, തിരുമ്പുക തിരുമ്മുകയായതും, ചൊൻറാൻ ചൊന്നാൻ ആയതും, കൻറു കന്നായതും, എല്ലാം രണ്ടാമതു പറഞ്ഞ നയത്താലാണു്. അനുനാസികങ്ങളുടെ പ്രേരണ മലയാളഭാഷയിൽ കുറെ അധികം തന്നേ എന്നു പറയാമെങ്കിലും തമിഴർ കൂടി അതൊരു 'മൂക്ക്രാഞ്ചി' ബ്ഭാഷയെന്നു് ആക്ഷേപിക്കുന്നതു് അനാവശ്യമാണു്. എന്തെന്നാൽ ആ ഭാഷയിലും അനുനാസികങ്ങളുടെ പ്രേരണ അധികമെന്നു തന്നേ പറയേണ്ടിയിരിക്കുന്നു.

മലയാളത്തിൽ തമിഴിലെപ്പോലെ കൃതികൾക്കു പുരുഷപ്രത്യയം വേണ്ടെന്നു വച്ചതും ഒരു വലിയ മാററമായി കരുതാവുന്നതാകുന്നു. പരമാർത്ഥമാലോചിയ്ക്കുയാണെങ്കിൽ ഈ പുരുഷ പ്രത്യയങ്ങൾ നിമിത്തം തമിഴിൽ പൂർണ്ണക്രിയ എന്ന രൂപം ഇല്ലാതെയാണിരിക്കുന്നതു്. പാർത്താൻ, പാർത്താൾ എന്നൊക്കെ പുരുഷപ്രത്യയങ്ങളോടുകൂടി മാത്രമേ ആ ഭാഷയിൽ കൃതികൾ കാണുന്നുള്ളു. ഇവിടെ പ്രത്യയങ്ങൾ ചേർത്തിരിക്കുന്നതു് അപൂർണ്ണക്രിയകളോടു കൂടിയാണെന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ. അല്ലാതെ വരുന്നിടത്തും അപ്രകാരം തന്നേ എന്നു് 'പുസ്തകം പാർത്തു ശൊല്ലുറേൻ' ഇത്യാദി ഉദാഹരണങ്ങൾ തെളിയിക്കുന്നു. മലയാളത്തിൽ പുരുഷപ്രത്യയം ചേർക്കാതെ തന്നേ കൃതി പൂർണ്ണമായിരിക്കുന്നു. മലയാളത്തിൽ ഒരു കൃതി പൂർണ്ണമോ അപൂർണ്ണമോ എന്നറിയുന്നതിനു് അതിൻെറ അവസാനത്തിലുള്ള അക്ഷരത്തിൻെറ വികാരമാണു് നമ്മേ സഹായിക്കുന്നതു്.

മലയാളഭാഷ ഈ വിധത്തിൽ തമിഴിൽനിന്നും അകന്നുവരുമ്പോളാണു് സംസ്കൃതത്തിൻെറ സംസർഗ്ഗമുണ്ടായതു്. സംസ്കൃത ശബ്ദങ്ങൾ അന്നു സ്വീകരിച്ചതെല്ലാം 'തത്ഭവങ്ങ'ളായിരുന്നു. ഈ ഭാഷയ്ക്കു കരിന്തമിഴ് എന്നു പേർപറഞ്ഞുവരുന്നു.

രാമചരിതം കൃതി കരിന്തമിഴകാലത്തിന്റെ അവസാനത്തിൽ ഉണ്ടായതായിരിക്കണം.

ഇവിടം മുതൽക്കാണ് മണിപ്രവാള കാലം ആരംഭിക്കുന്നതു്. സംസ്കൃതത്തിന്റെ അധികാരം മുഴുത്തപ്പോൾ ഭാഷയിൽ ഓരോരുത്തർ പല ദുസ്സ്വാതന്ത്ര്യങ്ങളും കാണിച്ചു തുടങ്ങി. സംസ്കൃതവും ഭാഷയും കൂടി യോജിപ്പിക്കേണ്ടതെങ്ങനെയെന്നുള്ള വൈഷമ്യം പലൎക്കും നേരിട്ടിട്ടുള്ളതായി തെളിയുന്നുണ്ടു്.

'മണ്ടന്തിപാന്ഥനിവഹാ: പടിബന്ധപേട്യാ' എന്നിങ്ങനെ ദ്രാവിഡ പ്രകൃതികളിൽ സംസ്കൃത വിഭക്തികളും ലകാരങ്ങളും ചേൎത്തുള്ള പ്രയോഗങ്ങൾ നേരമ്പോക്കിനായി മാത്രമല്ല കാൎയ്യമായി വച്ചിട്ടുള്ള കൃതികളിലും ധാരാളമായി കാണുന്നുണ്ടു്. അക്കാലത്തെ ഒരു പ്രധാന കൃതിയായ ഉണ്ണുനീലീസന്ദേശത്തിൽ പോലും

"ചേടീവകത്തൂറം പുനരൊരു കരം
കൊണ്ടുതാൻപൊത്തയിത്ഥാ"

എന്നീ വിധത്തിലുള്ള പ്രയോഗങ്ങൾ ഒന്നരണ്ടല്ല. തിരുമനസ്സിലെ അഭിപ്രായത്തിൽ ഈ ദുസ്സ്വാതന്ത്ര്യം തന്നെയാണ് മണിപ്രവാള കവിതയുടെ ഉൽപ്പത്തി എന്നാണ്. 'തമിഴകാവ്യങ്ങൾക്കു പ്രചാരം കുറഞ്ഞു. നാട്ടുഭാഷ ഭേദിച്ചു വരുന്തോറും ചെന്തമിഴിന്റെ അൎത്ഥം ഗ്രഹിക്കുന്നതു് ജനങ്ങൾക്കു് അസാദ്ധ്യമായിത്തുടങ്ങി. സംസ്കൃതത്തിന്റെ പുതുമയും പ്രൗഢിയും കാവ്യരസികന്മാരെ ആകൎഷിക്കുകയും ചെയ്തു. പ്രഭുത്വവും പഠിത്തവുമുള്ള രാജാക്കന്മാരും നംപൂരിമാരും സംസ്കൃതത്തെയല്ലാതെ നാട്ടുഭാഷയെ ആദരിച്ചില്ല. എന്നാൽ നാട്ടുഭാഷയോടു ബന്ധമില്ലാതെ സംസ്കൃതത്തിൽ തന്നേ കവിത ചെയ്താൽ കേട്ടു രസിക്കാൻ ആളുകൾ ചുരുങ്ങുകയും ചെയ്യും. ഈ സ്ഥിതിക്കു് രണ്ടും കൂടി കലൎന്ന കവിതയ്ക്കുവേണ്ടി ഒരു ഭാഷ സൃഷ്ടിക്കയേ നിവൃത്തിയുള്ളല്ലൊ. ഇതാണ് മണിപ്രവാളഭാഷ."

മണിപ്രവാളത്തിൽ ഉണ്ടായിട്ടുള്ള കൃതികൾ നോക്കിയാൽ വ്യവസ്ഥിതമായ ഒരു രീതി കാണ്മാൻ പ്രയാസമാണ്. അവയിൽ അതതു ഗ്രന്ഥകൎത്താക്കന്മാർ അവരവരുടെ പൂൎണ്ണമായ സ്വാതന്ത്ര്യം കാണിച്ചിട്ടുണ്ടു്. എങ്കിലും കാലക്രമേണ ഭാഷയിലേ പ്രകൃതികൾക്കു് സംസ്കൃത പ്രത്യയങ്ങൾ വച്ചുകെട്ടുന്ന സമ്പ്രദായം നിലച്ചു. സംസ്കൃതവ്യാകരണത്തിൽ നല്ല നിശ്ചയമുണ്ടെങ്കിലേ അതു സാധിക്കയുള്ളു എന്നു കണ്ടപ്പോൾ സാധാരണക്കാൎക്കു വലിയ പരിഭ്രമമായിത്തീൎന്നു. കുഞ്ചി എന്ന മലയാളപദം കുഞ്ചിഭി: എന്നുപയോഗിക്കേണ്ട പോലെ തന്നേ മററു വിഭക്തിസംബന്ധം കാണിക്കുന്നതിനായി കുഞ്ചയ: എന്നും കുഞ്ചേ: എന്നും മററും ഉപയോഗിക്കണമെന്നു വന്നപ്പോൾ ഈ വക വ്യാകരണവൈഷമ്യങ്ങൾ വേണ്ടെന്നു വയ്ക്കുന്നതിൽ ആൎക്കും വൈമനസ്യമുണ്ടായില്ല.

മറിച്ചുള്ള സമ്പ്രദായം അതായതു് സംസ്കൃതപ്രകൃതികൾക്കു് ഭാഷാവ്യാകരണപ്രകാരം രൂപഭേദം വരുത്തുന്നതു് സൎവ്വസാധാരണമായിത്തീൎന്നു. 'മദ്ധ്യേ മദ്ധ്യേ സംസ്കൃതവിഭക്തിരൂപങ്ങളേയും, ക്രിയാപദങ്ങളേയും, അവ്യയങ്ങളേയും പ്രയോഗിക്കാമെന്നും ഏൎപ്പാടു ചെയ്തു.' ദ്രാവിഡഭാഷകൾ പ്രായേണ ഈ സമ്പ്രദായം സ്വീകരിച്ചു. തമിഴമാത്രമേ ഇക്കാൎയ്യത്തിലല്ലും

പിന്നോക്കം നിൽക്കുന്നുള്ളു. മണിപ്രവാളത്തിന്റെ ലക്ഷണങ്ങളെപ്പററി സവിസ്തരം പ്രതിപാദിക്കുന്ന ഒരു വ്യാകരണഗ്രന്ഥവും അക്കാലത്തുതന്നേ രചിതമായിട്ടുണ്ട്. ചമ്പുഗ്രന്ഥങ്ങളും മററും നല്ലപോലെ ഗ്രഹിക്കുന്നതിന് ഈ 'ലീലാതിലകം' എന്ന വ്യാകരണം വളരെ വിലയേറിയതാണ്. ഇതിനെപ്പററി തിരുമനസ്സിലെ വ്യാകരണത്തിൽ ചുരുക്കമായി പ്രസ്താവിച്ചുകാണുന്നുണ്ട്. ഈ വ്യാകരണം മിസ്റ്റർ കൃഷ്ണപ്പിഷാരടി ഒരു നിരൂപണരൂപമായ അവതാരികയോടുകൂടി പ്രസിദ്ധപ്പെടുത്തിട്ടുണ്ടെന്നുള്ളതും ഇവിടെ പ്രസ്താവയോഗ്യമാണ്.

### 3. ലിംഗപ്രത്യയങ്ങൾ.

സംസ്കൃതത്തിലും, അതിനോടു സംബന്ധപ്പെട്ട മററു ഭാഷകളിലും നാമശബ്ദങ്ങൾക്ക് ലിംഗപ്രത്യയം ചേർക്കുന്ന കാര്യത്തിൽ ഒരു വലുതായ ന്യൂനത കാണുന്നുണ്ട്. സചേതനങ്ങൾക്കെന്നപോലെതന്നെ അചേതനങ്ങളായ ശബ്ദങ്ങൾക്കും പുംസ്ത്രീഭേദം കല്പിച്ച് ലിംഗ വ്യവസ്ഥ ചെയ്തിരിക്കുന്നതാണ് ഈ ന്യൂനത. ആര്യന്മാരുടെ അഗാധമായ മനോധർമ്മം തന്നെയാണ് ഇതിനു കാരണമെന്ന് പ്രസിദ്ധ ശബ്ദശാസ്ത്രകാരനായ കാൾഡ്വെൽ അഭിപ്രായപ്പെടുന്നു. ദ്രാവിഡവംശക്കാർ ഇക്കാര്യത്തിൽ വളരെ പിന്നോക്കമാണത്രെ! എങ്ങനെ എങ്കിലും അവരുടെ ഭാഷകളിൽ ലിംഗ വ്യവസ്ഥ അർത്ഥമനുസരിച്ചാകയാൽ വളരെ സയുക്തികമായിരിയ്ക്കുന്നുണ്ട്. 'വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങൾ തുടങ്ങിയ ജന്തുക്കൾപോലും ഭാഷയിൽ നപുംസകലിംഗമാണ്.'

ആദിമകാലത്ത് ദ്രാവിഡഭാഷകളിലും ലിംഗപ്രത്യയങ്ങൾ ഉണ്ടായിരുന്നതായി തെളിയുന്നില്ല. സർവ്വനാമങ്ങൾ തേഞ്ഞുമാഞ്ഞതാണ് പ്രത്യയങ്ങളുണ്ടായത്. തമിഴിലെ ദേവു, ഇറൈ (ദേവൻ, രാജാവ്) എന്ന ശബ്ദങ്ങൾ നോക്കിയാൽ ഇതു തെളിയുന്നതാണ്. ഇപ്പോഴും ഞായർ, തിങ്കൾ (സൂര്യൻ, ചന്ദ്രൻ) എന്നിങ്ങനെ നാം നിത്യം ഉപയോഗിച്ചുവരുന്ന ചില ശബ്ദങ്ങളിലും ലിംഗപ്രത്യയങ്ങൾ കാണുന്നില്ലല്ലോ. ഇങ്ങനെ കുറെ കാലമിരുന്നതിന്റെ ശേഷം ഭാഷയിൽ ലിംഗവ്യവസ്ഥ ഉണ്ടായതായി വിചാരിക്കണം. ഇതെങ്ങനെ എന്നു നോക്കാം. മൂപ്പ് എന്ന ശബ്ദം ആദിയിൽ മൂപ്പുള്ള പുരുഷനേയും, സ്ത്രീയേയും മൂപ്പ് എന്ന ഭാവനാമത്തേയും ആവശ്യംപോലെ കുറിച്ചിരുന്നു. ഇപ്പോഴും നാം മൂപ്പിൽ നിന്ന്, മൂപ്പീന്ന്, മൂപ്പിലെ എന്നൊക്കെ പറയാറുണ്ടല്ലൊ. ലിംഗവ്യവസ്ഥ ഏർപ്പെട്ടതിനു ശേഷമാണ് മൂപ്പൻ മുതലായ രൂപങ്ങൾ ആവിർഭവിച്ചതു്.

ഭാഷയിലുണ്ടായിട്ടുള്ള ലിംഗപ്രത്യയങ്ങളുടെ ചരിത്രവും പുതിയ കേരളപാണിനീയത്തിൽ സംക്ഷേപിച്ച് പ്രതിപാദിച്ചിട്ടുണ്ട്. 'ആൺ' എന്ന ശബ്ദരൂപം തന്നെയാണ് 'അൻ' എന്ന പുല്ലിംഗപ്രത്യയമായിപ്പരിണമിക്കുന്നതു്. ദ്രാവിഡഗോത്രത്തിലുൾപ്പെട്ട 'കു' എന്ന ഭാഷയിൽ 'ആ ആണ്, എന്നതിന് ആ പുരുഷൻ എന്നർത്ഥമാണ്. നമ്മുടെ ഭാഷയിൽ 'ആണ്' എന്നായതു് ഉച്ചാരണസൗകര്യം പ്രമാണിച്ചു മാത്രമാണ്. ണകാരത്തിന് നകാരം ആദേശം വന്നതാണ്. ഇങ്ങനെ 'ആൻ' എന്നായി. ആശാൻ, വാധ്യാൻ എന്ന ഉദാഹരണങ്ങൾ

കാൺക. ഇതു് ഹ്രസ്വമായിട്ടു് 'അൻ' എന്നായിത്തീൎന്നു.

അപ്രകാരംതന്നെ 'ആ ആലു' (ആ സ്ത്രീ) എന്ന 'കു' ഭാഷയിലെ ആലു തന്നെയാണു് 'ആൾ' എന്നും പിന്നീടു് 'അൾ' എന്നും ഉള്ള സ്ത്രീലിംഗപ്രത്യയമായിത്തീൎന്നിതു്. ഇപ്പോൾ 'ആൾ' എന്നതു് സ്ത്രീ പുരുഷ സാമാന്യവാചകമായിത്തീൎന്നിട്ടുണ്ടെങ്കിലും, ആദികാലത്തു് അതു് സ്ത്രീവാചകം മാത്രമായിരുന്നു എന്നൂഹിപ്പാൻ 'സുന്ദരിയാൾ' 'അന്നനടയാൾ' മുതലായ പ്രയോഗങ്ങൾ നല്ല തെളിവായിരിക്കുന്നു. മലയാളത്തിൽ 'ഇ' എന്ന വേറൊരു പ്രത്യയം കൂടി സ്ത്രീലിംഗത്തെ കുറിയ്ക്കാൻ നാം കാണുന്നുണ്ടല്ലൊ. ഇതു് സംസ്കൃതത്തിൽ നിന്നു വന്നതായിരിക്കുമെന്നാണു് തിരുമേനിയുടെ അഭിപ്രായം. 'സംസ്കൃതത്തിൽ കൎത്രീ' മനസ്വിനീ ഇത്യാദികളിൽ കാണുന്ന 'ഈ' എന്ന സ്ത്രീ പ്രത്യയം മലയാളപ്പെടുത്തി 'ഇ' എന്നാക്കിയെന്നുമാത്രം ഭേദം. ദോഷി, കള്ളി, മിടുക്കി, മുട്ടി ഇത്യാദി ഭാഷാനാമങ്ങളിലും 'ഇ' പ്രത്യയം ഉപയോഗിച്ചു വരാറുണ്ടെങ്കിലും, സംസ്കൃത നാമങ്ങളിലാണു് അതിനു് അധികം പ്രചാരം. തകാരം ചേൎന്ന 'തി' എന്ന സ്ത്രീലിംഗപ്രത്യയം ദ്രാവിഡം തന്നെ. തെലുങ്കിൽ ഇതാണു് മിക്ക നാമങ്ങളിലും സ്ത്രീപ്രത്യയം. ഒരുവൻ, ഒരുത്തി, കുറവൻ, കുറത്തി ഇത്യാദികളിൽ 'തി' പ്രത്യയം ദ്വിതപത്തോടെ തമിഴ മലയാളങ്ങളിലും സാധാരണയാണു്.

ഇനി നമ്മുടെ ഭാഷയിലെ ഒട്ടനേകം നപുംസക നാമങ്ങളിൽ കണ്ടുവരുന്ന 'അം' എന്ന പ്രത്യയത്തെപ്പറ്റിയാണു് പറവാനുള്ളതു്. ഇതൊരു ലിംഗപ്രത്യയം തന്നെയൊ എന്നാദ്യമായി വിചാരണ ചെയ്യേണ്ടിയിരിക്കുന്നു. കാഡ്വെൽ സായ്പിന്റെ അഭിപ്രായം ഇതൊരു അംഗപ്രത്യയം മാത്രമാണെന്നാണു്. തിരുമേനി 'അം' എന്നുള്ളതു് ലിംഗപ്രത്യയം തന്നെഎന്നു് സയുക്തികമായി പുതിയ കേരളപാണിനീയത്തിൽ സമൎത്ഥിച്ചിട്ടുണ്ടു്.

### 4. വചനപ്രത്യയങ്ങൾ.

മലയാള ഭാഷ സംസ്കൃതത്തിൽ നിന്നു ഭിന്നമായിരിക്കുന്നു എന്നുള്ളതിലേക്കു് ലിംഗവ്യവസ്ഥയിൽ കാണുന്ന അന്തരങ്ങൾ മതിയായ തെളിവുകളാണെന്നു് മുൻപു പറഞ്ഞുവല്ലോ. വചനവ്യവസ്ഥ നോക്കുകയാണെങ്കിലും ഈ വ്യത്യാസം കാണാവുന്നതാണു്. ഒന്നാമതായി ദ്വിവചനം നമ്മുടെ ഭാഷയിൽ ഇല്ല. നപുംസകശബ്ദങ്ങൾക്കു് സംഖ്യാവാചകമായവിശേഷണപദമുള്ളപ്പോൾ ബഹുവചനപ്രത്യയം ചേൎക്കേണ്ട ആവശ്യമേ ഇല്ല. പത്തു കല്ലുകൾ, ആയിരം തേങ്ങകൾ എന്നൊക്കെ ഇപ്പോഴും, സംസ്കൃതപക്ഷപാതികളായ മലയാളികളും ഉപയോഗിച്ചു വരുന്നുണ്ടെങ്കിലും, അനാവശ്യമാണു്.

വ്യാകരണം പഠിച്ചാലെ നല്ലപോലെ എഴുതാൻ സാധിക്കു എന്നു പറവാൻ പാടില്ലെങ്കിലും, ഈ പരിജ്ഞാനക്കുറവു നിമിത്തം എന്തെല്ലാം ഗോഷ്ഠികൾ നമ്മുടെ ഗ്രന്ഥകാരന്മാർ കാട്ടികൂട്ടുന്നുണ്ടെന്നു് ഇക്കാലത്തുണ്ടായിട്ടുള്ള അസംഖ്യം പുസ്തകങ്ങൾ വെളിവാക്കുന്നുണ്ടു്. ഭാഷയിൽ പുരുഷന്മാരും സ്ത്രീകളും കൂടിയുണ്ടാകുന്ന ബഹുത്വത്തെ കുറിപ്പാനുള്ള അലിംഗബഹുവചനത്തെപ്പററി ചിലർകേട്ടിട്ടുപോലുമില്ലെന്നു തോന്നുന്നു. പരിചയം കൊണ്ടു മാത്രം ചിലപ്പോൾ ഇങ്ങനെയുള്ള പ്രയോഗങ്ങൾ ശരിയായിക്കാണുന്നുണ്ടു്.

മിടുക്കന്മാരും മിടുക്കത്തികളും ചേൎന്നആളുകളെപ്പററി പൊതുവായിപ്പറയുമ്പോൾ 'മിടുക്കർ' എന്ന അലിംഗബഹുവചനം ഉപയോഗിക്കണമെന്ന് നല്ല മലയാളികൾ പോലും ധരിക്കാത്തതു് കഷ്ടം തന്നെ!

പുതിയകേരള പാണിനീയത്തിൽ വചനപ്രത്യയങ്ങളെ സംബന്ധിച്ച് വിശേഷ വിധിയായിപ്പറഞ്ഞിട്ടുള്ളതു് സർവ്വനാമങ്ങളുടെ കാൎയ്യത്തിലാണു്.

'ഞങ്ങൾ' എന്ന ബഹുവചനം എങ്ങനെ കിട്ടിയെന്നു നോക്കാം. ഏകവചനത്തിൽ ഇതിൻെറ ആദിരൂപം 'എൻ' എന്നായിരുന്നു. സ്വരാദിശബ്ദങ്ങളിൽ 'യ' ചേൎക്കുന്ന തമിഴസമ്പ്രദായമനുസരിച്ച് ഈ രൂപം 'യാൻ' എന്നുമാറി. യകാരസ്ഥാനത്തു് 'നകാരം' ചേൎന്നിട്ട് 'നാൻ' എന്നായി. പിന്നീട്ട് നെരുക്കം ഞെരുക്കം ആകുംപോലെ'നാൻ' 'ഞാൻ' ആയി. ഇതിൻെറ ബഹുവചനം ഞാൻ+കൾ-ഞങ്ങൾ എന്നായിത്തീൎന്നു. പഴയരൂപത്തിൻെറ ബഹുവചന രൂപമായ 'എങ്ങൾ ' ഇപ്പോൾ നീചഭാഷയിൽ മാത്രമെ നടപ്പുള്ളു. 'നാൻ'-എന്ന മറെറാരു രൂപത്തിൽനിന്ന് 'നാം' എന്നൊരു ബഹുവചനവും കൂടി ഉണ്ടായി. ശ്രോതാവിനേയും വക്താവിനേയും കുറിക്കുന്ന ഈ സൎവ്വനാമം നമ്മുടെ ഭാഷയുടെ ഒരു വിശേഷ ലക്ഷണമെന്നു തന്നേ പറയേണ്ടിയിരിക്കുന്നു.

വചനപ്രത്യയങ്ങളെപ്പററി പ്രതിപാദിക്കുന്ന കൂട്ടത്തിൽ സൎവ്വനാമങ്ങളുടെ ചരിത്രവും സംക്ഷിപ്തമായി നൽകീട്ടുണ്ട്. അവയെല്ലാം ചുട്ടെഴുത്തുകളായ അ, ഇ, ഉ, എ, എന്ന മൂലസ്വരങ്ങളിൽ നിന്നും ഉത്ഭവിച്ചവയാണ്. ഇവയിൽ 'അ' ദൂരത്തിരിക്കുന്നതിനേയും 'ഇ' അടുത്തതിനേയും 'ഉ' മദ്ധ്യേ ഉള്ളതിനേയും കുറിക്കുന്നു. 'എ' ചോദ്യംചെയ്യുന്നതാണ്. ഇങ്ങനെ മൂലസ്വരങ്ങളെത്തന്നെഅൎത്ഥമാക്കി നോക്കി സൎവ്വനാമങ്ങളാക്കിച്ചമച്ചതിൻെറ മെച്ചം എല്ലാ ഭാഷാശാസ്ത്രകാരന്മാരും സമ്മതിച്ചിട്ടുണ്ട്.'

'അ' ദൂരപരാമൎശകവും, 'ഇ' ആസന്നപരാമൎശകവും ആയാൽ, ഇവയിൽനിന്നും മുറയ്ക്കുവന്നിട്ടുള്ള 'ഞാൻ' 'നീ' എന്ന സൎവ്വനാമങ്ങളുടെ അൎത്ഥം യോജിക്കുമോ എന്നൊരു സംശയത്തിനവകയുണ്ട്. പക്ഷെ, നാം 'ഇജ്ജനം' 'ഇയ്യാൾ' എന്നെല്ലാം ഉത്തമപുരുഷനെ ആണല്ലൊ പറഞ്ഞുവരാറുള്ളതു്. അതുപോലെ 'അങ്ങ്' 'അവിടുന്നു' മുതലായവ മദ്ധ്യപുരുനേയും കുറിക്കുന്നു എന്ന് സംശയ നിവൃത്തി വരുത്താവുന്നതാണ്. 'ഉ' മദ്ധ്യേയുള്ളതിനെയാണു കുറിക്കുന്നതു്. ഇതു് തമിഴിൽ അപൂൎവ്വവും, മലയാളത്തിൽ ലുപ്തപ്രചാരവും ആണ്. ലോപിച്ചു പോകാനുള്ള കാരണം ദൂരെത്തേടേണ്ടതില്ല. അടുത്തുള്ളതിനേയും അകന്നുള്ളതിനേയും പോലെ നടുക്കുള്ളതിനെപ്പററി പറവാനുള്ള ആവശ്യം വരികയില്ലല്ലൊ. 'എ, എന്നചോദ്യ സൎവ്വനാമത്തിന് 'ഏ' എന്നു ദീൎഘമായും യകരം ചേൎന്ന്'യാ' എന്നും രണ്ടു രൂപങ്ങൾ കൂടിയുണ്ട്. ഇവയെല്ലാം സംസ്കൃതത്തിലെ യച്ഛബ്ദത്തിൻെറ സ്ഥാനം വഹിക്കുന്നു എന്നു തന്നെ പറയാം. മററു സർവ്വനാമങ്ങളെപ്പററി അധികമൊന്നും പറവാനില്ലാത്തതിനാൽ ചുരുക്കുന്നു. 'ഒരു' എന്നുള്ള സംഖ്യാഭേദകത്തേയും സൎവ്വനാമമാക്കുകയാണ് നല്ലതെന്നു തിരുമേനി അഭിപ്രായപ്പെടുന്നു. 'ചെന്നൊരു നേരത്തു്' 'മറെറാരു പരിഷകൾ' എന്നിങ്ങനെ ഏകവചനത്തിലും ബഹുവചനത്തിലും ഉള്ള

പ്രയോഗങ്ങളും എടുത്തു കാണിച്ചിട്ടുണ്ട്.

5. വിഭക്തിപ്രത്യയങ്ങൾ

സംസ്കൃതത്തിൽ സംബോധനരൂപം ഉൾപ്പെടെ എട്ടു വിഭക്തികളാണല്ലോ ഉള്ളതു്. ദ്രാവിഡ ഭാഷകളിൽ ആദ്യമായി വ്യാകരണ ഗ്രന്ഥം ഉണ്ടായതു് തമിഴിലാണെന്നു തീർച്ചപ്പെടുത്തുന്ന പക്ഷം, അതിലും സംസ്കൃതമനുസരിച്ചു് പ്രധാനമായി ഏഴുവിഭക്തികളാണു കാണുന്നതു്. മലയാള വ്യാകരണത്തിലും ആകയാൽ വിഭക്തികളുടെ ഈ സംഖ്യയും പേരുകളും കാണുന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. 'മുമ്പേ പോയവർ വല്ല കാരണവശാലും ഒരു കുഴിയിൽ വീണു എന്നു വച്ചിട്ടു് പിമ്പേ വരുന്നവരും ആ കുഴിയിൽ തന്നേ വീഴുകയോ അതോ തങ്ങൾക്കപകടം സംഭവിക്കാതെ കരുതുകയോ വേണ്ടതു്'? ആകയാൽ തിരുമനസ്സുകൊണ്ടു് സധൈര്യം മാമൂലിനെ ഭഞ്ജനം ചെയ്തു് ഈ വിഷയത്തിൽ വേണ്ട വ്യവസ്ഥ ഏർപ്പെടുത്തിയതു് നമുക്കൊരു വലിയ അനുഗ്രഹമായി വിചാരിയ്ക്കേണ്ടതാണു്.

സംഖ്യ എന്തായാലും മാറേറണ്ട എന്നു തിരുമേനി വിചാരിച്ചതും നന്നായി. ഇതു് മലയാളികളുടെ മനസ്സിൽ ദൃഢമൂലമായിത്തീർന്നിട്ടുള്ള സ്ഥിതിയ്ക്കു അതു് സ്വീകരിയ്ക്കുയാണല്ലോ ഉത്തമം. എന്നാൽ ഒന്നാമത്തെ, രണ്ടാമത്തെ, എന്നിങ്ങനെ ക്രമവാചകശബ്ദങ്ങൾ ഉപയോഗിച്ചിട്ടു കാര്യമില്ലെന്നും പല തെററായ ധാരണകൾക്കും ഇടയാകുമെന്നും വിചാരിച്ചിട്ടു് പുതിയ പേരുകൾ നൽകിയിരിക്കുന്നു. പ്രത്യയങ്ങൾ നോക്കിയാണു് ഇവയെ തീർച്ചപ്പെടുത്തിട്ടുള്ളതു്. പ്രകൃതിയിൽ നിന്നു് പിരിച്ചുപയോഗിപ്പാൻ പാടില്ലാത്തവയാണല്ലോ പ്രത്യയങ്ങൾ. അങ്ങനെ ആകുമ്പോൾ 'അവനെക്കൊണ്ടു്' എന്നതിൽ പ്രത്യയം ഏതാണു്? 'കൊണ്ടു്' എന്നുള്ളതല്ല തീർച്ചതന്നെ. അതിനുമുമ്പിലിരിക്കു 'എ' ആണു് വാസ്തവത്തിലുള്ള പ്രത്യയം. അല്ലാതെ ബാലപ്രബോധനത്തിലെ 'തൃതീയാ ഹേതുവായിക്കൊണ്ടാലോട്ടു ടേതിചക്രമാൽ' എന്ന നിയമങ്ങൾ ഭാഷയ്ക്കും യോജിപ്പിക്കുന്നതു് അബദ്ധമാണു്. 'എന്നെയും നിന്നെയും കൊണ്ടു്' എന്നുള്ളതിനു് ആകപ്പാടെ ഒരു വിഭക്തിരൂപം നൽകുന്നതെന്തിനു്? എന്നു മനസ്സിലാകുന്നില്ല. 'കൊണ്ടു്' മുതലായ ശബ്ദങ്ങൾക്കു് ഈ ഘട്ടങ്ങളിൽ സ്വതെയുള്ള അർത്ഥമല്ലെന്നു സമ്മതിക്കാമെങ്കിലും, ഇനിയും അവ പ്രത്യയങ്ങളുടെ നിലയിൽ ആയിട്ടില്ല. അവ ഒരു വക അവ്യയങ്ങളായിത്തന്നെയാണു് ഇരിക്കുന്നതു്. സംസ്കൃതത്തിൽ ഈവക അവ്യയങ്ങൾക്കു് 'കർമ്മപ്രവചനീയം' എന്നും ഇംഗ്ലീഷിൽ Preposition എന്നും പേരുകൾ ഉള്ളതുപോലെ ഭാഷയിൽ അവയ്ക്കു് 'ഗതികൾ' എന്നൊരു പേർ നൽകാവുന്നതാണെന്നും തിരുമേനി അഭിപ്രായപ്പെടുന്നു. ആകയാൽ ശരിയായ പ്രത്യയങ്ങൾ കണക്കാക്കി നോക്കുകയാണെങ്കിൽ, ആറെണ്ണത്തിനേ വകയുള്ളു. ഇവയോടു കൂടി പ്രത്യയമൊന്നുമില്ലാത്ത പ്രഥമയെക്കൂടിച്ചേർക്കുമ്പോൾ ഏഴു വിഭക്തി പ്രത്യയങ്ങളുണ്ടെന്നു വരുന്നു. ഇവയ്ക്കു് 'ഏതെങ്കിലും ഒരു നാമത്തേ നിർദ്ദേശിക്കുക മാത്രം ചെയ്യുക' എന്നിത്യാദി മുറപ്രകാരം അർത്ഥസംഘടിതങ്ങളായ നിർദ്ദേശിക മുതലായ പേരുകളും കല്പിച്ചു.

മലയാളത്തിലെ വിഭക്തിപ്രത്യയങ്ങൾ ഏതെല്ലാമെന്നും അവയിൽ ചിലതു് പ്ര

യോഗിയ്ക്കേണ്ടതെങ്ങനെ എന്നുംമററും പ്രസ്താവിച്ചല്ലൊ. ഇവിടെ ഈ പ്രത്യയങ്ങളുടെ ആഗമത്തെക്കുറിച്ചാണ് വിചാരണചെയ്യുന്നതു്. പ്രതിഗ്രാഹികയുടെ പ്രത്യയമായ 'എ' എങ്ങനെ ഉണ്ടായി എന്നു തെളിവായി നിർണ്ണയിച്ചിട്ടില്ല. പ്രാചീന കർണ്ണാടകത്തിൽ 'അം' എന്നാണു കാണുന്നതു്. ഇതിലേ അനുസ്വാരം പോയിട്ടു് 'അ' എന്നായതു്, മലയാളത്തിൽ 'എ' എന്നും തമിഴിൽ 'ഐ' എന്നും ആയതാണെന്ന് ദ്രാവിഡശബ്ദശാസ്ത്രപണ്ഡിതനായ കാൾഡ്വെൽ സായ്പ് അഭിപ്രായപ്പെടുന്നു. 'അം' ചുട്ടെഴുത്തിന്റെ ക്ലീബരൂപമാണല്ലൊ. അതിനാൽ അചേതനധർമ്മസൂചകമായ കർമ്മത്വം സൂചിപ്പിക്കാൻ ഈ പ്രത്യയത്തിന് സ്വരൂപയോഗ്യതയുണ്ടെന്നാണ് യുക്തി. തിരുമേനിയുടെ അഭിപ്രായത്തിൽ ഈ പ്രത്യയം 'അൻ' എന്ന പുല്ലിംഗപ്രത്യയം തേഞ്ഞുമാഞ്ഞുണ്ടായതാണെന്നാണ്. ആദികാലത്തു് ഭാഷയിൽ ലിംഗഭേദം ഉണ്ടായിരുന്നിരിയ്ക്കാൻ തരമില്ലെന്നു പറഞ്ഞുവല്ലൊ. കടൻ, ഫലൻ എന്നൊക്കെ തമിഴിൽ ഇപ്പോഴും പ്രയോഗങ്ങളുണ്ടു്. ക്രുവളത്തിൻവേരു് ക്രുവളത്തുംവേരു എന്നുച്ചരിക്കുന്നതു സാധാരണമാകയാൽ 'അൻ' 'അം' എന്നായിത്തീരാൻ എളുപ്പമുണ്ടു്. ഈ യുക്തി സ്വീകരിക്കുന്ന പക്ഷം മരത്തെ മരത്തിൽ മുതലായ വാക്കുകളിൽ കാണുന്ന 'ത്താ' ദേശം എങ്ങനെ വന്നു എന്ന് സമർത്ഥിയ്ക്കുയും ചെയ്യാം.

സംയോജികാപ്രത്യയമായ 'ഒടു' എന്നതു് ഒട്ടുക എന്നകൃതിരൂപത്തിൽ നിന്നും ഉത്ഭവിച്ചതാണ്. നമ്മുടെ 'തൊടുക' എന്നുള്ളവാക്കും ഇതിനോടു സംബന്ധപ്പെട്ടതാണെന്ന് വ്യക്തമാകുന്നുണ്ടല്ലൊ. തെലുങ്കിൽ ഈ പ്രത്യയം 'തൊട്ടു' എന്നാണ്.

ഉദ്ദേശികയുടെ പ്രത്യയമായ 'ക്കു' എല്ലാദ്രാവിഡ ഭാഷകളിലും പ്രായേണ തുല്യമായിത്തന്നെ ഇരിക്കുന്നു. 'ക' കാരത്തിനു പകരം 'ന' കാരം വരുന്നതു് ഭാഷയുടെ സമ്പ്രദായമനുസരിച്ചാണ്. അതു മനസ്സിലാക്കാതെ ഗുണ്ടർട്ട് സായ്പ് നാമങ്ങളേ 'കു' വക 'നു' വക എന്നു തരം തിരിച്ചതു് പ്രമാദം തന്നേ എന്നു പറയേണ്ടിയിരിക്കുന്നു.

പ്രയോജികയുടെ പ്രത്യയമായ 'ആൽ' തമിഴിലേ 'കാൽ' (തോടു്) എന്നവാക്കിൽനിന്നും ഉത്ഭവിച്ചതാണെന്നു കാൾഡ്വെൽ അഭിപ്രായപ്പെടുന്നു. ഗുണ്ടർട്ടിന്റെ അഭിപ്രായത്തിൽ 'ആവുക' എന്ന ക്രിയയുടെ 'ആകൽ' എന്ന കൃതികൃദ്രൂപത്തിൽനിന്നാണ് ഇതിന്റെ ഉൽപ്പത്തി.

ഈ വിഭക്തി പ്രത്യയങ്ങളുടെ ചരിത്രം സംക്ഷേപമായി വിവരിച്ചിട്ടുള്ളതാണു പുതിയ കേരളപാണിനീയത്തിന്റെ ഒരു വിശിഷ്ടലക്ഷണം. അതു വിവരിയ്ക്കുന്നതിനു മുമ്പായി മലയാളികളിൽ പലരും തെററായി ഉപയോഗിച്ചു വരുന്ന പ്രതിഗ്രാഹിക വിഭക്തിയുടെ പ്രയോഗത്തെപ്പററി രണ്ടു വാക്കുപറവാനുണ്ടു്. അചേതനങ്ങളായ വസ്തുക്കളെക്കുറിക്കുന്ന നപുംസകനാമങ്ങളിൽ പ്രതിഗ്രാഹികാവിഭക്തി പ്രയോഗിക്കാതെ തന്നേ അതിന്റെ അർത്ഥമായ കർമ്മസംബന്ധത്തിന് പ്രതീതി വന്നുകൊള്ളും. വെള്ളം കുടിയ്ക്കുന്നു, പുസ്തകം വായിയ്ക്കുന്നു എന്നല്ലാതെ നല്ല മലയാളികൾ പറയാറില്ല. മലയാളികളല്ലാത്തവർ താഴ്ന്ന ക്ലാസുകളിൽ ബാല

രെ ഭാഷ പഠിപ്പിയ്ക്കുമ്പോൾ ഇതിനു നേരെ വിപരീതമായി പറഞ്ഞുകൊടുക്കുന്നതു് ഞാൻ കേട്ടിട്ടുണ്ടു്. രാമസ്വാമി മരം മുറിയ്ക്കുന്നു എന്നും കോടാലി മരത്തെ മുറിയ്ക്കുന്നു എന്നും വ്യാകരണം പഠിയ്ക്കാത്ത മലയാളികൾപോലും ശരിയായി ഉപയോഗിക്കുന്ന സ്ഥിതിയ്ക്കു്, എപ്പൊഴാണു് പ്രത്യയം വേണ്ടതു്, എപ്പോൾ വേണ്ട എന്നൊക്കെ നിയമങ്ങൾ മുമ്പിൽ വച്ചുകൊണ്ടു് എഴുതുകയും സംസാരിയ്ക്കുയും ആവശ്യമില്ലാത്തതാകുന്നു. വിപരീതമാർഗ്ഗത്തിൽ പരിചയിച്ചു വന്നിട്ടുള്ളവർ, ക്രിയാപദവും കർമ്മപദവും തനിമലയാളമായി വരുന്നിടത്തു് കർമ്മ വിഭക്തി ഒരിയ്ക്കലും പ്രയോഗിയ്ക്കരുതു് എന്നു് ഓർമ്മവച്ചാൽ കൊള്ളാം. ബാലന്മാർ രാവിലെ എഴുന്നേററു കാലിനേയും മുഖത്തേയും കഴുകണം എന്നു പറഞ്ഞാൽ നമുക്കു് എന്തു് അസ്വാരസ്യം തോന്നുന്നതായിരിക്കും? എന്നാൽ സ്നാനത്തേയും ആഹാരത്തേയും നിവർത്തനം ചെയ്യു എന്നു സംസ്കൃതവുംകൂട്ടിച്ചേർത്തു പറയുന്നതായാൽ, ആ അസ്വാരസ്യം അത്ര ശോഭിക്കയില്ല. കുറിച്ചു്, പററി, കാൾ, പോലെ മുതലായ ചില ഗതികൾക്കു മുമ്പു് കർമ്മവിഭക്തി പ്രയോഗിയ്ക്കണം എന്നും മററുമുള്ള നിയമങ്ങൾ പരിചയം കൊണ്ടറിഞ്ഞുകൊള്ളേണ്ടതാണു്.

സംബന്ധികാപ്രത്യയമായ ഉടെ 'ഉട' എന്ന കൃതിയുടെ പേരെച്ചരൂപത്തിൽ നിന്നും ഉണ്ടായതാണു്. "അവനുടയപടജ്ജനംചഘോരം" എന്നും മററും കവികൾ ഈ പദത്തേ സ്വതന്ത്രപദമായും പ്രയോഗിക്കാറുണ്ടു്. അതു് എന്ന സർവ്വനാമത്തിൽ നിന്നുമാണു് ഈ പ്രത്യയമുണ്ടായതെന്നു് കാൾഡ്വെല്ലും കൂട്ടരും വളരെ ബുദ്ധിമുട്ടി പ്രതിപാദിച്ചിട്ടുള്ളതു് അബദ്ധമാണെന്നാണു് തിരുമേനിയുടെ അഭിപ്രായം.

ഗൃഹം എന്നർത്ഥമായ ഇല്ലം എന്ന ശബ്ദം തന്നെയാണു് ആധാരികയുടെ 'ഇൽ' പ്രത്യയമായിത്തീർന്നിട്ടുള്ളതു്. ഇടത്തിൽ എന്നുകൂടി തമിഴർ ഉപയോഗിച്ചുവരുന്നു. 'കൽ' പ്രത്യയം കാൽ എന്നതിൻെറ ഹ്രസ്വമാണെന്നു് യൂറോപ്യവൈയാകരണന്മാർ പറയുന്നു. തിരുമേനിയുടെ അഭിപ്രായത്തിൽ തമിഴിലേ കൺ (സ്ഥലം, ഇടം) എന്ന പ്രത്യയത്തിൻെറ രൂപമായിരിപ്പാനാണിടയെന്നാണു്.

'ഗതിക'ളേ (prepositions)പ്പററി മുൻപു പറഞ്ഞുവല്ലൊ. ഗതിചേർന്നു വിഭക്തിപ്രത്യയം വരുമ്പോൾ ഭ്രമിച്ചുപോകാനിടയുണ്ടു്. അങ്ങനെയായാൽ മിശ്രവിഭക്തിയാക്കാം എന്നാണു് തിരുമേനിയുടെ അഭിപ്രായം. പക്ഷേ ഗതികളുടെ വ്യൽപ്പത്തിപ്രകാരം ഏതേതു വിഭക്തിക്കു് ആകാംക്ഷ വരുന്നുവോ അതിനു് ആ വിഭക്തി ചേർത്തുകൊള്ളണം. കർമ്മമുള്ളതെങ്കിൽ പ്രതിഗ്രാഹിക, ആധാരമുള്ളതെങ്കിൽ ആധാരിക, ഇങ്ങനെക്രമം. പുത്രനോടുകൂടെ വരുന്നു. വൃക്ഷത്തിൽനിന്നു വീഴുന്നു. എന്നിങ്ങനെയുള്ള ഉദാഹരണങ്ങൾ ഇതു വിശദമാക്കും.

പ്രത്യയത്തിനും ഗതിയ്ക്കും പുറമേ, മൂലം, നിമിത്തം ഇത്യാദിപദങ്ങളോടു സമാസിപ്പിച്ചും വിഭക്ത്യർത്ഥം ഉണ്ടാക്കാം. ഉദാഹരണം—അതുമൂലം, അതു നിമിത്തം, ഇത്യാദി. ഇവയ്ക്കു് സമാസവിഭക്തികൾ എന്നു പേർ നൽകാം.

## 6. കാലപ്രത്യയങ്ങൾ

**പോ**കുന്നു, വരുന്നു, ചെയ്യുന്നു, ഇത്യാദിക്രിയാരൂപങ്ങളിൽ കാണുന്ന കാലപ്ര

ത്യയം എങ്ങനെ ഉണ്ടായതാണ്? ഇതൊരു വാദവിഷയമാണ്. യൂറോപ്യൻ ദ്രാവിഡഭാഷാവിജ്ഞാനിയായ കാൾഡ്‌വെൽസായ്പിന്റെ അഭിപ്രായം തിരുമനസ്സിലേയ്ക്കു സമ്മതമായിട്ടില്ല. പോകിറാൻ, നടക്കിറാൻ എന്നൊക്കെ തമിഴിൽ കാണുന്ന രൂപങ്ങൾ പോകുന്നു, നടക്കുന്നു എന്നെല്ലാം ഭാഷയിൽ നാം ഉപയോഗിയ്ക്കുന്നുണ്ടല്ലോ. തമിഴിൽ പോകിറാൻ എന്നും പോകിൻറാൻ എന്നും രണ്ടു രൂപങ്ങളുണ്ട്. 'ഇറാൻ' അല്ലെങ്കിൽ 'ഇൻറാൻ' എന്നതിൽനിന്നുമാണ് നമ്മുടെ 'ഉന്നു' എന്ന പ്രത്യയമുണ്ടായതെന്നുള്ളതു് നിരാക്ഷേപമായ സംഗതിയാണ്. പൻറി പന്നിയാകുംപോലെ അനുനാസികാതിപ്രസരത്താൽ 'ഇൻറു' 'ഇന്നു' ആകുന്നു. 'ഇ' കാര 'ഉ' കാരങ്ങൾക്കു് വ്യത്യയം ധാരാളമാകയാൽ 'ഇന്നു' എളുപ്പത്തിൽ 'ഉന്നു' എന്നു മാറുകയുംചെയ്യും.

തമിഴിൽ രണ്ടുരൂപങ്ങളുണ്ടെന്നു പറഞ്ഞുവല്ലോ. ഏതിൽനിന്നാണ് നമ്മുടെ പ്രത്യയം ഉണ്ടായതു്? കിൻറു, കിറു ആയിത്തീൎന്നു എന്നാണ് സായ്പന്മാരുടെ അഭിപ്രായം. തിരുമേനി മറിച്ചാണ് അഭിപ്രായപ്പെടുന്നതു്. അനുനാസികത്തിന്റെ സംസൎഗ്ഗമാണ് പരിത്യാഗമല്ല, തമിഴിൽ പതിവു്. കുറു, കുൻറു ആയതും, മൂരു മൂൻറു ആയതും എല്ലാവൎക്കും സമ്മതമാണല്ലോ. 'ക്' എന്നഭാവി പ്രത്യയത്തിന്റെമേൽ 'ഇൻറു' ചേൎന്നിട്ടു പിന്നീടു് പുരുഷപ്രത്യയം ചേൎക്കുമ്പോൾ ഒരു കോമാളിരൂപമാണു കിട്ടുന്നതു്. ആകയാൽ തിരുമേനി വേറൊരു ആഗമം കണ്ടുപിടിയ്ക്കുന്നു. തമിഴിൽ 'ഇറ' എന്നൊരു ധാതുവുണ്ടു്. അതിനു കാലത്തിന്റെ പോക്കു് എന്നൎത്ഥം. സംസ്കൃതക്കാർ ഭവൽക്കാലത്തിന് വൎത്തമാനം എന്നു സംജ്ഞചെയ്തതുപോലെ തമിഴർ ഭൂതകാലത്തിന് 'ഇറന്തകാലം' എന്നുപേർ കൊടുത്തിരിയ്ക്കുന്നു. ഇറന്തതു ഭൂതമാണെങ്കിൽ ഇറകിൻറതു വൎത്തമാനകാലമാകണമല്ലോ. അതുകൊണ്ടു് തമിഴിൽ വൎത്തമാനകാലം കുറിയ്ക്കുന്നതിനു വൎത്തമാനകാലാൎത്ഥകമായ 'ഇറ' ധാതുവിന്റെ അനുപ്രയോഗമാണ്. ക് എന്നതു വെറും ഇടനിലയായി വിചാരിച്ചാൽ മതി. അനുനാസികസംസൎഗ്ഗത്താൽ 'ഇറ' ഇൻറ' യായിത്തീരുന്നു. മലയാളത്തിൽ ഈ പ്രത്യയത്തിന്റെ അവസാനത്തിൽ കാണുന്ന 'ഉ' കാരം അവധാരകഭാവിയുടെ പ്രത്യയമാണ്. ഈ വിധത്തിൽ നമ്മുടെ 'ഉന്നു' ഉണ്ടായി.

ഭൂതകാലത്തിന് ഇ, തു എന്നു രണ്ടു പ്രത്യയങ്ങളാണ് എല്ലാ പ്രധാന ദ്രാവിഡഭാഷകളിലും കാണുന്നതു്. ഇതുരണ്ടും ഏറെക്കുറെ ഒന്നിച്ചു ചേൎന്നാണ് കാണുന്നതു്. ആകയാൽ 'ഇതു' എന്ന പ്രത്യയം കല്പിക്കയാണ് നല്ലതു് എന്നു തിരുമേനി അഭിപ്രായപ്പെടുന്നു. ഈ പ്രത്യയം 'ഇതു' എന്ന ചുട്ടെഴുത്തിന്റെ നപുംസകൈകവചനരൂപംതന്നേ ആയിരിക്കാൻ ഇടയുണ്ടു്. പക്ഷേ സന്നിഹിതവാചിയായ ഈ സർവനാമം വൎത്തമാനത്തെ ആണല്ലോ കുറിയ്ക്കേണ്ടതു്, എന്നൊരാക്ഷേപത്തിനവകയുണ്ടു്. അതിനും തിരുമേനി യുക്തിപൂൎവമായ സമാധാനം പറയുന്നുണ്ടു്. ദ്രാവിഡഭാഷയിൽ വൎത്തമാനകാലം ആദ്യമില്ലായിരുന്നു എന്നും ആയതു് ഇടക്കാലത്തു് ഇറ, ഉൾ മുതലായ ധാതുക്കളുടെ അനുപ്രയോഗംകൊണ്ടു് കുൎവന്നസ്മി (I am doing) എന്നു സംസ്കൃതത്തിലുള്ള മട്ടിൽ ഉണ്ടായതാണെന്നും അദ്ദേഹം സമൎത്ഥിയ്ക്കുന്നു. അതിനാൽ വൎത്തമാനകാലമില്ലാഞ്ഞിട്ടാണ് സ

ന്നികൃഷ്ടവാചിയായ സവ്നാമത്തേ ആ കാലം കുറിയ്ക്കുന്നതിനുപയോഗിക്കാത്തതു്. ദ്രാവിഡരുടെ ദൃഷ്ടിയിൽ ഭൂതകാലമൊന്നുമാത്രമേ സിദ്ധവും പരിച്ഛിന്നവും പ്രത്യക്ഷാനുഭവഗോചരവും ആയിട്ടുള്ളു. അതുകൊണ്ടു് ആ കാലത്തേ അവർ 'ഇതു' എന്നു വ്യവഹരിച്ചു. ദൂരസന്നിഹിതമായ ഭാവിയേ 'ഉതു' കൊണ്ടു പരാമർശിച്ചു. സീമരേഖയായ വത്തമാനത്തേ 'അതു' എന്ന പരോക്ഷസവ്വനാമത്തിന് വാച്യമാക്കിത്തള്ളി. ഇങ്ങനെ അ, ഇ, ഉ എന്ന ചുട്ടെഴുത്തുകളെത്തന്നേ ദ്രാവിഡർ ആദികാലത്തു് കാലചിഹ്നങ്ങളാക്കി ഉപയോഗിച്ചു എന്നു തെളിയിക്കാൻ നല്ല ന്യായം കാണുന്നുണ്ടു്. സകലത്തിനും സവ്വനാമങ്ങളെ ആധാരമാക്കിക്കൊണ്ടു് ഉൽപ്പത്തി കണ്ടുപിടിക്കാൻ ശ്രമിക്കുന്ന കാഡ്വെൽസായ്പ് ഇക്കായ്യത്തിൽമാത്രം അങ്ങനെ വേണ്ടെന്നുവച്ചതു് അത്ഭുതമായിരിക്കുന്നു!

# ഗ്രന്ഥനിരൂപണം.

## കൈപ്പററി.

1. കരുണയും കുചേലവൃത്തവും.

ഗ്രന്ഥകത്താ, ആയ്യഭടൻ, അമ്പലപ്പുഴ. മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ "സഹൃദയ" ലേഖനത്തിൻെറ ഒരു നിരൂപണം. ജയരാം പ്രിൻടിങ് വക്ക്സ്, ആലപ്പുഴ. വില കാണുന്നില്ല.

2. കിരാതാജ്ജുനീയ വ്യായോഗം.

ഗ്രന്ഥകത്രി, പാലിയത്തു് ഓമനക്കുഞ്ഞമ്മ. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻെറ സംസ്കൃതകൃതി പരിഭാഷപ്പെടുത്തിയതു്. കേരളോദയം അച്ചുക്കൂടം, തൃശ്ശിവപേരൂർ.

3. കാഞ്ചന സൌധം.

4. ധമ്മവിജയം.

ആഖ്യായിക. മേല്പാൽ എം. എൻ കേശവപിള്ള എഴുതിയതു്. വിദ്യാത്ഥി ജീവിതവും അതിലുള്ള ആദശങ്ങളും പ്രതിപാദിക്കുന്ന ഒരു സരസ കഥാഗ്രന്ഥം.

## അഭിപ്രായങ്ങൾ.

### ഇരവിക്കുട്ടിപ്പിള്ള.

ഞങ്ങൾ കൈപ്പററിയതായിപ്പറഞ്ഞിരുന്ന ഈ കൃതി മി. വി. നീലകണ്ഠപ്പിള്ള എഴുതിയിട്ടുള്ള ഒരു ഗദ്യനാടകമാകുന്നു. വേലുത്തമ്പി ദളവാ, ഉഷ മുതലായി ഇത്തരത്തിൽ മുമ്പുതന്നെ പ്രശസ്തങ്ങളായ ഗ്രന്ഥങ്ങൾ രചിച്ചു് ഭാഷാസാഹിത്യത്തിൽ ഗണനീയനായിത്തീന്നിട്ടുള്ള മിസ്റ്റർ. പിള്ളയുടെ ഈ നാടകവും വായനക്കാരുടേയും അതഭിനയിച്ചുകാണുവാൻ ഇടയാകുന്ന പ്രേക്ഷകന്മാരുടേയും ശ്ലാഘയെ അഹിക്കുന്നതാണു്. എന്തെന്നാൽ കഥാബന്ധത്തിൽ വരുത്തീട്ടുള്ള ആശാസ്യങ്ങളായ ഭേദഗതികളും, കഥാപാത്രങ്ങളുടെ സംഭാഷണത്തിലുള്ള തന്മയത്വവും, ആ

ദ്യന്തം ശോഭിക്കുന്ന ഫലിത പ്രയോഗങ്ങളും, രസാനുഗുണമായ ദശാവിശേഷഘടനകളും, ലളിതമായ ഭാഷാരീതിയും എല്ലാംകൂടിച്ചേൎന്ന് സൌഭാഗ്യപ്രദമായ ഒരാഹ്ലാദം വായനക്കാരിലും ശ്രോതാക്കളിലും ജനിപ്പിക്കുന്നതിന് ഈ ഗദ്യനാടകം സമൎത്ഥമായിരിക്കുന്നു. ദേശാഭിമാനദ്യോതകവും, പൌരുഷമയവും ആയ ഇത്തരം ഗദ്യനാടകങ്ങൾ ഉണ്ടാകുന്നതു് ഭാഷാസാഹിത്യത്തിന്റെ ശോഭനമായ ഭാവിയെ നിൎദ്ദേശിക്കുന്നു എന്നു നിസ്സംശയം പറയാം.

P. A. P.

## ഈശാവാസ്യോപനിഷത്തു്

ദശോപനിഷത്തു വ്യാഖ്യാന പരമ്പരയുടെ പ്രഥമസമ്പുടമായ ഈശാവാസ്യത്തിൽ മന്ത്രാൎത്ഥവ്യാഖ്യാനങ്ങൾക്കു പുറമെ വ്യാഖ്യാതാവായ ഡാക്ടർ എൽ. ഏ. രവിവൎമ്മ കോയിൽത്തമ്പുരാന്റെ മനോധൎമ്മവിജൃംഭിതമായ ഭാവപ്രകാശങ്ങളും അടങ്ങിയിരിക്കുന്നു. ആധുനികശാസ്ത്രതത്വങ്ങൾക്കനുരൂപമായി മന്ത്രങ്ങളുടെ അൎത്ഥം ചിലടത്തുവ്യാഖ്യാനിച്ചിട്ടുള്ളതു് ഒരു മെച്ചമായി എടുത്തു പറയാവുന്നതാണ്. ഉദ്യോഗ സംബന്ധമായ അനവധി കൃത്യങ്ങൾ നിൎവഹിക്കാനുള്ളതിനിടയ്ക്കു പരോപകാരപ്രദമായ ഈ അദ്ധ്യാത്മജ്ഞാനവിതരണവുംകൂടി പ്രസ്തുത പുസ്തക സഞ്ചികമൂലം കൈയ്യേററിരിക്കുന്ന തമ്പുരാനവൎകളുടെ മഹാമനസ്കത എത്ര പുകഴ്ത്തിയാലും അധികമായിപ്പോകുന്നതല്ല.

എന്നാൽ ഡാക്ടർ തമ്പുരാനെന്നല്ല, ഈ വിധത്തിൽ ഉപനിഷത്തുകൾ വ്യാഖ്യാനിക്കാൻ തുടങ്ങുന്ന എല്ലാവൎക്കും തന്നെ ഒരു മുൻകരുതലുണ്ടായിരിക്കേണ്ടതാവശ്യമാണ്. ദേശകാലങ്ങൾക്കും ജനങ്ങളുടെ പരിഷ്കാരാഭിവൃദ്ധിക്കും അനുരൂപമായ വ്യാഖ്യാനമാണ് വേണ്ടതു്. അൎത്ഥം മാററിപ്പറയണമെന്നല്ല ഞങ്ങൾ സിദ്ധാന്തിക്കുന്നതു്. പിന്നെയോ ഭാവപ്രകടനം കഴിയുന്നത്ര സ്വതന്ത്രമായിരുന്നാൽ കൊള്ളാമെന്നാണ്. മോക്ഷം പാരത്രികമാക്കാതെ നിവൃത്തിയുള്ളിടത്തോളം ഐഹികമാക്കുന്നതു് സമസ്തലോകൎക്കും ഉപകാരപ്രദമായിരിക്കും. ഈ കാൎയ്യം സാധിക്കാൻ ഉപനിഷത്തോളം പററിയ മാൎഗ്ഗമില്ല എന്നു്, ഈശാവാസ്യത്തിലെ അവസാന മന്ത്രം ഒരു പ്രത്യക്ഷതെളിവാണല്ലൊ.

"അഗ്നേ! നയ സുപഥാ
രായേ അസ്മാൻ വിശ്വാനി ദേവ.

എന്നു തുടങ്ങുന്ന ആ മന്ത്രത്തിന്റെ വ്യാഖ്യാനം കുറെക്കൂടി വലുതാക്കി ഹിന്ദുക്കൾക്കും, ക്രിസ്ത്യാനികൾക്കും, മഹമ്മദീയൎക്കും, എന്നുവേണ്ട ഏതു മതവിശ്വാസികൾക്കും അംഗീകരിക്കാവുന്ന ഒരു ഉത്തമപ്രാൎത്ഥനയാണെന്നുകൂടി കാണിക്കാമായിരുന്നു. അടുത്ത സമ്പുടങ്ങളിൽ ഇക്കാൎയ്യം ഓൎമ്മിച്ചാൽ കൊള്ളാം. ഇത്തരം പ്രസാധനങ്ങൾ ഏറെറടുത്തു നടത്തുന്നതിൽ ഏറിയ കാലമായി പരിശ്രമിച്ചു പോരുന്ന തിരുവനന്തപുരം ബി. വി. ബുക്ക് ഡിപ്പോക്കാരുടെ ഈദൃശശ്രമം ആത്മജ്ഞാനസമ്പാദനത്തിന് ഏററവും ഉപകരിക്കുമെന്നു വിശ്വസിക്കുന്നു.

—Ed.

# പത്രാധിപക്കുറിപ്പുകൾ.

[ഏഴാം ലക്കം മിഥുനമാദ്യം പ്രസിദ്ധപ്പെടുത്തുന്നതാകയാൽ പ്രതിപാദ്യവിഷയങ്ങൾക്ക് കാലാതിപാതദോഷശങ്കയ്ക്കവകാശമില്ല.—Ed.]

## മഹാരാജാവു തിരുമനസ്സിലെ തിരിച്ചെഴുന്നെള്ളത്ത്.

നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ടു് അമ്മമഹാറാണിതിരുമനസ്സും ഇളയ മഹാരാജാവു തിരുമനസ്സും ഒരുമിച്ച് ഡെൽഹിയിൽനിന്നും തിരിച്ചെഴുന്നെള്ളിയിരിക്കുന്ന വൎത്തമാനം അത്യന്തം ആഹ്ലാദപ്രദമായിട്ടുള്ളതാണ്. എന്തെന്നാൽ ഈ രാജകീയ യാത്ര തിരുവിതാംകൂറിന്റെ പ്രശസ്തിയ്ക്കും, ഭവിഷ്യശ്രയസ്സിനും പര്യാപ്തമായിട്ടുള്ളതാണ്. ഉദ്യോഗമൊഴിഞ്ഞുപോകുന്ന വൈസറായിയ്ക്കു യാത്രപറയുകയും, പുതിയ വൈസറായിക്കു സ്വാഗതം നൽകുകയും ഇങ്ങനെ രണ്ടു മഹാകാൎയ്യങ്ങൾ സാധിച്ചതിനു പുറമെ ബ്രിട്ടീഷ് ചക്രവൎത്തിയിൽ നിന്നും ലഭിച്ച ബിരുദാനുരൂപങ്ങളായ മുദ്രകളും മററും സ്വീകരിച്ചതിനു ശേഷം സസുഖം സ്വരാജ്യത്ത് തിരിച്ചെത്തിയിരിക്കുന്ന തിരുമനസ്സിലേയ്ക്കു മംഗളാശംസ ചെയ്യുന്നതിന് സഹൃദയക്കുണ്ടായ ഭാഗ്യം ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

## രക്ഷാധികാരിയുടെ സുഖക്കേട്.

സഹൃദയയുടെ രക്ഷാധികാരിമാരിലൊരാളായ സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള അവൎകൾ രോഗബാധിതനായി ആശുപത്രിയിൽ കിടക്കയാണല്ലൊ. ശസ്ത്രക്രിയയ്ക്കു ശേഷമുണ്ടായ ശരീരാസ്വാസ്ഥ്യം അദ്ദേഹത്തെ നന്നെ ക്ലേശിപ്പിച്ചു എങ്കിലും, സമൎത്ഥന്മാരായ ഭിഷഗ്വരന്മാരുടേയും, അശ്രാന്തശുശ്രൂഷ ചെയ്തുവരുന്ന ബന്ധുജനങ്ങളുടേയും സഹായത്താൽ സുഖക്കേടിനു വളരെ ഭേദമുണ്ടായിരിക്കുന്നു. അദ്ദേഹം അചിരേണ പൂൎണ്ണസുഖം പ്രാപിക്കുന്നതിന് സഹൃദയലോകം സൎവ്വേശ്വരനെ പ്രാൎത്ഥിക്കുന്നു.

## അഭിഷ്യന്നയുദ്ധം.

സഹൃദയയുടെ പ്രഥമലക്കത്തിൽ സൂചിപ്പിച്ചിരുന്നതു പോലെ യുദ്ധമുണ്ടാവുകയും ഏഴാംലക്കത്തിനുമുമ്പ് കലാശിക്കയും ചെയ്തു. ഇററലി ജയഭേരിമുഴക്കിക്കൊണ്ടു് കീഴടങ്ങിയതായിപ്പറയുന്ന എത്യോപ്യാരാജ്യത്തിന്റെ തലസ്ഥാനത്തു പ്രവേശിക്കുന്നതിനു മുമ്പുതന്നെ അവിടത്തെ ചക്രവൎത്തി കുടുംബസമേതം രാജ്യംവിട്ടു് ഓടിപ്പോയി. ഇപ്പോൾ ഇംഗ്ലണ്ടിൽച്ചെന്നു താമസിക്കുന്നുവത്രെ! അമ്പോ! എത്ര പെട്ടെന്നു് ആ സാധുവിനു സിംഹാസനം നഷ്ടമായി. ഇനി ശാന്തിയെ ഭജിക്കയല്ലാതെ ഗത്യന്തരമില്ലെന്നാണു വന്നിരിക്കുന്നത്. പരിഷ്കാരം പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്നു എന്നു പറയുന്നവരോടു 'കൈയ്യൂക്കുള്ളവൻ കാൎയ്യക്കാരൻ' എന്ന പഴമൊഴി തന്നെയാണ് ഇപ്പോഴും അതിന്റെ ആദൎശം എന്നു നിൎദ്ദേശിക്കാതിരിപ്പാൻ നിവൃത്തിയില്ല. സാഹിത്യം, ചിത്രമെഴുത്തു, കൊത്തുപണി മുതലായ ഹൃദ്യകലകളിൽ അദ്വിതീയ വൈദുഷ്യം സമ്പാദിച്ചിരുന്ന ഇററലി തന്നെയാണ് തുല്യബലമില്ലാത്ത

അഭിഷ്യന്നരാജ്യത്തെ കീഴടക്കിയിരിക്കുന്ന തെന്നു പറഞ്ഞാൽ ആധുനികപരിഷ്കാരം താരതമ്യേന എത്രകണ്ടു വിശേഷപ്പെട്ടതാണെന്നു തീച്ച്യയാക്കാം. അഥവാ ശാസ്ത്രാഭ്യുദയത്തിൽ സാഹൃദയലോകം മൂകാവസ്ഥയെ പ്രാപിക്കുകയായിരിക്കും നല്ലതു്.

## സാഹിത്യകാരന്റെ ചരമം

ആധുനികാംഗ്ലേയസാഹിത്യകാരന്മാരിൽ ഒരു അത്യുന്നതപദവിയെ അർഹിച്ചിരുന്ന ജി. കെ. ചെസ്റ്റർട്ടൻ പരലോകപ്രാപ്തനായി എന്നറിഞ്ഞു് സഹൃദയ ഖേദിക്കുന്നു. ഗദ്യത്തിലിത്ര പ്രൌഢമായും ശക്തിമത്തായും തൂലിക പ്രയോഗിക്കുന്നതിന് അധികം പേരുണ്ടെന്നുതോന്നുന്നില്ല. ലോകമാകപ്പാടെ സ്പർശിക്കുന്ന വിഷമ പ്രശ്നനങ്ങൾ അദ്ദേഹത്തിന്റെ ആഗാധചിന്തയെ അർഹിച്ചിരുന്നതിന്റെ ഫലമായി ഒന്നാംതരം ലേഖനങ്ങൾ ലണ്ടൻ ചിത്രപത്രികയിലും മററും പലപ്പൊഴും എഴുതീട്ടുള്ളതു കണ്ടിട്ടുണ്ടു്.

ആഖ്യായികാലോകത്തിൽ ചെസ്റ്റർട്ടന് നൽകീട്ടുള്ള സ്ഥാനം പ്രത്യേകമൊന്നാണു്. അവിടേയും തന്റെ സ്വതന്ത്രചിന്തകൾ ഉത്തേജിപ്പിക്കുന്നതിന് നല്ല അവസരം ലഭ്യമായി. സൂക്ഷ്മമായിപരിശോധിച്ചാൽ അദ്ദേഹത്തിന്റെ ആഖ്യായികകൾ വ്യംഗ്യവസ്തുപ്രധാനങ്ങൾ (allegorical) എന്നു കാണാം. കൂടാതെ ലഘുകാവ്യങ്ങളും ഏതാനും നാടകങ്ങളും അദ്ദേഹം എഴുതീട്ടുണ്ടു്. മേല്പറഞ്ഞ സ്വതന്ത്രമനോഗതി അവയിലെല്ലാം ഒരു വിശിഷ്ടലക്ഷണമായി പരിലസിക്കുന്നു. ആകപ്പാടെ നോക്കുന്നതായാൽ ഇംഗ്ലീഷ് സാഹിത്യത്തിൽ അനശ്വരമായ കീർത്തി സമ്പാദിച്ചിട്ടുള്ള ഒരു മഹാനായിരുന്നു ചെസ്റ്റർട്ടൺ എന്നു സംശയലേശംകൂടാതെ പറയാവുന്നതാണു്.